പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 61 ലക്കം 5 ആഗസ്റ്റ് 2021

ജനാധികാരം വെന്നിക്കൊടി പാറിച്ച കാലം

പിണറായി വിജയൻ

നവകേരളത്തിനായി ജനകീയാസൂത്രണം

എം.വി. ഗോവിന്ദൻ മാസ്റ്റർ

ജനകീയാസൂത്രണം 25 വർഷം പിന്നിടുമ്പോൾ

ഡോ. ടി.എം. തോമസ് ഐസക്

ജനകീയാസൂത്രണവും സ്ത്രീപദവിയും

വികേന്ദ്രീകൃതാസൂത്രണത്തിന്റെ കാൽനൂറ്റാണ്ടും ആരോഗ്യരംഗവും

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ അകറ്റി നിർത്തുക പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്
ആഗസ്റ്റ് 2021

അകത്ത്

ജനാധികാരം
വെന്നിക്കൊടി പാറിച്ച കാലം
പിണറായി വിജയൻ 5

നവകേരളത്തിനായി
ജനകീയാസൂത്രണം
എം.വി. ഗോവിന്ദൻ മാസ്റ്റർ 10

ജനകീയാസൂത്രണം
25 വർഷം പിന്നിടുമ്പോൾ
ഡോ. ടി.എം. തോമസ് ഐസക് 15

ജനകീയാസൂത്രണവും
സ്ത്രീപദവിയും
ഡോ. പി.എസ്. ശ്രീകല 19

വികേന്ദ്രീകൃതാസൂത്രണത്തിന്റെ
കാൽനൂറ്റാണ്ടും ആരോഗ്യരംഗവും
ഡോ. സി.കെ. ജഗദീശൻ 21

പ്രാദേശിക ഭരണത്തിന്റെ
കാൽ നൂറ്റാണ്ട്
കേരള വികസന റിപ്പോർട്ട് - 2021
ഹുസൈൻ എം. മിന്നത്ത് 26

ജനകീയാസൂത്രണം
ഒരു അനുഭവസാക്ഷ്യം
ആർ. ശിവരാജൻ 31

മഹാമാരിക്കാലത്തെ
ഓണം
തുളസി കേരളശ്ശേരി 35

ചിങ്ങമാസ ചിന്തകളിലൂടെ
മനസ്സുകൊണ്ടൊരു സഞ്ചാരം
മുരളീധരൻ തഴക്കര 41

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34
എന്റെ മലയാളം 38
ഊരും പേരും -14 40
എന്ന് വായനക്കാർ 42

പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 61 ലക്കം 5 ആഗസ്റ്റ് 2021

ജനാധികാരം വെന്നിക്കൊടി പാറിച്ച കാലം

പിണറായി വിജയൻ

നവകേരളത്തിനായി ജനകീയാസൂത്രണം

എം.വി. ഗോവിന്ദൻ മാസ്റ്റർ

ജനകീയാസൂത്രണം 25 വർഷം പിന്നിടുമ്പോൾ

ഡോ. ടി.എം. തോമസ് ഐസക്

ജനകീയാസൂത്രണവും സ്ത്രീപദവിയും

വികേന്ദ്രീകൃതാസൂത്രണത്തിന്റെ കാൽനൂറ്റാണ്ടും ആരോഗ്യരംഗവും

PANCHAYAT RAJ (Monthly) August 2021
Annual Subscription ₹120, Published on 20 August 2021

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20



Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: H. Dineshan IAS

ആഗസ്റ്റ് 2021
പുസ്തകം 61 ലക്കം 5
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എം.വി. ഗോവിന്ദൻ മാസ്റ്റർ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

രജതജൂബിലി നിറവിൽ ജനകീയാസൂത്രണം

ലോകത്തിന് മാതൃകയായ ജനാധികാരമുന്നേറ്റത്തിന് തിരിതെളിഞ്ഞിട്ട് കാൽനൂറ്റാണ്ട് പൂർത്തിയായിരിക്കുന്നു. പ്രാദേശികാസൂത്രണ പ്രക്രിയയിൽ ഏറ്റവും താഴെത്തട്ടിലെ ജനങ്ങൾക്കും പങ്കാളിത്തം നൽകിക്കൊണ്ട് അന്നുവരെ നിലനിന്നിരുന്ന വികസനസമീപനങ്ങൾക്ക് ഒരു പൊളിച്ചെഴുത്തായിരുന്നു 1996-ൽ കേരളം നടപ്പാക്കിയ ജനകീയാസൂത്രണപ്രസ്ഥാനം. ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതമായി നൽകുവാനുള്ള വിപ്ലവകരമായ തീരുമാനവും അന്നത്തെ സർക്കാർ കൈക്കൊണ്ടു. തനത്ഫണ്ട് മാത്രം വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പദ്ധതിനടത്തിപ്പിനായി സർക്കാരിന്റെ വാർഷിക പദ്ധതി അടങ്കലിന്റെ വലിയൊരുഭാഗം കൈമാറിക്കിട്ടിയത് പ്രാദേശികവികസന പ്രക്രിയയ്ക്ക് പുതിയ മാനം നൽകി.

കഴിഞ്ഞസർക്കാരിന്റെ കാലത്ത് ജനകീയാസൂത്രണം രണ്ടാംഘട്ടത്തിന്റെ ഭാഗമായി നവകേരള നിർമ്മിതിക്കായി നാല് മിഷനുകൾ രൂപീകരിച്ചു. അതിന്റെ ഭാഗമായി ഭവനരഹിതരായ രണ്ടര ലക്ഷത്തിലധികം പേർക്ക് ഭവനം നിർമ്മിച്ചു നൽകി. ആരോഗ്യമേഖലയെയും പൊതുവിദ്യാഭ്യാസ മേഖലയെയും ലോകോത്തര നിലവാരത്തിലേക്കുയർത്തി. പരിസ്ഥിതിസംരക്ഷണം, മാലിന്യസംസ്കരണം, ജലസംരക്ഷണം, നദികളുടെയും തോടുകളുടെയും സംരക്ഷണം തുടങ്ങി പ്രധാന മേഖലകളിലെല്ലാം തന്നെ വലിയതോതിൽ മാറ്റങ്ങളുണ്ടാക്കി. ഈ മാറ്റങ്ങൾക്കെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പങ്ക് നിസ്തുലമായിരുന്നു എന്ന് എടുത്തുപറയേണ്ടതുണ്ട്.

പുതിയ സർക്കാരും വികസന-ക്ഷേമകാര്യങ്ങളിലും പ്രാദേശികവികസന സമീപനത്തിലും മുൻസർക്കാരിന്റെ നയങ്ങൾ തന്നെയാണ് തുടർന്നുവരുന്നത്. അതിദാരിദ്ര്യനിർമ്മാർജ്ജനം സർക്കാരിന്റെ മുഖ്യലക്ഷ്യമായി പ്രഖ്യാപിച്ചിരിക്കുന്നു. സമ്പൂർണ്ണ ശുചിത്വകേരളവും സർക്കാർ ലക്ഷ്യമിടുന്നു. അർഹരായവർക്ക് വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിലേക്കായി തദ്ദേശഭരണസ്ഥാപനങ്ങളുടെ പൂർണ്ണമായ ഇടപെടൽ അനിവാര്യമാണ്. ജനകീയാസൂത്രണപ്രസ്ഥാനത്തിൽ നിന്ന് ആർജ്ജിച്ചെടുത്ത കരുത്തുമായി മഹാപ്രളയങ്ങളെയും മഹാമാരിയെയും പ്രതിരോധിച്ച മാതൃകയിൽ ഇക്കാര്യങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കണം. സർക്കാരും നിർവഹണ ഏജൻസികളും നൽകുന്ന നിർദ്ദേശങ്ങളനുസരിച്ച് സർക്കാർ ലക്ഷ്യമിടുന്ന നവകേരള നിർമ്മിതിക്കായി നമുക്ക് കൈകോർക്കാം. സമ്പൂർണ്ണ ശുചിത്വ കേരളം എന്ന സ്വപ്നം ഇനിയും അകലെയല്ല എന്ന് നമുക്ക് ഉറപ്പുവരുത്താം. അതിദാരിദ്ര്യം തുടച്ചുനീക്കാൻ സർക്കാരിനൊപ്പം നിൽക്കാം.

എല്ലാവർക്കും ഹൃദയംനിറഞ്ഞ ഓണാശംസകൾ

എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

"ഹിംസയിലൂടെ നേടുന്ന വിജയം വിജയമല്ല, അത് തോൽവിയാണ്. എന്തെന്നാൽ അത് വെറും നൈമിഷികം മാത്രം. "
മഹാത്മാഗാന്ധി

ജനാധികാരം വെന്നിക്കൊടി പാറിച്ച കാലം

■ **പിണറായി വിജയൻ**
മുഖ്യമന്ത്രി

ഇ.എം.എസ്. നമ്പൂതിരിപ്പാട് 1938 ജൂലൈ 12-ന് 'മാതൃഭൂമി'യിൽ എഴുതിയ "മദിരാശി ഗവൺമെന്റും പ്രാദേശിക സ്വയംഭരണവും" എന്ന ലേഖനത്തിൽനിന്ന് ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് തുടങ്ങട്ടെ."... പഞ്ചായത്തുകളുടെ രൂപീകരണം കുറേക്കൂടി പ്രജായത്തപരവും സംഘടിതവും ആക്കിത്തീർക്കാനോ അവയുടെ അധികാരപരിധി വിപുലപ്പെടുത്തി ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ അനിയന്ത്രിതാധികാരത്തെ ഒട്ടെങ്കിലും ചുരുക്കാനോ പറ്റിയ ഒരു നിയമനിർമ്മാണവും കോൺഗ്രസ് മന്ത്രിസഭയിൽനിന്നു കിട്ടിയിട്ടില്ല. കക്ഷിമത്സരങ്ങളുടെയും വ്യക്തിവിദ്വേഷങ്ങളുടെയും വിലാസരംഗമായിത്തീർന്നിട്ടുള്ള പഞ്ചായത്തുബോർഡ് തിരഞ്ഞെടുപ്പുകളെ നാട്ടുകാരുടെ ജനാധിപത്യപരമായ പുരോഗതിക്കു പ്രേരകമായ സ്ഥാപനങ്ങളാക്കി തീർക്കാനുപകരിക്കുന്ന യാതൊന്നും ഗവൺമെന്റ് ഇതുവരെ ചെയ്തിട്ടില്ല. ദയനീയമായ ഈ സ്ഥിതിക്കുള്ള ഉത്തരവാദിത്വം പൗരബോധത്തിന്റെ അഭാവവും കോൺഗ്രസ്സ് മുതലായ പ്രസ്ഥാനങ്ങളുടെ അശ്രദ്ധയും കുറച്ചൊക്കെ വഹിക്കുമെങ്കിലും പ്രധാനപങ്ക് ഗവൺമെന്റിനു തന്നെയാണ്. ...അതിലും



1996 ആഗസ്റ്റ് 17 ന് ജനകീയാസൂത്രണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇ.എം.എസിന്റെ സാന്നിധ്യത്തിൽ അന്നത്തെ മുഖ്യമന്ത്രി ഇ.കെ. നായനാർ നിർവ്വഹിക്കുന്നു (ഫയൽ ചിത്രം)

ഗൗരവമായ ഒരു സംഗതിയാണ് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇന്നുള്ള അധികാരങ്ങളെ കുറേശ്ശെ കുറേശ്ശെയായി ചുരുക്കാൻ ഗവൺമെന്റ് ആരംഭിച്ചിരിക്കുന്നു വെന്നത്."

വിവിധ കാരണങ്ങളാൽ ഈ ഉദ്ധരണി പ്രസക്തമാണ്. ഇ.എം.എസ്. ഈ വിമർശനം നടത്തിയത് അന്ന് താൻ ഉൾപ്പെട്ട പ്രസ്ഥാനം പ്രാദേശിക സ്വയംഭരണ കാര്യത്തിൽ പ്രഖ്യാപിച്ചിട്ടുള്ള നിലപാടുകൾ ചൂണ്ടിക്കാട്ടിക്കൊണ്ടായിരുന്നു. അധികാരവികേന്ദ്രീകരണത്തിനായി വാദിക്കുമ്പോഴും അധികാരം വിട്ടുകൊടുക്കാൻ വിമുഖത പുലർത്തുകയും കൊടുത്ത അധികാരങ്ങൾ കവർന്നെടുക്കുകയും ചെയ്യുന്ന അന്നത്തെ സർക്കാരിനെതിരെയാണ് ഇ.എം.എസിന്റെ വിമർശനം. അധികാരം കൊടുക്കാതിരിക്കലും ഉള്ളതു തിരിച്ചെടുക്കലും കേന്ദ്രീകൃത അധികാരത്തിന്റെ എക്കാലത്തെയും സ്വഭാവമാണ്. മറിച്ച് സംഭവിക്കണമെങ്കിൽ അധികാരത്തിലുള്ളവർക്ക് അക്കാര്യത്തിൽ നിശ്ചയദാർഢ്യവും ഉറച്ച ഇച്ഛാശക്തിയും വേണം. ഇക്കാര്യങ്ങളെല്ലാം ഇന്നും പ്രസക്തമാണ്.

ഈ ഉദ്ധരണി വ്യക്തമാക്കുന്ന മറ്റൊരു കാര്യം കൂടിയുണ്ട്. അധികാരവികേന്ദ്രീകരണ കാര്യത്തിൽ കേരളപ്പിറവിക്ക് മുമ്പു തന്നെ ഇ.എം.എസിന് കൃത്യവും വ്യക്തവുമായ കാഴ്ചപ്പാട് ഉണ്ടായിരുന്നു എന്നതാണത്. അതുകൊണ്ടുതന്നെയാണ് 1957-ൽ അധികാരത്തിൽ വന്ന ആദ്യമന്ത്രിസഭ ഭരണപരിഷ്ക്കാരത്തിന് മുഖ്യമന്ത്രിയെത്തന്നെ അദ്ധ്യക്ഷനാക്കി കമ്മിറ്റി രൂപീകരിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ 1958-ൽ അവതരിപ്പിച്ച അധികാരവികേന്ദ്രീകരണനിയമം രാജ്യത്ത് ഉണ്ടായതിൽവച്ച് ഏറ്റവും സമഗ്രവും തനതുമായിരുന്നു. എന്നാൽ, അതു നടപ്പാക്കാൻ കഴിയും മുമ്പ് വിമോചനസമരത്തിലൂടെ ആ സർക്കാർ പിരിച്ചുവിടപ്പെട്ടു.

1987-ലെ നായനാർ മന്ത്രിസഭ നടപ്പാക്കിയ ജില്ലാ കൗൺസിലുകളായിരുന്നു ഈ നിലയ്ക്കു മാറ്റമുണ്ടാക്കിയ മറ്റൊരു സുപ്രധാന ചുവടുവയ്പ്പ്. 1991-92-ലെ വാർഷികപദ്ധതിയിൽ കൗൺസിലുകൾക്കു പ്രത്യേക വിഹിതം വകയിരുത്തുകയും ചെയ്തു. എന്നാൽ, അതിനു തുടർച്ചയുണ്ടായില്ല. ആ ഘട്ടത്തിലാണ് അധികാരവികേന്ദ്രീകരണം അനിവാര്യമാക്കിയ ഭരണഘടനയുടെ 73, 74 ഭേദഗതികൾ വരുന്നത്. എന്നാൽ, അതിന്റെ തുടർച്ചയായി സംസ്ഥാനങ്ങളിൽ നടക്കേണ്ട നിയമനിർമ്മാണത്തിൽ കേരളത്തിൽ വലിയ അമാന്തമുണ്ടായി. കേരളമാണ് ഏറ്റവും അവസാനം നിയമം പാസ്സാക്കിയ സംസ്ഥാനം.

ഈ പശ്ചാത്തലത്തിൽ അധികാരവികേന്ദ്രീകരണ നിയമത്തെക്കുറിച്ച് ഇ.എം.എസ്. അടക്കം പങ്കെടുത്ത്, കേരളത്തിലെ പ്രമുഖ പണ്ഡിതരെയെല്ലാം അണിനിരത്തി വിപുലമായ കൺവെൻഷനുകൾ കേരളത്തിൽ നടന്നു. നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ ജനകീയചർച്ചകൾക്കു വിധേയമാക്കി. എന്നാൽ ആ നിർദ്ദേശങ്ങളിൽ പലതും അന്നത്തെ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചില്ല.

1996-ൽ ഇ.കെ. നായനാർ അധികാരത്തിലെത്തിയതോടെയാണ് ഈ സ്ഥിതിക്ക് മാറ്റമുണ്ടായത്. അധികാരവികേന്ദ്രീകരണത്തിന് സമഗ്രമായ നിയമഭേദഗതികൾ നിർദ്ദേശിക്കാൻ സത്യബ്രത സെന്നിന്റെ അദ്ധ്യക്ഷതയിൽ നായനാർ സർക്കാർ കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് വരും മുമ്പുതന്നെ ഒൻപതാം പദ്ധതി ജനകീയപദ്ധതിയായി ആവിഷ്ക്കരിച്ചു നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചു. അതിന്റെ ഫലമായി ഇ.എം.എസ്. അധ്യക്ഷനായ ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതിയുടെ മേൽനോട്ടത്തിലും നേതൃത്വത്തിലും നിലവിൽ വന്ന 'ജനകീയാസൂത്രണ പ്രസ്ഥാനം ലോകത്തിനുതന്നെ മാതൃകയായി മാറി.

സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി

തുകയുടെ 40 ശതമാനവും വിവിധ വകുപ്പകളുടെ തത്തുല്യമായ പ്രവർത്തനങ്ങളും ഒറ്റയടിക്കു കീഴ്ത്തട്ടുകളിലേക്കു കൈമാറി പ്രാദേശികസർക്കാരുകൾ എന്ന ആശയം യാഥാർത്ഥ്യമാക്കാൻ അന്നത്തെ എൽ.ഡി.എഫ്. സർക്കാർ കൈക്കൊണ്ട തീരുമാനമാണ് ജനകീയാസൂത്രണം സാദ്ധ്യമാക്കിയത്. രാഷ്ട്രീയനിലപാടിന്റെയും ഇച്ഛാശക്തിയുടെയും ചരിത്രസാക്ഷ്യമായിരുന്നു അത്. അന്നുവരെ മൂവായിരമോ നാലായിരമോ രൂപ ആകെ ഫണ്ടുമായി കഴിഞ്ഞുവന്ന പഞ്ചായത്തുകൾക്ക് ജനകീയാസൂത്രണത്തോടെ ദശലക്ഷക്കണക്കിനു രൂപ പദ്ധതിവിഹിതമായി മാത്രം ലഭിച്ചു. ജീവനക്കാരുടെ ഘടന തന്നെ മാറി. ഒട്ടേറെ പുതിയ തസ്തികകൾ അവിടെ നിലവിൽ വന്നു. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി തുടങ്ങി കീഴ്ത്തട്ടിലെ സ്ഥാപനങ്ങൾ കൈമാറിയതു വഴി ലഭ്യമായ ഉദ്യോഗസ്ഥർ വേറെയും.

പലകോണുകളിൽ നിന്നും സൂക്ഷ്മമുഖവും രാഷ്ട്രീയപ്രേരിതവുമായ വിമർശനങ്ങളും ആക്ഷേപങ്ങളും അനാവശ്യവിവാദങ്ങളുമൊക്കെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് നേരെയുണ്ടായി. ഗ്രാമസഭകൾ എന്തിനാണെന്നുവരെ ചോദ്യമുണ്ടായി! വകുപ്പുകളുടെ പ്രാദേശികപ്രവർത്തനം തദ്ദേശസ്ഥാപനങ്ങൾക്കു കീഴിലാക്കുന്നതിനെ ഉദ്യോഗസ്ഥരും സംഘടനകളും എതിർത്തു. സ്വന്തം അധികാരം ഇല്ലാതാകുമോയെന്നു ഭയന്ന ജനപ്രതിനിധികൾ പോലും ഉണ്ടായിരുന്നു.

അധികാരങ്ങൾ കൊഴിച്ചുകളയുന്ന അത്യപൂർവ്വ കാഴ്ചയ്ക്കാണു അന്ന് കേരളം സാക്ഷിയായത്. തദ്ദേശഭരണ വകുപ്പ് മന്ത്രിയായിരുന്ന പാലോളി മുഹമ്മദുകുട്ടി അധികാരങ്ങൾ വിട്ടൊഴിയുന്നത് ആഹ്ലാദകരമായ പ്രവൃത്തിയായി കണ്ടു. തദ്ദേശഭരണ സ്ഥാപനങ്ങളെ പിരിച്ചുവിടാൻ സർക്കാരിന് ഉണ്ടായിരുന്ന അധികാരം ഇല്ലാതാക്കി. തദ്ദേശസ്ഥാപനങ്ങൾക്കു ധനം അനുവദിക്കുന്ന അധികാരം നിയമസഭയ്ക്കു നൽകി. ധനവിന്യാസത്തിനു കൃത്യമായ മാനദണ്ഡങ്ങളോടെ സുതാര്യമായ ഫോർമുല കൊണ്ടുവന്നു. വാർഡുകളുടെ അതിർത്തി പുനർനിർണ്ണയിക്കാനുള്ള അധികാരം സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷനു വിട്ടുകൊടുത്തു. അഴിമതി കുറയ്ക്കാൻ ഓംബുഡ്സ്മാനു രൂപം നല്കി. ഉദ്യോഗസ്ഥരെ ശിക്ഷിക്കാനുള്ള അധികാരം തദ്ദേശസ്ഥാപനങ്ങൾക്കു വിട്ടുകൊടുത്തു. ഉദ്യോഗസ്ഥ പുനർവിന്യസ നത്തിനും ഗ്രാമവികസന വകുപ്പ് തദ്ദേശഭരണവകുപ്പിൽ ലയിപ്പിക്കുന്നതിനും നടപടിയെടുത്തു. ഡി.ആർ.ഡി.എ. അടക്കമുള്ള പല അതോറിറ്റികളും നിർത്തലാക്കി. അങ്ങനെ എത്രയോ വിപ്ലവാത്മകമായ തീരുമാനങ്ങൾ.

എന്നാൽ, 2001-ൽ അധികാരത്തിലെത്തിയ സർക്കാർ ജനകീയാസൂത്രണ പ്രസ്ഥാനം അവസാനിപ്പിക്കുകയും പുതിയ പേരിലൊരു പദ്ധതി കൊണ്ടുവരികയും ചെയ്തു. തദ്ദേശഭരണ വകുപ്പ് വിഭജിച്ച് മൂന്നു മന്ത്രിമാരുടെ കീഴിലാക്കി. സന്നദ്ധ സാങ്കേതിക സമിതികൾ പിരിച്ചുവിട്ടു. ആസൂത്രണ നിർവ്വഹണങ്ങളിൽ ഉദ്യോഗസ്ഥാധിപത്യം തിരികെ കൊണ്ടുവന്നു. ജനപങ്കാളിത്തം എല്ലാതലത്തിലും ശുഷ്കമാക്കി. കുടുംബശ്രീക്കെതിരായ നീക്കങ്ങൾ പോലുമുണ്ടായി. അങ്ങനെ പലനിലയ്ക്കും ജനകീയാസൂത്രണം അക്കാലത്ത് തിരിച്ചടി നേരിട്ടു.

ഇ.എം.എസ്. നമ്പൂതിരിപ്പാട്

ഇക്കാരണങ്ങളാൽ, 2006-ൽ വീണ്ടും ഇടതുപക്ഷ സർക്കാർ അധികാരത്തിലെത്തിയെങ്കിലും ജനകീയാസൂത്രണത്തിന്റെ പദ്ധതി ആദ്യം മുതൽ തുടങ്ങേണ്ടിവന്നു. ലക്ഷ്യബോധത്തോടെ ഇതു നിറവേറ്റാനായി. ജനകീയാസൂത്രണത്തിലൂടെ വികസിച്ചുവന്നിരുന്ന നടപടിക്രമങ്ങളും ചിട്ടകളും നിയമപ്രാബല്യത്തോടെ വ്യവസ്ഥപ്പെടുത്തി. ഉദ്യോഗസ്ഥ പുനർവിന്യാസം അടക്കമുള്ള അടിസ്ഥാനകാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോയി. വിവരസാങ്കേതികവിദ്യയിലൂടെ ഭരണനിർവ്വഹണം സുഗമവും സുതാര്യവുമാക്കി. സേവനപ്രദാനത്തിൽ മുന്നേറ്റമുണ്ടാക്കി. എന്നാൽ 2011-ൽ അധികാരത്തിലെത്തിയ പുതിയ സർക്കാർ വീണ്ടും അതെല്ലാം തകർത്തു. വകുപ്പിനെ മൂന്നു മന്ത്രിമാർക്കായി പങ്കിട്ടു. പഴയതൊക്കെ ആവർത്തിക്കപ്പെട്ടു. പദ്ധതിപ്രവർത്തനം സമയത്തു പൂർത്തിയാകാതെയും പദ്ധതിപ്പണം വിനിയോഗിക്കാതെ പോകുന്ന നിലപോലും ഉണ്ടായി.

ഇത്തരമൊരു സ്ഥിതിവിശേഷത്തിലാണ് 2016-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി മന്ത്രിസഭ അധികാരമേല്ക്കുന്നത്. ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന്റെ നഷ്ടപ്പെട്ട ജനകീയപങ്കാളിത്തവും സുതാര്യതയും പുനഃസൃഷ്ടിക്കും എന്നതായിരുന്നു 2016-ലെ പ്രകടനപത്രികയിൽ ഇടതുപക്ഷം മുന്നോട്ടുവെച്ച വാഗ്ദാനം. അത് അക്ഷരംപ്രതി പാലിക്കാൻ എൽ.ഡി.എഫ്. സർക്കാരിനായി. 'നവകേരളത്തിനു ജനകീ

സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി തുകയുടെ 40 ശതമാനവും വിവിധ വകുപ്പുകളുടെ തത്തുല്യമായ പ്രവർത്തനങ്ങളും ഒറ്റയടിക്കു കീഴ്ത്തട്ടുകളിലേക്കു കൈമാറി പ്രാദേശികസർക്കാരുകൾ എന്ന ആശയം യാഥാർത്ഥ്യമാക്കാൻ അന്നത്തെ എൽ.ഡി.എഫ്. സർക്കാർ കൈക്കൊണ്ട തീരുമാനമാണ് ജനകീയാസൂത്രണം സാദ്ധ്യമാക്കിയത്. രാഷ്ട്രീയനിലപാടിന്റെയും ഇച്ഛാശക്തിയുടെയും ചരിത്രസാക്ഷ്യമായിരുന്നു അത്

യാസൂത്രണം' എന്ന ലക്ഷ്യത്തോടെയാണ 13-ാം പദ്ധതിയുടെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. ജനകീയാസൂത്രണത്തിലൂടെ വികസിപ്പിച്ച സംവിധാനങ്ങളും ജനാധിപത്യ-ജനകീയ സമ്പ്രദായങ്ങളും നിയമം മൂലം വ്യവസ്ഥപ്പെടുത്തുന്നതടക്കം ഒട്ടേറെകാര്യങ്ങളും സാദ്ധ്യമാക്കി.

പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിങ് വിഭാഗം എന്നീ വകുപ്പുകൾ ഒരു മന്ത്രിയുടെ കീഴിൽ കൊണ്ടു വന്നു. ഇവ ചേർത്ത് പ്രിൻസിപ്പൽ ഡയറക്ടർ മേധാവിയായി തദ്ദേശസ്വയംഭരണ പൊതുസർവീസ് രൂപീകരിച്ചു. ജനകീയപങ്കാളിത്ത സംഘടനാസംവിധാനങ്ങൾക്കു നിയമപരിരക്ഷ നൽകാൻ കേരളാ പഞ്ചായത്ത് രാജ്, മുനിസിപ്പൽ നിയമം ഭേദഗതി ചെയ്യാനും കേരള നഗരഗ്രാമാസൂത്രണനിയമം, 2016 സമഗ്രമായി പരിഷ്കരിക്കാനും നടപടികൾ സ്വീകരിച്ചു. നഗരസഭകൾക്കു സമാന്തരമായി പ്രവർത്തിച്ചുവന്ന അധികാരകേന്ദ്രങ്ങളായ വികസന അതോറിറ്റികളിൽ തിരുവനന്തപുരം (TRIDA), കൊച്ചി (GCDA), ഗോശ്രീ (GIDA) എന്നിവ ഒഴികെ എല്ലാം പിരിച്ചുവിട്ടു.

പദ്ധതിരൂപീകരണവും നിർവ്വഹണവും ജനാധിപത്യപരമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ അദ്ധ്യക്ഷരും വിദഗ്ദ്ധർ ഉപാദ്ധ്യക്ഷരുമായി ആസൂത്രണ സമിതികൾക്കു വ്യവസ്ഥ ചെയ്തു. സാങ്കേതിക വിദഗ്ദ്ധരെയും സാമൂഹിക പ്രവർത്തന പാരമ്പര്യമുള്ളവരെയും ഉൾപ്പെടുത്തി ജില്ലാ ആസൂത്രണസമിതികൾ പുനഃസംഘടിപ്പിച്ചു. പദ്ധതിരേഖയുടെ പരിശോധനയും അംഗീകാരം നൽകലുമടക്കം ജില്ലാപദ്ധതി തയ്യാറാക്കുന്നതിന്റെ ചുമതല ഡി.പി.സി.യിൽ നിക്ഷിപ്തമാക്കി. പദ്ധതി കാര്യങ്ങളിലെ അപ്പീൽ അതോറിറ്റിയായി ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാർ അദ്ധ്യക്ഷരും ജില്ലാകളക്ടർ സെക്രട്ടറിയും ജില്ലാ പ്ലാനിങ് ഓഫീസർ കൺവീനറുമായുള്ള കമ്മിറ്റി രൂപീകരിച്ചു. ജില്ലാപഞ്ചായത്ത്, കോർപ്പറേഷൻ എന്നിവയ്ക്കു സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റികളും വ്യവസ്ഥ ചെയ്തു.

സാമ്പത്തികവർഷത്തിനു മൂന്നുമാസം മുമ്പു പദ്ധതി തയ്യാറാക്കുന്ന രീതി നിലവിൽ വന്നു. ഇതുവഴി ചരിത്രത്തിൽ ആദ്യമായി സമഗ്രമായ ജില്ലാ പദ്ധതിരേഖകൾ തയ്യാറാക്കി. ജനറൽ പർപ്പസ് ഗ്രാന്റ് 12 ഗഡുക്കളായി മുൻകൂർ നല്കുന്ന രീതി പുനഃസ്ഥാപിച്ചു. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്,

ഇ.കെ. നായനാർ

കേന്ദ്രധനകാര്യകമ്മിഷൻ ഗ്രാന്റ് എന്നിവ മൂന്നു ഗഡുക്കളായി മുൻകൂർ നൽകി. പദ്ധതി പ്രവർത്തനം 100 ശതമാനത്തോട് അടുപ്പിക്കാൻ സാധിച്ചു.

ജനകീയാസൂത്രണ കാലത്തെപ്പോലെ

> പദ്ധതിരൂപീകരണവും നിർവ്വഹണവും ജനാധിപത്യപരമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ അദ്ധ്യക്ഷരും വിദഗ്ദ്ധർ ഉപാദ്ധ്യക്ഷരുമായി ആസൂത്രണ സമിതികൾക്കു വ്യവസ്ഥ ചെയ്തു. സാങ്കേതിക വിദഗ്ദ്ധരെയും സാമൂഹിക പ്രവർത്തന പാരമ്പര്യമുള്ളവരെയും ഉൾപ്പെടുത്തി ജില്ലാ ആസൂത്രണസമിതികൾ പുനഃസംഘടിപ്പിച്ചു. പദ്ധതിരേഖയുടെ പരിശോധനയും അംഗീകാരം നൽകലുമടക്കം ജില്ലാപദ്ധതി തയ്യാറാക്കുന്നതിന്റെ ചുമതല ഡി.പി.സി.യിൽ നിക്ഷിപ്തമാക്കി.

റോഡ്, പശ്ചാത്തല സൗകര്യങ്ങൾ എന്നിവയ്ക്ക് പരമാവധി പരിധിയും, ഉത്പാദനമേഖലയ്ക്കു കുറഞ്ഞ പരിധിയും നിശ്ചയിച്ചു. അവശ്യഘട്ടങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾക്ക് സർക്കാർ ഗ്യാരന്റിയോടെ വായ്പയെടുക്കാൻ അനുവാദം നല്കുന്ന രീതിക്ക് ലൈഫ് അടക്കമുള്ള പദ്ധതികളിലൂടെ തുടക്കംകുറിച്ചു. 194 തസ്തിക സൃഷ്ടിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എഞ്ചിനീയർമാരുടെ സേവനവും ഒഴിവുകൾ സമയബന്ധിതമായി നികത്തി ജീവനക്കാരുടെ ലഭ്യതയും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉറപ്പാക്കി.

ജനപങ്കാളിത്തത്തിന് അവസരം ഒരുക്കുന്ന പ്രവർത്തനങ്ങളും ഇക്കാലത്തു നടത്തി. ജനാധികാരവും ജനകീയ ഇടപെടലും സാദ്ധ്യമാക്കാൻ വിവരാവകാശ നിയമവും സേവനാവകാശ നിയമവും ഫലപ്രദമാക്കി. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളും പൗരവാകാശരേഖ പ്രസിദ്ധീകരിച്ചു. നഗരസഭകളിൽ പൗരാവകാശരേഖ പുനഃപ്രസിദ്ധീ കരിച്ചു. കൊല്ലം, കോട്ടയം ജില്ലകളിലെ എല്ലാ പഞ്ചായത്തുകളും ജനസൗഹൃദ പഞ്ചായത്തുകളായി പ്രഖ്യാപിച്ചു. ഗ്രാമസഭകളിലേക്കുള്ള അഭിപ്രായങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും രേഖപ്പെടുത്താൻ ജനങ്ങൾക്കായി വെബ്സൈറ്റ് ഒരുക്കി. മന്ത്രിമാരും എം.എൽ.എ.മാരും എം.പി.മാരും അവരവരുടെ ഗ്രാമസഭകളിൽ പങ്കെടുത്തു പ്രചാരണം സംഘടിപ്പിച്ചു.

പ്രാദേശികാസൂത്രണം കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ട ജനകീയാസൂത്രണം ആരംഭിച്ചു. അതിന്റെ അനുഭവത്തിലാണ് ഹരിതകേരളം മിഷൻ വിജയിപ്പിക്കാനായത്. നവകേരള സൃഷ്ടിക്കായുള്ള മറ്റു മിഷനുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയമായി നടപ്പാക്കി. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ സംയോജിപ്പിച്ചു സമഗ്രപ്രാദേശിക സ്ഥലജലാസൂത്രണത്തിനും കഴിഞ്ഞ സർക്കാർ മുൻകൈയെടുത്തു.

ചരിത്രത്തിൽ ആദ്യമായി കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കു ഭരണ

പാലോളി മുഹമ്മദ്കുട്ടി

ത്തുടർച്ചയുണ്ടായ സാഹചര്യം, അധികാര വികേന്ദ്രീകരണം അടക്കമുള്ള വികസന-ജനാധിപത്യ-പുരോഗമന പ്രവർത്തനങ്ങൾക്കു തുടർച്ച നൽകുന്നതിന് ഉപകരിക്കും. ഉദ്യോഗസ്ഥ സംവിധാനത്തിന്റെ ജനാധിപത്യവത്കരണം, കൂടുതൽ പുനർവിന്യാസം, കാലികമായ നിയമഭേദഗതികൾ അടക്കം പലതും ഇനിയും ചെയ്യേണ്ടതുണ്ട്. പുതിയ മന്ത്രിസഭ അക്കാര്യങ്ങളിലെല്ലാം ഫലപ്രദമായ പരിപാടികൾ ആസൂത്രണം ചെയ്തുവരികയാണ്.

താഴെത്തലത്തിൽ മുഖ്യമായും വേണ്ടത് ഗ്രാമസഭകൾ ജീവസ്സുറ്റ വേദികളാക്കി മാറ്റുക എന്നതാണ്. ഇതിനായി ഗ്രാമസഭകളുടെ ഉപഘടകങ്ങളായി അയൽക്കൂട്ടങ്ങളെയും റെസിഡൻസ് അസോസിയേഷനുകളെയും മാറ്റുകയെന്ന ആശയം ഉയർന്നിട്ടുണ്ട്. ഇതുപോലെ ഗ്രാമസഭകളെ ചൈതന്യവത്താക്കാനുള്ള മറ്റ് മാർഗ്ഗങ്ങളും ആലോചിക്കണം. സ്ത്രീകൾക്കും കുട്ടികൾക്കും ട്രാൻസ്ജെന്ററുകൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കണം. സൂക്ഷ്മതലത്തിലെ ജനകീയപ്രശ്നങ്ങൾ നിരീക്ഷിക്കാനും തക്കസമയത്ത് ഇടപെടാനും കഴിയുന്ന ജാഗ്രതാസമിതികൾ പോലെയുള്ള ജനകീയ സംവിധാനങ്ങൾ വ്യവസ്ഥാപിതമായാൽ ഇതു വലിയൊരളവിൽ സാധിക്കും. ഗ്രാമന്യായാലയ് പോലുള്ള പല ജനകീയസംവിധാനങ്ങളെക്കുറിച്ചും ഇതിനായി ചർച്ചകൾ ഉയരുന്നുണ്ട്. ഈ വഴിക്കും കൂടുതൽ ആലോചനകൾ ഉണ്ടാകണം.

തദ്ദേശഭരണസ്ഥാപനങ്ങളെ സഹകരണപ്രസ്ഥാനവുമായി ബന്ധിപ്പിച്ച് വിഭവസമാഹരണത്തിനും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാനുമുള്ള സാദ്ധ്യതകൾ ആരായണം. മടങ്ങിവരുന്ന പ്രവാസികളുടെ വിഭവവും നൈപുണികളും പ്രയോജനപ്പെടുത്താനും വ്യക്തി സംരംഭങ്ങൾക്കൊപ്പം സാമൂഹിക സംരംഭങ്ങൾ എന്ന ആശയത്തിനു പ്രാമുഖ്യം നൽകാനും സാധിക്കണം.

തൊഴിൽസൃഷ്ടിക്കായി നൈപുണ്യവികസനത്തിന് ഊന്നൽ നൽകേണ്ടതുണ്ട്. ഓരോ നാടിന്റെയും ആവശ്യങ്ങളുമായി ബന്ധപ്പെട്ട നൈപുണികളും അവ ആർജ്ജിക്കാൻ കഴിവുള്ളവരെയും കണ്ടെത്തി പരിശീലനത്തിനു പ്രോത്സാഹനം നൽകാം. നൈപുണ്യം ആർജ്ജിച്ചവരെ ഉൾപ്പെടുത്തി ലേബർ ബാങ്കുകൾ രൂപീകരിച്ച് ആവശ്യാനുസരണം അവരുടെ സേവനം പ്രയോജനപ്പെടുത്താം. സൂക്ഷ്മതല ദാരിദ്ര്യനിർമ്മാർജ്ജനം പോലുള്ള പദ്ധതികൾ ജനപങ്കാളിത്തം ആവശ്യമുള്ള പ്രവർത്തനങ്ങളാണ്.

വിഭവഭൂപടത്തിലും നീർത്തടത്തിലും അധിഷ്ഠിതമായ വികസനത്തിന് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണത്തിന്റെ തുടർച്ചയായി ഉണ്ടാകേണ്ടത്. ജി.പി.എസ്. പോലുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി സ്ഥാനീയാസൂത്രണവും നികുതിപിരിവുമൊക്കെ ഫലപ്രദമാക്കാൻ ഇന്ന് അവസരമുണ്ട്. വിജ്ഞാന സമൂഹസൃഷ്ടിയുടെ ഭാഗമായി ഇത്തരം മാറ്റങ്ങൾ നമ്മുടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തിലും ഉണ്ടാകേണ്ടതുണ്ട്.

തദ്ദേശസ്ഥാപനങ്ങൾക്കു കൈമാറിയിട്ടില്ലാത്ത സർക്കാർ പ്രവർത്തനങ്ങളിലടക്കം ഉയർന്ന ജനപങ്കാളിത്തം സാധ്യമാക്കുന്നതെങ്ങനെയെന്ന് ആലോചിക്കേണ്ട ഘട്ടമാണിത്. ഒട്ടേറെക്കാര്യങ്ങൾ ഇതിനായി ചെയ്യാനുണ്ട്. ഭരണരംഗത്തേക്കുള്ള യുവാക്കളുടെ വലിയതോതിലുള്ള കടന്നുവരവ് അതിനെല്ലാം ആക്കം കൂട്ടും. പുതിയ കാഴ്ചപ്പാടുകളുള്ള, പ്രതീക്ഷകളുള്ള പുതിയതലമുറയുടെ ആശയാഭിലാഷങ്ങൾ മനസ്സിലാക്കി പദ്ധതികൾ ആസൂത്രണം ചെയ്ത് അവരുടെ മുൻകൈയിൽ നടപ്പാക്കാനുള്ള ഉദ്യമങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഭാഗത്തുനിന്ന് ഉണ്ടാകണം. ഇത്തരത്തിലുള്ള കൂടുതൽ കൂടുതൽ ആശയങ്ങൾ വികസിപ്പിക്കുക എന്നതാണ് ജനകീയാസൂത്രണത്തിന്റെ ജൂബിലിക്കാലത്ത് നമുക്കു ചെയ്യാനാവുന്ന പരമപ്രധാനമായ കാര്യം. □

തൊഴിൽസൃഷ്ടിക്കായി നൈപുണ്യവികസനത്തിന് ഊന്നൽ നൽകേണ്ടതുണ്ട്. ഓരോ നാടിന്റെയും ആവശ്യങ്ങളുമായി ബന്ധപ്പെട്ട നൈപുണികളും അവ ആർജ്ജിക്കാൻ കഴിവുള്ളവരെയും കണ്ടെത്തി പരിശീലനത്തിനു പ്രോത്സാഹനം നൽകാം. നൈപുണ്യം ആർജ്ജിച്ചവരെ ഉൾപ്പെടുത്തി ലേബർ ബാങ്കുകൾ രൂപീകരിച്ച് ആവശ്യാനുസരണം അവരുടെ സേവനം പ്രയോജനപ്പെടുത്താം

ജനാധികാരത്തിന്റെ പുതിയ വഴിത്താരയിൽ ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള അന്തരം കുറഞ്ഞു. സാധാരണക്കാരായ ജനങ്ങൾക്ക് തങ്ങൾക്ക് വേണ്ടതെന്തെന്ന് നിർണ്ണയിക്കാനുള്ള അവസരം ലഭിച്ചു. അവരുടെ പ്രശ്നങ്ങൾക്ക് സുതാര്യമായ രീതിയിൽ പരിഹാരം കാണാൻ വികേന്ദ്രീകൃത ആസൂത്രണം സഹായകരമായി. ഇടതുപക്ഷത്തിന്റെ ജനകീയബദലുകൾ യാഥാർത്ഥ്യമാക്കാൻ ഈ വേദി ഏറെ ഗുണം ചെയ്തു എന്നതും ഒരു വസ്തുതയാണ്.

നവകേരളത്തിനായി ജനകീയാസൂത്രണം

എം.വി. ഗോവിന്ദൻ മാസ്റ്റർ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അർത്ഥവത്തായ ഇരുപത്തിയഞ്ച് വർഷങ്ങൾ. കാമ്പുള്ളതും ഈടുറ്റതുമായ നേട്ടങ്ങളുടെ നിറവിൽ, രാജ്യം മുഴുവൻ പകർത്താനാഗ്രഹിക്കുന്ന ഒരു വികസന മുന്നേറ്റമായി ജനകീയാസൂത്രണം അംഗീകരിക്കപ്പെട്ടിരിക്കുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ ഈ കേരളമാതൃക രാജ്യത്ത് വേറിട്ട് നില്ക്കുന്ന ഒന്നാണ്. ആസൂത്രണത്തിനും പദ്ധതിനിർവഹണത്തിനുമുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്കു കൈമാറുവാൻ വേണ്ടിയുള്ള നിയമനിർമ്മാണങ്ങൾ നടത്താൻ രാജ്യത്തെ മിക്ക സംസ്ഥാനങ്ങളും ഇപ്പോഴും തയ്യാറായിട്ടില്ല. ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിലെ ഓരോ തലത്തിലും നിർവഹിക്കേണ്ട ചുമതലകൾ നമ്മുടെ സംസ്ഥാനത്തേത് പോലെ വിപുലമായി മറ്റൊരു സംസ്ഥാനവും നിർവഹിച്ചിട്ടുമില്ല. ജാതി-ജന്മി ഭൂപ്രഭുത്വത്തിന്റെയും മുതലാളിത്ത ശക്തികളുടേയും താല്പര്യങ്ങളേയും സമ്മർദ്ദങ്ങളേയും മറികടക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി അവിടങ്ങളിലെ സർക്കാരുകൾക്കില്ല. നവോത്ഥാന മുന്നേറ്റങ്ങളുടെയും ഇടതുപക്ഷ ബദൽ വികസനമാതൃകയുടെയും തുടർച്ചയിലാണ് കേരള



നന്ദിയോട് ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ ഗ്രാമസഭയിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് പങ്കെടുക്കുന്നു (ഫയൽ ചിത്രം)

ത്തിൽ ജനകീയാസൂത്രണവും സാദ്ധ്യമായത്. നവകേരളമെന്ന സങ്കല്പം യാഥാർത്ഥ്യമാവുമ്പോൾ, ജനക്ഷേമത്തിന്റെയും സാമൂഹികമായ കരുതലിന്റെയും പുത്തൻ പന്ഥാവുകൾ തീർത്ത വികേന്ദ്രീകൃതാസൂത്രണത്തിന്റെ കരുത്തുറ്റ മുന്നേറ്റങ്ങളും കാണാനാവും. 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ കാലം മുതൽ ഇന്ത്യാരാജ്യത്തെ ദേശീയ, സംസ്ഥാന സർക്കാരുകളുടേതിൽ നിന്ന് വ്യത്യസ്തമായ കാഴ്ചപ്പാടും സമീപനവും കേരളത്തിലെ ഇടതുപക്ഷ സർക്കാരുകൾ സ്വീകരിച്ചു പോന്നു. അതിന്റെ ഫലം കൂടിയാണ് 1996-ൽ തുടക്കം കുറിച്ച ജനകീയാസൂത്രണ പ്രസ്ഥാനം. ജനാധികാരത്തിന്റെ പുതിയ വഴിത്താരയിൽ ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള അന്തരം കുറഞ്ഞു. സാധാരണക്കാരായ ജനങ്ങൾക്ക് തങ്ങൾക്ക് വേണ്ടതെന്തെന്ന് നിർണ്ണയിക്കാനുള്ള അവസരം ലഭിച്ചു. അവരുടെ പ്രശ്നങ്ങൾക്ക് സുതാര്യമായ രീതിയിൽ പരിഹാരം കാണാൻ വികേന്ദ്രീകൃത ആസൂത്രണം സഹായകരമായി. ഇടതുപക്ഷത്തിന്റെ ജനകീയബദലുകൾ യാഥാർത്ഥ്യമാക്കാൻ ഈ വേദി ഏറെ ഗുണം ചെയ്തു എന്നതും ഒരു വസ്തുതയാണ്.

ഗ്രാമസ്വരാജ് എന്ന ആശയം ഇന്ത്യൻ സ്വാതന്ത്ര്യസമര കാലത്ത് തന്നെ ചർച്ച ചെയ്യപ്പെട്ടിരുന്നു. ദേശീയവിമോചനത്തോടൊപ്പം അധികാരവികേന്ദ്രീകരണവും ആ കാലഘട്ടത്തിൽ തന്നെ നമ്മുടെ ലക്ഷ്യമായിരുന്നു. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം അധികാരവികേന്ദ്രീകരണത്തിന് വേണ്ടിയുള്ള ചർച്ചകൾ ചൂടുപിടിച്ചു. പഞ്ചായത്ത്, നഗരഭരണം സംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് നിയമനിർമ്മാണം നടത്താൻ കഴിയുന്ന വിധത്തിൽ ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ എഴുതി ചേർക്കുകയും ഏഴാം പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തതോടെ വിവിധ സംസ്ഥാനങ്ങളിൽ പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങൾ നിലവിൽ വന്നു. അധികാരങ്ങളൊന്നുമില്ലാത്തതായിരുന്നു അന്നത്തെ പഞ്ചായത്തുകളും ഭരണസമിതികളും. ബ്രിട്ടീഷ്ഭരണകാലത്ത് നഗരശുചീകരണത്തിനുള്ള സംവിധാനം എന്ന നിലയിലാണ് നഗരഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നത്. ജനാധിപത്യസമൂഹത്തിന്റെ പുരോഗമനോന്മുഖമായ വളർച്ചയ്ക്കൊത്ത് അവയെ വികസിപ്പിക്കാൻ സാധിച്ചില്ല. കൃത്യമായ വ്യവസ്ഥകളൊന്നുമില്ലാതെ തോന്നുംപടിയാണ് ചില സംസ്ഥാനങ്ങൾ തിരഞ്ഞെടുപ്പുകൾ നടത്തിയത്. ചിലരാവട്ടെ തിരഞ്ഞെടുപ്പുകൾ അനിശ്ചിതമായി നീട്ടിക്കൊണ്ടു പോയി. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന ബൽവന്ത്റായ് മേത്ത കമ്മിറ്റിയുടെ റിപ്പോർട്ട് 1958-ൽ കേന്ദ്രസർക്കാരിന് ലഭിച്ചപ്പോൾ അവർ വേണ്ടത്ര ഗൗരവത്തോടെ ആ റിപ്പോർട്ട് പരിഗണിച്ചില്ല. അതിന്റെ അടിസ്ഥാനത്തിൽ ശക്തമായ നിയമനിർമ്മാണങ്ങൾ നടത്താൻ തയ്യാറായുമില്ല. സംസ്ഥാനങ്ങളിലെ നിയമസഭകൾ പാസാക്കിയ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വന്ന പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ കാര്യമായ യാതൊരു അധികാരവും ഇല്ലാത്ത നോക്കുകുത്തികളായിരുന്നു. കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല.

ബൽവന്ത്റായ് മേത്ത

ഐക്യകേരളം സ്ഥാപിതമാവുന്നതിന് മുമ്പുതന്നെ 1950-ലെ തിരുവിതാംകൂർ-കൊച്ചി പഞ്ചായത്ത് ആക്ട്, മദിരാശി വില്ലേജ് പഞ്ചായത്ത് ആക്ട്, 1960-ലെ കേരള പഞ്ചായത്ത്, മുനിസിപ്പാലിറ്റി നിയമങ്ങൾ എന്നിവ കേരളത്തിലെ പഞ്ചായത്ത്, നഗരഭരണ സ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ചു. എന്നാൽ, അവയുടെ അധികാരങ്ങൾ നാമമാത്രമായിരുന്നു. കാമ്പുറ്റതും വിപുലവും ശക്തവുമായ ഒരു ഭരണഘടനാ ഭേദഗതിയുടെ അഭാവത്തിൽ അധികാരവികേന്ദ്രീകരണത്തിന് വേണ്ടിയുള്ള സംസ്ഥാനങ്ങളുടെ നിയമനിർമ്മാണവും ഫലവത്തായില്ല. അധികാരവികേന്ദ്രീകരണത്തിന് വേണ്ടിയുള്ള നിരന്തരമായ ജനകീയ ഇടപെടലുകൾക്ക് ഫലപ്രാപ്തി നല്കാതെ 1990-കളുടെ ആദ്യഘട്ടം വരെ അധികാരം കേന്ദ്രീകരിച്ച് പിടിക്കാൻ ഭരണവർഗ്ഗത്തിന് സാധിച്ചു. 1993-ൽ പ്രാബല്യത്തിലായ പഞ്ചായത്ത്രാജ്, നഗരപാലിക ഭരണഘടനാ ഭേദഗതി നിയമങ്ങൾ രാജ്യത്ത് സമഗ്രമായ അധികാരവികേന്ദ്രീകരണത്തിന്റെ, വഴികൾ തുറന്നിട്ടു. ഭരണഘടനാ ഭേദഗതി നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനങ്ങൾ നിയമനിർമ്മാണങ്ങൾ നടത്തി. ആ നിയമങ്ങൾ വികേന്ദ്രീകൃതാസൂത്രണത്തിന്

വേണ്ടിയുള്ള ജനങ്ങളുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കാൻ പര്യാപ്തമായിരുന്നില്ല എന്നതാണ് വാസ്തവം. ഭരണഘടനാ ഭേദഗതിക്കു മുമ്പ് കേരളത്തിൽ 1987-91 ലെ ഇ.കെ. നായനാർ സർക്കാർ കൊണ്ടുവന്ന ജില്ലാകൗൺസിൽ നിയമം അധികാരവികേന്ദ്രീകരണത്തിന്റെ വിശാലമായ സാധ്യതകൾ തുറന്നിടുന്നതായിരുന്നു. ഭരണഘടനാ ഭേദഗതി നിയമങ്ങളുടെ പശ്ചാത്തലത്തിൽ അതിനേക്കാൾ മികച്ച രീതിയിൽ ജനങ്ങളിലേക്ക് അധികാരമെത്തിക്കാൻ സാധിക്കുമായിരുന്നു. പക്ഷെ, അത്തരത്തിലുള്ളൊരു കാഴ്ചപ്പാട് ഉയർന്നുവന്നില്ല.

1996-ൽ അധികാരത്തിൽ വന്ന ഇ.കെ. നായനാർ സർക്കാരിന്റെ വികസനമുൻഗണനകളിൽ പ്രധാനപ്പെട്ടതായിരുന്നു ജനകീയ അധികാരവികേന്ദ്രീകരണം. സംസ്ഥാന ബജറ്റിന്റെ മൂന്നിലൊന്ന് സമ്പൂർണ്ണ ആസൂത്രണാധികാരത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള ഇടതുപക്ഷ സർക്കാരിന്റെ തീരുമാനം ജനകീയാസൂത്രണത്തിന് ആരംഭം കുറിച്ചു. സെനറ്റ് കമ്മിറ്റിയുടെയും, സംസ്ഥാന ധനകാര്യകമ്മീഷന്റെ ശിപാർശകളുടെയും അടിസ്ഥാനത്തിൽ 1999-ലും തുടർന്ന് 2000-ലും പാസാക്കിയ ഭേദഗതിനിയമങ്ങൾ ജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തമുള്ള പ്രാദേശികാസൂത്രണത്തിന് നിയമപരമായ ചട്ടക്കൂടൊരുക്കി. വികസനപദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉദ്യോഗസ്ഥമേൽക്കോയ്മ ഇല്ലാതാക്കി. ജനകീയ താല്പര്യം ഉറപ്പുവരുത്തിയ ഒമ്പതാം പഞ്ചവൽസരപദ്ധതിയെ ജനകീയപദ്ധതി എന്നുതന്നെ വിശേഷിപ്പിക്കേണ്ടതുണ്ട്. വികസനകാര്യങ്ങളിൽ ജനങ്ങളെ ബോധവല്ക്കരിച്ചുകൊണ്ട്, ജനകീയ ഇടപെടലിന്റെ പ്രാധാന്യം മനസ്സിലാക്കിയ മുഴുവൻ ജനങ്ങളുടെയും പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കിയ സർവ്വതലസ്പർശിയായ ഒരു ജനകീയ കാമ്പെയിനിലൂടെയാണ് ജനകീയാസൂത്രണം യാഥാർത്ഥ്യമാക്കിയത്.

1996–ൽ അധികാരത്തിൽ വന്ന ഇ.കെ. നായനാർ സർക്കാരിന്റെ വികസനമുൻഗണനകളിൽ പ്രധാനപ്പെട്ടതായിരുന്നു ജനകീയ അധികാരവികേന്ദ്രീകരണം. സംസ്ഥാന ബജറ്റിന്റെ മൂന്നിലൊന്ന് സമ്പൂർണ്ണ ആസൂത്രണാധികാരത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള ഇടതുപക്ഷ സർക്കാരിന്റെ തീരുമാനം ജനകീയാസൂത്രണത്തിന് ആരംഭം കുറിച്ചു.

ജനകീയാസൂത്രണം കേരളവികസന ചരിത്രത്തിൽ വഴിത്തിരിവ് കുറിച്ചത് വികസന, ക്ഷേമരംഗങ്ങളിൽ പ്രാദേശിക ജനകീയാധികാരം സ്ഥാപിച്ചുകൊണ്ടാണ്.. അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ ഉണ്ടായിരുന്ന സംസ്ഥാന സർക്കാരിന്റെ നിയന്ത്രണാധികാരം പരിമിതപ്പെടുത്തി. ഭരണത്തിലിരിക്കുന്ന പാർട്ടിക്കോ മുന്നണിക്കോ കാര്യങ്ങൾ ഏകപക്ഷീയമായി തീരുമാനിക്കാൻ കഴിയാത്തവിധത്തിൽ തദ്ദേശസ്വയംഭരണ സംവിധാനങ്ങളെ ഘടനാപരമായി ശക്തിപ്പെടുത്തി. പ്രാദേശിക സർക്കാരുകൾക്ക് ആളും അർത്ഥവും അധികാരവും കൈമാറി. പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം, ചികിത്സാകേന്ദ്രങ്ങൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലേക്ക് വന്നു. സ്കൂളുകൾ പ്രാദേശികസർക്കാരുകൾക്ക് കൈമാറി. കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപ

നങ്ങളുടെ നേതൃത്വവും നിയന്ത്രണാധികാരവും ഉറപ്പുവരുത്തി. പ്രാദേശിക തലത്തിൽ നടക്കുന്ന രാഷ്ട്രീയ, ക്ഷേമപ്രവർത്തനങ്ങളുടെ നേതൃത്വത്തിലേക്ക് പ്രാദേശികസർക്കാരുകൾ ഉയർന്നുവരുന്ന അവസ്ഥ സംജാതമായി. രാജ്യവും ലോകവും മാതൃകയായി പരിഗണിക്കുന്ന നേട്ടങ്ങൾ മലയാളിക്ക് കരഗതമായത് അങ്ങനെയാണ്. നിരവധി വെല്ലുവിളികൾ ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടങ്ങളിൽ അഭിമുഖീകരിക്കേണ്ടിവന്നിരുന്നു. അതിൽ ഏറ്റവും പ്രധാന വെല്ലുവിളി മുന്നനുഭവങ്ങളുടെ അഭാവമായിരുന്നു. ജനകീയാസൂത്രണകാലത്തെ ആദ്യ വാർഷികപദ്ധതി തയ്യാറായത് ഒരു വർഷത്തിലേറെ നീണ്ടു നിന്ന തയ്യാറെടുപ്പുകൾക്കൊടുവിലാണ്. സെമിനാർ, കർമ്മസമിതികൾ, പദ്ധതിരേഖ, ബ്ലോക്ക്-ജില്ലാപദ്ധതികൾ, ജില്ലാആസൂത്രണസമിതി എന്നിവയടങ്ങുന്ന ആസൂത്രണ ചട്ടക്കൂട് ജനകീയാസൂത്രണത്തിന്റെ ഘടനാപരമായ അസ്ഥിവാരം ബലപ്പെടുത്തി.

രാജ്യത്താദ്യമായി പദ്ധതിവിഹിതത്തിന്റെ 10 ശതമാനം സ്ത്രീകൾക്കുവേണ്ടി മാറ്റിവയ്ക്കാൻ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായത് ഇടതുപക്ഷത്തിന്റെ സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെ പ്രതിഫലനമായിരുന്നു. തൊണ്ണൂറുകളുടെ തുടക്കത്തിൽ സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ തീർത്തും ദുർബ്ബലമായി പ്രവർത്തിക്കുന്ന സ്വയം സഹായസംഘങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ, ജനകീയാസൂത്രണ ക്യാമ്പയിനിന്റെ ഭാഗമായി ജനകീയപിന്തുണയോടെ വികസിച്ചു വന്ന കുടുംബശ്രീ സംവിധാനം പ്രാദേശികവികസന പ്രക്രിയയിൽ സ്ത്രീകളുടെ സമഗ്രപങ്കാളിത്തം ഉറപ്പാക്കി.

തൊണ്ണൂറുകളുടെ തുടക്കത്തിൽ സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ തീർത്തും ദുർബ്ബലമായി പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ, ജനകീയാസൂത്രണ ക്യാമ്പയിനിന്റെ ഭാഗമായി ജനകീയപിന്തുണയോടെ വികസിച്ചു വന്ന കുടുംബശ്രീ സംവിധാനം പ്രാദേശികവികസന പ്രക്രിയയിൽ സ്ത്രീകളുടെ സമഗ്രപങ്കാളിത്തം ഉറപ്പാക്കി.

തലചായ്ക്കാൻ കൂരയില്ലെന്ന ദുരവസ്ഥയെ അഭിമുഖീകരിക്കുന്ന പാവപ്പെട്ടവർക്ക് ഇ.എം.എസ്. ഭവനപദ്ധതിയിലൂടെ കരുത്തായി മാറാനും അതുപോലുള്ള ബൃഹത്തായ സാമൂഹ്യ വികസനപദ്ധതികൾ ജനകീയാസൂത്രണത്തിന്റെ തണലിൽ മുന്നോട്ടുവയ്ക്കാനും സാധിച്ചു.

ജനകീയാസൂത്രണത്തെ ദുർബലപ്പെടുത്താൻ പിന്നീട് വലതുപക്ഷ ശക്തികൾ ശ്രമിച്ചു. ജനങ്ങൾക്ക് അധികാരം ലഭിക്കുമ്പോൾ മുതലാളിത്ത ശക്തികളും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും അഴിമതിമാഫിയാസംഘങ്ങളും വല്ലാതെ ഭയപ്പെടും. അവരുടെ നിക്ഷിപ്ത താൽപ്പര്യങ്ങൾക്ക് എക്കാലത്തും രാഷ്ട്രീയ പിന്തുണനൽകാൻ വലതുപക്ഷം ശ്രമിച്ചിരുന്നു. ജനങ്ങൾ ഒറ്റക്കെട്ടായി ജനകീയാസൂത്രണപ്രസ്ഥാനത്തെ നയിച്ചപ്പോൾ ജനകീയാസൂത്രണത്തിന് തുരങ്കം വയ്ക്കാൻ വന്ന ശക്തികൾ സംശയത്തിന്റെ നിഴലിലായി. വലതുപക്ഷം ഭരണത്തിലേറിയപ്പോൾ, കേരളവികസനപദ്ധതി എന്ന പേരിൽ ജനകീയാസൂത്രണത്തിന്റെ ജനപക്ഷ നിൽപ്പിടത്തിന്റെ രാഷ്ട്രീയ ഉള്ളടക്കം ചോർത്തിക്കളയാൻ ശ്രമിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിനെ വിഭജിച്ച് ദുർബലമാക്കാനും ശ്രമിച്ചു. ജനശ്രീയ്ക്ക് തുടക്കമിട്ടത് കുടുംബശ്രീയെ അട്ടിമറിക്കാനായിരുന്നു. ആ നീക്കത്തിലൂടെ സ്വയംസഹായ സംഘങ്ങളെ

ഭിന്നിപ്പിച്ചു. സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണ്ണ പാർപ്പിടപദ്ധതിയായ ഇ.എം.എസ്. ഭവന പദ്ധതിയെ ഭരണത്തിന്റെ മറവിൽ അട്ടിമറിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണത്തിൽ ജനകീയ പിന്തുണാ സംവിധാനങ്ങളുടെ പ്രാധാന്യം ഇല്ലാതാക്കാനും ഉദ്യോഗസ്ഥ കേന്ദ്രീകരണം തിരിച്ചു കൊണ്ടുവരാനും ശ്രമങ്ങളുണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജനകീയ വികസനകാഴ്ചപ്പാടും രാഷ്ട്രീയ ഭിന്നതകൾക്ക് അതീതമായ ജനകീയ സമ്മർദ്ദവുമാണ് ഇത്തരം നീക്കങ്ങളെ ചെറുത്തു തോൽപ്പിക്കാൻ കേരളത്തിലെ തദ്ദേശസ്വയംഭരണ സംവിധാനത്തിന് കരുത്തു പകർന്നത്

തിരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക് വികസന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും അധികാരം നല്കുന്ന 73-ഉം 74-ഉം ഭരണഘടനാഭേദഗതികളുടെ യഥാർത്ഥ അന്തഃസത്ത കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിലെന്ന പോലെ രാജ്യത്ത് മറ്റൊരിടത്തും കാണാനാവില്ല. ഇടതുപക്ഷ സർക്കാരിന് കീഴിൽ ഏറെ തിളക്കത്തോടെയാണ് ജനകീയാസൂത്രണം മുന്നേറുന്നത്. അത് രാഷ്ട്രീയമായ ഇച്ഛാശക്തിയുടെ പ്രതിഫലനം കൂടിയാണ്. സാമ്പത്തിക വർഷത്തിന്റെ ആദ്യദിവസം മുതൽ വികസനപദ്ധതികളുടെ നിർവഹണം ആരംഭിക്കുന്ന അവസ്ഥയിലേക്ക് കേരളം എത്തിയെന്നത് ചെറിയ കാര്യമല്ല. തൊണ്ണൂറ ശതമാനത്തിന് മുകളിൽ പദ്ധതിചെലവ് എന്നത് അസാദ്ധ്യമായി കരുതിയതായിരുന്നു. ആ ലക്ഷ്യവും കേരളം കൈവരിച്ചു. അധികാരം, ഉദ്യോഗസ്ഥശേഷി, ദൈനംദിന ഭരണമികവ്, സാമ്പത്തികഭദ്രത തുടങ്ങി വിവിധ തലങ്ങളെടുത്ത് പരിശോധിക്കുമ്പോൾ രാജ്യത്തെ ഏറ്റവും ശക്തമായ പ്രാദേശിക സ്വയംഭരണസംവിധാനം കേരളത്തിലേതാണെന്ന് മനസിലാക്കാൻ ആർക്കും സാധിക്കും.

പിണറായി വിജയന്റെ നേതൃത്വത്തിൽ 2016-ൽ അധികാരമേറ്റ സർക്കാരിന്റെ അഞ്ചുവർഷത്തെ പ്രവർത്തനങ്ങൾ ജനകീയാസൂത്രണത്തിന്റെ മികവ് കൂടുതൽ ഉയർത്തിപ്പിടിക്കുന്നതായിരുന്നു. തദ്ദേശഭരണ സ്ഥാപന തലത്തിൽ ആവിഷ്കരിച്ച ആസൂത്രണ സമിതികൾ പ്രാദേശികാസൂത്രണത്തിന് പുതിയ മാനം നല്കി. 1967-ൽ അധികാരത്തിൽ വന്ന രണ്ടാം ഇ.എം.എസ്. സർക്കാർ ആദ്യമായി അവതരിപ്പിച്ച ജില്ലാപദ്ധതി എന്ന ആശയം രാജ്യത്താദ്യമായി നടപ്പിലാക്കിയത് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നാമത്തെ സർക്കാരാണ്. ത്രിതലപഞ്ചായത്തുകൾ, നഗരസഭകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നടന്ന വികസന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കപ്പെട്ടു. 2018-ലെ മഹാപ്രളയത്തിനുശേഷം ദുരന്തനിവാരണത്തിലും തദ്ദേശഭരണ സ്ഥാപനങ്ങൾ നിർണ്ണായക പങ്കുവഹിച്ചു. തദ്ദേശഭരണ സ്ഥാപനതലത്തിലുണ്ടായ ദുരന്തനിവാരണ പദ്ധതികൾ ജനകീയഭരണ ചരിത്രത്തിലെ തിളക്കമുള്ള ഏടായി പ്രകീർത്തിക്കപ്പെട്ടു.

ഇന്ത്യയിൽ കൊറോണ വൈറസ് ബാധ ഏറ്റവുമാദ്യം റിപ്പോർട്ട് ചെയ്തത് കേരളത്തിലായിരുന്നു. കൊവിഡ് രോഗികളോ, രോഗാണുവാഹകരോ ആയ ഏറ്റവും കൂടുതലാളുകൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും എത്തിച്ചേർന്നത് കേരളത്തിലാണ്. ലോകത്തിലെ എണ്ണം പറഞ്ഞ മുതലാളിത്ത രാജ്യങ്ങൾ വരെ കൊവിഡ് വ്യാപനത്തെ ചെറുക്കാൻ സാധിക്കാതെ കിതച്ചു നിന്നപ്പോൾ, എല്ലാ പ്രതികൂലഘടകങ്ങളെയും അതിജീവിച്ച് രോഗവ്യാപനത്തെ ഒരുഘട്ടം വരെ നിയന്ത്രിച്ച് നിർത്താൻ കേരളത്തിനായി. ഈ മികവിലൂടെ ദേശീയ, അന്തർദ്ദേശീയ പ്രശംസ നേടാൻ കഴിഞ്ഞു. വാർഡുതല ജാഗ്രതാസമിതികളുടെ മാതൃകാപരമായ പ്രവർത്തനവും കമ്മ്യൂണിറ്റി കിച്ചനുകൾ സജ്ജീകരിച്ചതും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ഒരുക്കിയതുമൊക്കെ മറ്റ് സംസ്ഥാനങ്ങൾക്ക് ചിന്തിക്കാൻ പോലും സാധിക്കാനാവാത്ത കേരള മോഡലുകളായിരുന്നു. രോഗവ്യാപനം തീവ്രമായതിനു ശേഷവും കൊവിഡ് രണ്ടാം തരംഗം ഭീഷണി ആയപ്പോഴും ജനങ്ങളുടെ ജാഗ്രത ശക്തമാക്കുന്നതിലും ആരോഗ്യ പ്രവർത്തകരെ ഏകോപിപ്പിച്ചുനിർത്തി മഹാമാരിയുടെ ആഘാതം കുറയ്ക്കുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾ നിർണ്ണായകമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്.

പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ രണ്ടാമതും അധികാരമേറ്റത് ജനകീയാസൂത്രണത്തിന്റെ രജതജൂബിലി വർഷത്തിലാണ്. അധികാരം ജനതയ്ക്ക് എന്ന അധികാരവികേന്ദ്രീകരണത്തിന്റെ ആത്മാവിനെ കൂടുതൽ പ്രകാശിപ്പിക്കുന്ന രീതിയിലാണ് സർക്കാർ മുന്നോട്ടു പോവുന്നത്. തദ്ദേശഭരണ വകുപ്പുകളുടെ ഏകോപനം ശക്തമാക്കുകയും തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുകയുമാണ് സർക്കാർ. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രജത ജൂബിലി ആഘോഷം ഒരുവർഷം നീണ്ടുനില്ക്കുന്ന രീതിയിൽ സംസ്ഥാനത്താകമാനം സംഘടിപ്പിക്കുമ്പോൾ, അധികാര വികേന്ദ്രീകരണത്തിന്റെ പഴയകാല തികവുകളിൽ നിന്നും ജനകീയാസൂത്രണ നവകേരളം സൃഷ്ടിക്കാനുള്ള കരുത്താർജ്ജിച്ച് സർക്കാരിന് മുന്നോട്ടുപോകാനാവും. ഈ ഘട്ടത്തിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പുതിയൊരു വികസന സംസ്കാരം കരുപ്പിടിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണുള്ളത്. ഓഖിയും നിപയും മഹാപ്രളയവും പ്രകൃതി ക്ഷോഭങ്ങളും കൊവിഡ് മഹാമാരിയും നമുക്ക് മേൽ ദുരന്തമായി പെയ്തിറങ്ങിയപ്പോഴും ഏതൊരു ജനതയും തകർന്നു പോകുമായിരുന്ന ഈ പ്രതിസന്ധികളെ, ജനകീയാസൂത്രണത്തിന്റെ കൂടി കരുത്തിൽ, കേരളം അതിജീവിക്കുകയായിരുന്നു. ആർദ്രം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം തുടങ്ങിയ ലോകോത്തര മാതൃകകൾ കേരളത്തിന് യാഥാർത്ഥ്യമാക്കാനായത് ജനപങ്കാളിത്തത്തിന്റെ കരുത്തിലാണ്.

മാലിന്യമകന്ന പൊതുഇടങ്ങളും പാരിസ്ഥിതിക അവബോധത്തോടെ കൃഷിയുടെയും ജലസംരക്ഷണത്തിന്റെയും സംസ്കാരം തിരിച്ചു പിടിക്കുന്ന സമൂഹവും സുഭിക്ഷകേരളത്തിലൂടെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്കുള്ള കുതിപ്പും തുടങ്ങി നിരവധി നേട്ടങ്ങൾ നമുക്ക് അവകാശപ്പെടാനുണ്ട്. കേരളത്തിന്റെ ജനകീയ വികസന മാതൃകയെ പുതിയ കാലത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിന് പര്യാപ്തമാക്കാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയും തൊഴിൽരഹിതർക്ക് ജോലി ലഭ്യമാക്കാനുള്ള സമാനതകളില്ലാത്ത ഇടപെടലുകളും നവകേരള മിഷന്റെ പുതിയ രൂപത്തിലുള്ള മുന്നേറ്റവും കാർഷികമേഖലയിൽ നേട്ടം കൈവരിക്കാനുള്ള തീവ്രയത്നവുമൊക്കെ ഈ സർക്കാരിനെ കൂടുതൽ ജനകീയമാക്കും. സാങ്കേതിക നൂലാമാലകൾ ഇല്ലാതാക്കിയും നടപടി ക്രമങ്ങൾ ലളിതമാക്കിയും ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിയും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തിലും പദ്ധതി പ്രവർത്തനത്തിലും സുതാര്യതയും കാര്യക്ഷമതയും ഉറപ്പവരുത്തുകയെന്ന കാഴ്ചപ്പാടോടെയാണ് സർക്കാർ മുന്നോട്ടു പോകുന്നത്. രജത ജൂബിലിയുടെ നിറവിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കൂടുതൽ തിളക്കമുള്ള ഏടുകൾ നമുക്ക് രചിക്കാം. □

ജനകീയാസൂത്രണം 25 വർഷം പിന്നിടുമ്പോൾ

■ ഡോ. ടി.എം. തോമസ് ഐസക്

25 വർഷം മുമ്പ് ആഗസ്റ്റ് 17-നാണ് എല്ലാ കക്ഷി നേതാക്കളും പങ്കെടുക്കുന്ന വേദിയിൽ സഖാവ് ഇ.എം.എസിന്റെ അദ്ധ്യക്ഷതയിൽ അന്നത്തെ മുഖ്യമന്ത്രി ഇ.കെ. നയനാർ തിരികൊളുത്തി ജനകീയാസൂത്രണത്തിനു തുടക്കം കുറിച്ചത്. മറ്റു സംസ്ഥാനങ്ങളിലെപ്പോലെ മുകളിൽ നിന്നും താഴേയ്ക്കു നടപ്പാക്കിയ ഒരു ഭരണപരിഷ്കാരമായിരുന്നില്ല കേരളത്തിലെ അധികാരവികേന്ദ്രീകരണം. താഴേത്തട്ടിൽ നിന്ന് അതിവിപുലമായ രീതിയിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ടു നടപ്പാക്കിയ ഭരണപരിഷ്കാരമായിരുന്നു. ഭൂപരിഷ്കരണം പോലെ കേരളത്തിലെ അധികാരഘടനയിൽ അടിസ്ഥാനപരമായ ഒരു മാറ്റം സൃഷ്ടിക്കുന്നതാണ് അധികാരവികേന്ദ്രീകരണം. 1957 മുതൽ ഇതിനുവേണ്ടിയെടുത്ത പരിശ്രമങ്ങൾ ഫലവത്തായില്ല. അത്രയേറെ പ്രതിബന്ധങ്ങളാണ് അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുന്നതിന് ഉണ്ടായിരുന്നത്. ഇതിനെ മറികടക്കുന്നതിനു ഭൂപരിഷ്കരണ ത്തിലെന്നപോലെ ജനങ്ങളെ അണിനിരത്തിയേ തീരൂവെന്ന കാഴ്ച്ചപ്പാടായിരുന്നു ഇ.എം.എസിന്റേത്. അതുകൊണ്ടാണ് കേരളത്തിൽ ആസൂത്രണത്തെ ആസ്പദമാക്കി അധികാരവികേന്ദ്രീകരണത്തിനുവേണ്ടി വലിയൊരു ജനകീയ പ്രസ്ഥാനത്തിനു രൂപം നൽകിയത്.

എന്തുകൊണ്ട് ജനകീയാസൂത്രണം?

ജനകീയാസൂത്രണം വലിയൊരു വിസ്ഫോടനമായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് എടുത്ത തീരുമാനം എല്ലാവരെയും ഞെട്ടിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങൾക്കു രണ്ടുലക്ഷം രൂപ ഗ്രാന്റായി പദ്ധതിയിൽ നിന്നും കിട്ടിയ സ്ഥാനത്ത് 50 മുതൽ 75 ലക്ഷം രൂപ വരെ ലഭ്യമാക്കുമെന്നാണ് ഈ പ്രഖ്യാപനത്തിന്റെ അർത്ഥം.

എന്നാൽ ഈ തീരുമാനം എടുക്കുമ്പോൾത്തന്നെ മറ്റൊരു കാര്യംകൂടി ബോധ്യമുണ്ടായിരുന്നു. ഇത്രയും വലിയ തുക കയ്യാളുന്നതിനാവശ്യമായ പരിശീലനമോ പരിചയമോ ഉദ്യോഗസ്ഥ പിന്തുണയോ വൈദഗ്ധ്യമോ, എന്തിന് ആവശ്യമായ ചട്ടങ്ങൾപോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്നില്ല. ഇവയൊക്കെ ഉറപ്പാക്കുന്നതിനാവശ്യമായ ഭരണ പുനഃസംവിധാനത്തിന് കുറച്ചൊക്കെ കാലതാമസം അനിവാര്യമാണ്. അഞ്ച് പതിറ്റാണ്ട് നിലനിന്നുവന്ന ഡിപ്പാർട്ട്മെന്റ് സംവിധാനത്തെയാണ് പൊളിച്ചുപണിയേണ്ടിയിരിക്കുന്നത്. ഒട്ടേറെ രാഷ്ട്രീയ ഇച്ഛയും എല്ലാപേരിൽനിന്നുമുള്ള പ്രതിബദ്ധതയും ഇതിന് കൂടിയേതീരൂ.

ഈ മുന്നൊരുക്കങ്ങൾ പൂർത്തിയാക്കുന്നതിന് കാത്തിരുന്നാൽ 10-ാം പദ്ധതിയിലേ ആസൂത്രണ വികേന്ദ്രീകരണം നടപ്പിലാക്കാനാവൂ. തന്മൂലം ആദ്യം വിഭവങ്ങൾ കൈമാറുക, ആ വിഭവങ്ങൾ കയ്യാളുന്നതിനുണ്ടാകുന്ന പ്രതിബന്ധങ്ങളെ അപ്പോഴപ്പോൾ തരണം ചെയ്ത് അധികാരവികേന്ദ്രീകരണത്തെ യാഥാർത്ഥ്യമാക്കുക എന്നൊരു അസാധാരണ സമീപനമാണ് കേരള സർക്കാർ കൈക്കൊണ്ടത്. ഇപ്രകാരം അധികാരവികേന്ദ്രീകരണത്തിനെതിരെയുള്ള പ്രതിബന്ധങ്ങളെ മറികടക്കുന്നതിനും സമയബന്ധിതമായി 9-ാം

പഞ്ചവത്സരപദ്ധതിക്ക് രൂപം നൽകുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കരുത്ത് നൽകുന്നതിനുംവേണ്ടി ഒരു ജനകീയ പ്രസ്ഥാനത്തിനുതന്നെ രൂപം നൽകാനാണ് കേരള സർക്കാർ തുനിഞ്ഞത്.

ഒരു പ്രസ്ഥാനത്തിന്റെ രൂപത്തിൽ വിദഗ്ധരെയും ഉദ്യോഗസ്ഥരെയും സന്നദ്ധപ്രവർത്തകരെയും ബഹുജനങ്ങളെ തന്നെയും തദ്ദേശഭരണ ജനപ്രതിനിധികൾക്ക് പിന്നിൽ അണിനിരത്തി പുതിയ ചുമതലകൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ശ്രമിച്ചത്. പരമാവധി ജനപങ്കാളിത്തവും സുതാര്യതയും ശാസ്ത്രീയതയും ഉറപ്പുവരുത്തുന്ന ഒരു ആസൂത്രണ പ്രക്രിയയ്ക്ക് രൂപംനൽകി. അങ്ങനെ താഴെത്തട്ടിൽ നിന്നൊരു പദ്ധതി തയ്യാറാക്കി. അതു ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കി. അതോടൊപ്പം അധികാരവികേന്ദ്രീകരണത്തിന് അനിവാര്യമായ രാഷ്ട്രീയഇച്ഛയും ഇതു സംസ്ഥാനത്തു സൃഷ്ടിച്ചു.

കാൽനൂറ്റാണ്ട് പിന്നിടുന്ന വേളയിലും അന്ന് ആവിഷ്കരിച്ച ആസൂത്രണ തത്വങ്ങൾക്ക് അടിസ്ഥാനപരമായ ഒരു ഭേദഗതിയും ഉണ്ടായിട്ടില്ല. പദ്ധതി നിർവ്വഹണത്തിനുള്ള പ്രാപ്തിശേഷിയിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. പക്ഷെ, ശുഷ്കിക്കുന്ന ജനപങ്കാളിത്തം, അഴിമതിയുടെ തിരനോട്ടം, ബ്യൂറോക്രാറ്റിക് സമീപനങ്ങൾ, സംയോജനമില്ലായ്മ എന്നിവ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ പരിമിതികൾ ചൂണ്ടിക്കാണിക്കമ്പോഴും വളരെ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഒട്ടേറെ പഞ്ചായത്തുകളും നഗരസഭകളും ഇന്നും ഉണ്ടെന്നത് ഏറെ അഭിമാനകരമാണ്. അധികാര വികേന്ദ്രീകരണ റാങ്കിങ്ങിൽ ജനകീയാസൂത്രണം മുതൽ ഇന്നുവരെ കേരളം രാജ്യത്ത് ഒന്നാമതാണ്.

2015-ൽ കേന്ദ്രസർക്കാരിന്റെ കണക്കുപ്രകാരം കേരളത്തിൽ പൊതു ആരോഗ്യ സംവിധാനങ്ങളെ ഉപയോഗിക്കുന്ന കുടുംബങ്ങളുടെ ശതമാനം 34 ആയി ഉയർന്നു. 2018 ആയപ്പോഴേയ്ക്കും ഇതുവീണ്ടും 48 ശതമാനമായി ഉയർന്നു. ശിശുമരണ നിരക്ക് 7 ശതമാനമായി താഴ്ന്നു. ലോകാരോഗ്യ സംഘടന 2030 ആകുമ്പോൾ 8 ആകണമെന്നാണു ലക്ഷ്യമിട്ടിട്ടുള്ളത്. കൊവിഡ് കാലത്ത് നമ്മുടെ കീഴ്ത്തട്ട് ആരോഗ്യ മേഖലയുടെ കരുത്ത് നമ്മൾ അനുഭവിച്ചറിഞ്ഞു.

25 വർഷത്തെ നേട്ടങ്ങൾ എന്തൊക്കെ?

തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കൈമാറിയ വികസനമേഖലകളിൽ കഴിഞ്ഞ 25 വർഷക്കാലത്തിനിടയിൽ വിസ്മയകരമായ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്.

ആരോഗ്യം: തൊണ്ണൂറുകളായപ്പോഴേയ്ക്കും കേരളത്തിന്റെ അഭിമാനമായിരുന്ന ആരോഗ്യമേഖല തകർച്ചയുടെ നെല്ലിപ്പടിയിലേയ്ക്കു നീങ്ങുകയായിരുന്നു. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ 1991-ൽ പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ടു പ്രകാരം കേരളത്തിലെ കുടുംബങ്ങളുടെ 28 ശതമാനമേ പൊതു ആരോഗ്യ സംവിധാനങ്ങൾ ഉപയോഗിച്ചിരുന്നുള്ളൂ. ആരോഗ്യ ചെലവിന്റെ ദുർവ്വഹമായ വളർച്ച ദാരിദ്ര്യത്തിലേയ്ക്കു ജനങ്ങളെ തള്ളിവിട്ടു. പല ആരോഗ്യ സൂചികകളും മോശപ്പെട്ടു തുടങ്ങി. എന്നാൽ 2015-ൽ കേന്ദ്രസർക്കാരിന്റെ കണക്കു പ്രകാരം പൊതു ആരോഗ്യ സംവിധാനങ്ങളെ ഉപയോഗിക്കുന്ന കുടുംബങ്ങളുടെ ശതമാനം 34 ആയി ഉയർന്നു. 2018 ആയപ്പോഴേയ്ക്കും ഇതുവീണ്ടും 48 ശതമാനമായി ഉയർന്നു. ശിശുമരണ നിരക്ക് 7 ശതമാനമായി താഴ്ന്നു. ലോകാരോഗ്യ സംഘടന 2030 ആകുമ്പോൾ 8 ആകണമെന്നാണു ലക്ഷ്യമിട്ടിട്ടുള്ളത്. കൊവിഡ് കാലത്ത് നമ്മുടെ കീഴ്ത്തട്ട് ആരോഗ്യ മേഖലയുടെ കരുത്ത് നമ്മൾ അനുഭവിച്ചറിഞ്ഞു.

വിദ്യാഭ്യാസം: കേരളത്തിലെ ജനങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുകയും കുട്ടികളുടെ എണ്ണം ഒന്നോ രണ്ടോ ആയി കുറയുകയും ചെയ്തപ്പോൾ രക്ഷാകർത്താക്കളുടെ വിദ്യാഭ്യാസനിലവാര പ്രതീക്ഷകൾ കുത്തനെ ഉയർന്നു. എന്നാൽ അതനുസരിച്ച് പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനില

വാരം ഉയർന്നില്ല. ഇതിന്റെ ഫലമായി അൺ-എയ്ഡഡ് സ്കൂളുകളിലേയ്ക്ക് കുട്ടികൾ കൊഴിഞ്ഞുപോകാൻ തുടങ്ങി. ഈ മേഖലയിൽ 1991-ൽ 1.5 ലക്ഷം കുട്ടികൾ ഉണ്ടായിരുന്നു. 2016-17 ആയപ്പോഴേയ്ക്കും അത് 4.1 ലക്ഷമായി ഉയർന്നു. എന്നാൽ ഇന്ന് ഒഴുക്കിന്റെ ഗതി മാറിക്കഴിഞ്ഞു. 2016-2021 കാലത്ത് 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ 6.79 ലക്ഷം കുട്ടികൾ അധികമായി ചേർന്നു. വലിയൊരു സംഖ്യ കുട്ടികൾ അൺ-എയ്ഡഡ് സ്കൂളിൽ നിന്നും റ്റി.സി. വാങ്ങി പൊതു വിദ്യാലയങ്ങളിൽ ചേർന്നുവെന്നതു വ്യക്തമാണ്. നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ 100-ൽ 76.6 മാർക്കോടുകൂടി കേരളം ഒന്നാം സ്ഥാനത്താണ്.

പ്രാദേശിക റോഡുകൾ: 1995-96-ൽ 1,15,306 കിലോമീറ്റർ പ്രാദേശിക റോഡുകളാണ് ഉണ്ടായിരുന്നത്. 2018-19-ൽ ഇവയുടെ ദൈർഘ്യം 2,31,676 കിലോമീറ്ററായി ഉയർന്നു. ഏതാണ്ട് 20,000-ത്തോളം കിലോമീറ്റർ റോഡുകൾ ഈ കാലയളവിൽ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രാദേശിക റോഡുകളുടെ ഗുണനിലവാരത്തിൽ എത്ര വലിയ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്.

പാർപ്പിടം: 1970-കളിലെ ലക്ഷംവീട് പദ്ധതി ഇന്നും വലിയൊരു ഓർമ്മയാണ്. ആദ്യമാണ് സംസ്ഥാനത്ത് പൊതുപാർപ്പിട നിർമ്മാണത്തിനു തുടക്കം കുറിച്ചത്. പക്ഷെ ജനകീയാസൂത്രണത്തിന്റെ അഞ്ചു വർഷം കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ 5.7 ലക്ഷം വീടുകൾ പുതിയതായി നിർമ്മിച്ചു നൽകി. 13-ാം പദ്ധതിയുടെ അവസാനത്തോടെ (2021-22) 20 ലക്ഷം വീടുകളെങ്കിലും കേരളത്തിൽ പാവപ്പെട്ടവർക്കുവേണ്ടി നിർമ്മിച്ചിട്ടുണ്ട്. 2011-ലെ കാനേഷുമാരി കണക്കുകൾ കേരളത്തിലെ പാർപ്പിടങ്ങളുടെ മെച്ചപ്പെട്ട നിലയെ സാധൂകരിക്കുന്നുണ്ട്. കേരളത്തിൽ 77 ശതമാനം വീടുകളിലും കുടിവെള്ളം എത്തിയപ്പോൾ ഇന്ത്യയിൽ ഈ ശതമാനം 51 മാത്രമായിരുന്നു. കേരളത്തിലെ 95 ശതമാനം വീടുകളും വൈദ്യുതീകരിച്ചപ്പോൾ ദേശീയശരാശരി 67 ശതമാനമായിരുന്നു. കേരളത്തിൽ 95 ശതമാനം വീടുകൾക്കും കക്കൂസ് ഉണ്ടായപ്പോൾ ഇന്ത്യയിലെ തോത് 47 ശതമാനമായിരുന്നു. കേരളത്തിലെ വീടുകളിൽ 93 ശതമാനത്തിനും ഒരു മുറിയേക്കാൾ കൂടുതൽ ഉണ്ടായിരുന്നപ്പോൾ ഇന്ത്യയിൽ ഈ തോത് 59 ശതമാനമായിരുന്നു.

കേരളം സമ്പൂർണ്ണ ശുചിത്വവും വൈദ്യുതീകരണവും നേടിക്കഴിഞ്ഞു. സമ്പൂർണ്ണ കുടിവെള്ളവും പാർപ്പിടവും ലക്ഷ്യമിട്ടു കഴിഞ്ഞു.

കുടുംബശ്രീ: ജനകീയാസൂത്രണത്തിന്റെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന് കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ആവിർഭാവവും വ്യാപനവുമാണ്. സ്വയംസഹായ സംഘങ്ങൾ എല്ലാ സംസ്ഥാനത്തുമുണ്ട്. എല്ലാ രാജ്യങ്ങളിലുമുണ്ട്. എന്നാൽ കേരളത്തിലെ കുടുംബശ്രീ അവയിൽ നിന്നെല്ലാം വേറിട്ടു നിൽക്കുന്നു. ഇവ അയൽക്കൂട്ടങ്ങളാണ്. ജാതി-മത-പാർട്ടി ഭേദങ്ങൾക്ക് അതീതമായി അയലത്തുകാർക്കെല്ലാം ചേരാൻ അവകാശമുണ്ട്. സന്നദ്ധസംഘടനകളല്ല, തദ്ദേശഭരണ സ്ഥാപനങ്ങളാണ് അവയെ സ്പോൺസർ ചെയ്യുന്നത്. വായ്പ മാത്രമല്ല, വരുമാനദായക പദ്ധതികളും ഏറ്റെടുക്കുന്നു. എല്ലാത്തട്ട സർക്കാരിന്റെയും ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളുടെ പൊതു പ്ലാറ്റ്ഫോമാണ് ഈ സംവിധാനം. ഗ്രാമസഭകളുടെ അടിത്തറയാക്കാനാണ് ലക്ഷ്യം. സ്ത്രീശാക്തീകരണത്തിന്റെ ഉപാധിയാണ്. ഇന്ന് 2.77 ലക്ഷം അയൽക്കൂട്ടങ്ങളിൽ 43 ലക്ഷം കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളാണ്. 11,000 കോടി രൂപ ലഘുവായ്പ നൽകുന്നുണ്ട്. ഇതിൽ 7,000 കോടി രൂപ ബാങ്ക് ലിങ്കേജ് വായ്പയും 4,000 കോടി രൂപ അംഗങ്ങളുടെ ത്രിഫ്റ്റുമാണ്.

2011–ലെ കാനേഷുമാരി കണക്കുകൾ കേരളത്തിലെ പാർപ്പിടങ്ങളുടെ മെച്ചപ്പെട്ട നിലയെ സാധൂകരിക്കുന്നുണ്ട്. കേരളത്തിൽ 77 ശതമാനം വീടുകളിലും കുടിവെള്ളം എത്തിയപ്പോൾ ഇന്ത്യയിൽ ഈ ശതമാനം 51 മാത്രമായിരുന്നു. കേരളത്തിലെ 95 ശതമാനം വീടുകളും വൈദ്യുതീകരിച്ചപ്പോൾ ദേശീയശരാശരി 67 ശതമാനമായിരുന്നു. കേരളത്തിൽ 95 ശതമാനം വീടുകൾക്കും കക്കൂസ് ഉണ്ടായപ്പോൾ ഇന്ത്യയിലെ തോത് 47 ശതമാനമായിരുന്നു.

ദാരിദ്ര്യനിർമ്മാർജ്ജനം: കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക ദാരിദ്ര്യരേഖാ കണക്കപ്രകാരം 1993-94-ൽ കേരളത്തിലെ ദാരിദ്ര്യരേഖയ്ക്കു കീഴിൽ 25 ശതമാനം കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. 2011-12-ൽ ഇത് 6 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും വേഗതയിൽ ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. വരുമാനക്കണക്കപ്രകാരം 10 ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ യുഎൻഡിപി ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ ദരിദ്രരുടെ എണ്ണം കണക്കാക്കിയിട്ടുണ്ട്. അതുപ്രകാരം കേരള

ത്തിലെ ദരിദ്രരുടെ എണ്ണം 2005-06-നും 2015-16-നും ഇടയ്ക്ക് 13 ശതമാനത്തിൽ നിന്ന് 1 ശതമാനമായി കുറഞ്ഞിട്ടുണ്ട്. അഗതിനിർമ്മാർജ്ജനത്തിനുള്ള ആശ്രയ പദ്ധതി, ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ബഡ്സ്സ്കൂളുകൾ, പാലിയേറ്റീവ് ശൃംഖലകൾക്കുള്ള പ്രോത്സാഹനം തുടങ്ങിയവയൊക്കെ ഈയൊരു സാഹചര്യത്തിൽ വിലയിരുത്തേണ്ടതാണ്.

കോട്ടങ്ങൾ എന്തൊക്കെ?

ജനകീയാസൂത്രണം തുടങ്ങിയ കാലത്ത് വിഭാവനം ചെയ്ത നിലയിലേയ്ക്ക് കേരളം മാറിയിട്ടില്ല. തിരുത്തേണ്ട ഒരുപാടു ദൗർബല്യങ്ങൾ ഇനിയുമുണ്ട്. അതിൽ അത്ഭുതപ്പെടാനില്ല. ജനകീയാസൂത്രണം ഒരു മഹാവിസ്ഫോടനമായിട്ടാണ് തുടങ്ങിയതെങ്കിലും അനിവാര്യമായി ഉണ്ടാകുന്ന ദൗർബല്യങ്ങൾ തിരുത്തി വ്യവസ്ഥാപിതമാക്കുന്നതിന്റെ പ്രക്രിയ താരതമ്യേന പതുക്കെ മാത്രം നടക്കുന്ന ഒരു പ്രക്രിയയാണ്.

ജനപങ്കാളിത്തം: ഏറ്റവും വലിയ പ്രശ്നം ജനകീയ പങ്കാളിത്തം ശോഷിക്കുന്നുവെന്നുള്ളതാണ്. ഇതിനു പരിഹാരം ഗ്രാമസഭകളുടെ ഉപഘടകങ്ങളായി കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും റെസിഡൻസ് അസോസിയേഷനുകളെയും വളർത്തിയെടുക്കുക എന്നുള്ളതാണ്. ഗ്രാമസഭകൾക്കുമുമ്പ് ഈ വേദികളിൽ അജണ്ട വിശദമായി ചർച്ച ചെയ്യുകയും, ഗ്രാമസഭയിൽ പ്രതിനിധികൾക്ക് ഉന്നയിക്കാനുള്ള സന്ദർഭം കൊടുക്കുകയും വേണം. അഴിമതി നിർമ്മാർജ്ജനം ചെയ്യാനായിട്ടില്ല. അതു കൂടുന്നുവെന്ന വിമർശനവുമുണ്ട്. പൗരാവകാശരേഖയും സോഷ്യൽ ഓഡിറ്റുമാണു പ്രതിവിധി. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഇന്നു നിലനിൽക്കുന്ന സൂക്ഷ്മതല പങ്കാളിത്തവേദികളുണ്ട്. സ്കൂൾ, ആശുപത്രി കമ്മിറ്റികൾ, മോണിറ്ററിംഗ് കമ്മിറ്റികൾ, നിർവ്വഹണ കമ്മിറ്റികൾ, കർമ്മസമിതികൾ തുടങ്ങിയവയെല്ലാം ശക്തിപ്പെടുത്തണം. കൂടുതൽ വിദഗ്ധരെ എങ്ങനെ ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ പങ്കാളികളാക്കാം എന്നതിനെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്.

ഉൽപ്പാദനമേഖലകൾ: ഉൽപ്പാദനമേഖലകളിലെ ദൗർബല്യം എല്ലാവരും എടുത്തുപറയുന്നതാണ്. പക്ഷെ ഇതിന് ഉത്തരവും ഇന്നു നമുക്കുണ്ട്. കാർഷിക മേഖലയുടെ വളർച്ചയുടെ മാർഗ്ഗം സുഭിക്ഷകേരളം പദ്ധതിയാണ്. 1000 പേർക്ക് 5 വീതം തൊഴിലുകൾ സൃഷ്ടിക്കുകയെന്നത് തദ്ദേശഭരണ സ്ഥാപനങ്ങളെ ചെറുകിട വ്യവസായങ്ങളുടെ കേന്ദ്രമാക്കും. ഇവിടങ്ങളിലെല്ലാം നൂതനവിദ്യകൾ സന്നിവേശിപ്പിക്കുന്നതിന് ഉത്തേജനം നൽകുന്നതാണ് വിജ്ഞാനസമൂഹ സങ്കൽപ്പം.

ദുർബലവിഭാഗങ്ങൾ: പട്ടികവിഭാഗങ്ങൾ അടക്കമുള്ള ദുർബലവിഭാഗങ്ങൾ ആസൂത്രണ പ്രക്രിയയിൽ വേണ്ടത്ര പരിഗണിക്കപ്പെട്ടിട്ടില്ലായെന്ന വിമർശനമുണ്ട്. അതിദാരിദ്ര്യം ഒഴിവാക്കാനുള്ള ബൃഹത്തായ പരിപാടി ഈ പോരായ്മ പരിഹരിക്കാൻ ഉപയോഗപ്പെടുത്താനാകും.

സംയോജിതപരിപാടി: ഇന്നത്തെ ആസൂത്രണത്തിന്റെ ഒരു പ്രധാന പോരായ്മ വേണ്ടത്ര സംയോജിത പരിപാടികൾ ആവിഷ്കരിക്കപ്പെടുന്നില്ലായെന്നുള്ളതാണ്. ജില്ലാ പദ്ധതിയാണ് വിവിധതട്ട സർക്കാരുകളുടെ പദ്ധതികളും പരിപാടികളും പ്രാദേശികതലത്തിൽ ഉദ്ഗ്രഥിക്കപ്പെടും എന്നതിന് ഉറപ്പ്. ഇതിനുള്ള രീതി സമ്പ്രദായം ഏതാണ്ട തീർപ്പാക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഏകോപിത പ്രവർത്തനം കൊണ്ടുവരുന്നതിനു ഡി.പി.സി.കൾ മുൻകൈയെടുക്കാൻ അവരെ പ്രാപ്തരാക്കണം. ഇതിന് സന്നദ്ധാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വിദഗ്ധർ അത്യന്താപേക്ഷിതമാണ്.

സംയോജിത പരിപാടികളുടെ മറ്റൊരു മാർഗ്ഗം പ്രശ്നാധിഷ്ഠിതമായി സംയോജനം ഉറപ്പുവരുത്തുകയാണ്. ആരോഗ്യത്തിലും വിദ്യാഭ്യാസത്തിലും ഇത് ഒരു പരിധിവരെ നടക്കുന്നുണ്ട്. പക്ഷെ കാർഷിക മേഖലയിൽ ഇല്ല. ഇതിന് നീർത്തടാടിസ്ഥാനത്തിലുള്ള ആസൂത്രമാണ് പ്രതിവിധി. ഇക്കാര്യത്തിലും നമുക്കു മാതൃകകളുണ്ട്. ആവശ്യമെങ്കിൽ ഒരു കാമ്പയിന്റെ അടിസ്ഥാനത്തിൽ നീർത്തടാസൂത്രണം ഏറ്റെടുക്കണം. പ്രാദേശിക ദുരന്ത നിവാരണ ആക്ഷൻ പ്ലാനിന്റെ നിർമ്മാണവും ഇതുമായി കൂട്ടിച്ചേർക്കാവുന്നതാണ്. ശുചിത്വ പരിപാടിയും പാരിസ്ഥിതിക സംതുലനാവസ്ഥയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളും ശക്തിപ്പെടുത്താനും ഇത്തരമൊരു സമീപനം അത്യന്താപേക്ഷിതമാണ്.

സ്ത്രീകൾക്കുനേരെയുള്ള അതിക്രമം: സ്ത്രീകൾക്കു നേരെയുള്ള വർദ്ധിക്കുന്ന അതിക്രമങ്ങൾ നമ്മുടെ നാടിനൊരു നാണക്കേടാണ്. ഇതിനുള്ള ഫലപ്രദമായ പരിഹാരമാണ് ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ അതിക്രമങ്ങൾ കുറയ്ക്കാനുള്ള ബോധവൽക്കരണവും പദ്ധതികളും. വനിതാ ഘടകപദ്ധതിയുടെ അടിസ്ഥാനലക്ഷ്യം ഇതാവണം. ഇവയ്ക്കുള്ള ഏറ്റവും നല്ല ഉപാധി കുടുംബശ്രീയാണ്.

> ഏറ്റവും വലിയ പ്രശ്നം ജനകീയ പങ്കാളിത്തം ശോഷിക്കുന്നുവെന്നുള്ളതാണ്. ഇതിനു പരിഹാരം ഗ്രാമസഭകളുടെ ഉപഘടകങ്ങളായി കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും റെസിഡൻസ് അസോസിയേഷനുകളെയും വളർത്തിയെടുക്കുക എന്നുള്ളതാണ്. ഗ്രാമസഭകൾക്കുമുമ്പ് ഈ വേദികളിൽ അജണ്ട വിശദമായി ചർച്ച ചെയ്യുകയും, ഗ്രാമസഭയിൽ പ്രതിനിധികൾക്ക് ഉന്നയിക്കാനുള്ള സന്ദർഭം കൊടുക്കുകയും വേണം.

ദൗർബല്യങ്ങൾ പരിഹരിക്കപ്പെടുമെന്ന് ഉറപ്പ് എന്ത്?

ഉറപ്പ് നമ്മൾ തന്നെ. മുകളിൽ സൂചിപ്പിച്ച ഏതാണ്ട് എല്ലാ കാര്യങ്ങളും സംസ്ഥാന സർക്കാർ നയപരമായി അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ അംഗീകരിച്ചതുകൊണ്ട് അവ നടക്കണമെന്നില്ല. അതിനുള്ള ഗ്യാരണ്ടി കീഴ്ത്തട്ടിൽ നമ്മൾ ഇടപെടുക എന്നുള്ളതാണ്. അങ്ങനെ കീഴ്ത്തട്ടിൽ ഇടപെടുന്നതിനുള്ള ജനാധിപത്യയിടം കേരളത്തിൽ സൃഷ്ടിക്കപ്പെട്ടുവെന്നുള്ളതാണ് ജനകീയാസൂത്രണത്തിന്റെ ഏറ്റവും വലിയ നേട്ടം. വളരെ നന്നായി പ്രവർത്തിക്കുന്ന എത്രയോ തദ്ദേശഭരണ സ്ഥാപനങ്ങളെ നമുക്ക് കാണാനാകുമല്ലോ. അവർക്ക് ആകാമെങ്കിൽ എന്തുകൊണ്ടു മറ്റുള്ളവർക്ക് ആയിക്കൂടാ? അതിനുവേണ്ടി പോരാടുന്നതിനുള്ള ജനാധിപത്യ അവകാശവും വേദിയും ജനകീയാസൂത്രണം പൗരൻമാർക്ക് ഉറപ്പുവരുത്തിയിട്ടുണ്ട്.

അധികാരവികേന്ദ്രീകരണം എല്ലാം നന്നാവുമെന്ന് ഒരു ഉറപ്പും നൽകുന്നില്ല. എന്നാൽ നന്നാവണമെന്ന് ആഗ്രഹിക്കുന്നവർക്ക് അങ്ങനെയാകാൻ ഒരു തടസ്സവുമില്ല. നന്നാക്കണമെന്ന് ആഗ്രഹിക്കുന്നവർക്കും ഇടപെടാനാകും. ഇതാണു വികേന്ദ്രീകൃത ജനാധിപത്യവൽക്കരണത്തിന്റെ നേട്ടം. □

ലേഖകൻ മുൻ ധനകാര്യവകുപ്പ് മന്ത്രിയാണ്

ജനകീയാസൂത്രണവും സ്ത്രീപദവിയും

■ ഡോ. പി.എസ്. ശ്രീകല

അധികാരവികേന്ദ്രീകരണം ജനാധിപത്യത്തിന്റെ അടിസ്ഥാനഘടകമാണ്. അധികാരം കേന്ദ്രീകരിക്കപ്പെടുന്ന അവസ്ഥയിൽ ജനാധിപത്യത്തിന്റെ ആശയം പൂർണ്ണാർത്ഥത്തിൽ പ്രാവർത്തികമാവുകയില്ല. അധികാരം ഏതുവിഭാഗത്തിലാണോ കേന്ദ്രീകരിക്കുന്നത് ആ വിഭാഗത്തിന് താല്പര്യമുള്ള വിധത്തിൽ ജനാധിപത്യത്തെ മാറ്റിത്തീർക്കാൻ ആ വിഭാഗത്തിന് കഴിയും. വർഗ്ഗവിഭജിതമായ ഒരു സമൂഹത്തിൽ അധികാരം കൈവശമുള്ള വർഗ്ഗത്തിന്റെ താല്പര്യത്തിനായിരിക്കും സ്വാഭാവികമായും പ്രാധാന്യം. അധികാരത്തിനു പുറത്തു നിൽക്കുന്ന വർഗ്ഗം വിവേചനത്തിനും അടിച്ചമർത്തലിനും വിധേയരാകും. ഈ വിഭാഗത്തിന്റെ അസ്വസ്ഥതയും അസംതൃപ്തിയും പ്രതിഷേധമായി രൂപപ്പെടുകയും അധികാരവർഗ്ഗത്തിനെതിരായ സമരം പല രൂപത്തിൽ സമൂഹത്തിൽ വളരുകയും ചെയ്യും. സമൂഹത്തിന്റെ ഇതുവരെയുള്ള ചരിത്രം ഇത്തരം സമരങ്ങളുടെ ചരിത്രമാണ്.

കേന്ദ്രീകൃത അധികാരവ്യവസ്ഥയുടെ തിക്തമായ പ്രത്യാഘാതം അനുഭവിക്കുന്ന വിഭാഗങ്ങളിൽ പ്രബലമായ ഒരു വിഭാഗമാണ് സ്ത്രീകൾ. ജനാധിപത്യവ്യവസ്ഥയിലും സ്ത്രീകൾ രണ്ടാംതരം പൗരരായി തുടരേണ്ടി വരുന്നതിന്റെ ഒരു കാരണം അധികാരകേന്ദ്രീകരണമാണ്. വർഗ്ഗവിഭജിതമായ സമൂഹത്തിന്റെ ഒരു സവിശേഷതയാണ് പുരുഷാധിപത്യ വ്യവസ്ഥ. പുരുഷകേന്ദ്രിതമായ അധികാരവ്യവസ്ഥയാണത്. അതിന്റെ മൂല്യബോധം പുരുഷന്മാരിൽ മാത്രമല്ല പ്രവർത്തിക്കുക. സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടുന്ന സമൂഹത്തിന്റേതന്നെ മൂല്യബോധമായി അത് നിലനിൽക്കും. അധികാരം ആരുടെ കയ്യിലാണോ അവരുടെ ആശയങ്ങളെ സമൂഹത്തിന്റെ പൊതു മൂല്യബോധമാക്കി മാറ്റാൻ അവർക്കു കഴിയും എന്നതുകൊണ്ടാണത്. തുല്യത, നീതി, സ്വാതന്ത്ര്യം തുടങ്ങിയ ജനാധിപത്യമൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒരു വർഗ്ഗത്തിലല്ല ഇന്ന് അധികാരം കേന്ദ്രീകരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ ആശയങ്ങൾ സമൂഹത്തിൽ പ്രബലമാകാതിരിക്കാൻ അധികാരവർഗ്ഗം ശ്രമിക്കും. ഒരു വിഭാഗത്തിനെ അടിച്ചമർത്തിക്കൊണ്ടുമാത്രമേ ആ അധികാരത്തിനു നിലനിൽപ്പുള്ളൂ. ദാരിദ്ര്യം, അസമത്വം തുടങ്ങിയവ ഈ അടിച്ചമർത്തലിന്റെ ഫലമാണ്. സ്ത്രീകളെ രണ്ടാംതരം പൗരരാക്കുന്ന അഥവാ, സ്ത്രീകളെ അടിച്ചമർത്തുന്ന പുരുഷാധിപത്യ വ്യവസ്ഥയെ ശക്തമാക്കി നിലനിർത്തുന്നത് ഈ അധികാരവർഗ്ഗമാണ്.

അധികാര വികേന്ദ്രീകരണം ഈ അധികാരവർഗ്ഗത്തിനേൽക്കുന്ന കനത്ത പ്രഹരമാണ്. ഇന്ത്യൻ ഭരണകൂടം അത് ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് ഭരണഘടനാഭേദഗതിയിലൂടെ ത്രിതലപഞ്ചായത്ത്

സംവിധാനം നിലവിൽവന്നുവെങ്കിലും ശരിയായ അർത്ഥത്തിൽ അത് രാജ്യത്ത് പ്രാവർത്തികമാകാത്തത്. ഇവിടെയാണ് മറ്റ പല മേഖലയിലുമെന്നപോലെ വ്യത്യസ്ത മാതൃകയായി കേരളം മാറുന്നത്.

അധികാരവികേന്ദ്രീകരണത്തിലൂടെ കേന്ദ്രീകൃത അധികാരത്തെ പഞ്ചായത്തുക ളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും കോർപറേഷനുകളിലേക്കും വികേന്ദ്രീകരിച്ചപ്പോൾ ജനങ്ങൾ അധികാരപ്രക്രിയയിൽ നേരിട്ട് പങ്കാളികളാവുന്ന സ്ഥിതിയാണ് കേരളത്തിൽ ഉണ്ടായത്. ഗ്രാമസഭ, വാർഡുസഭ തുടങ്ങിയ ജനകീയ സമിതികളെ സക്രിയമാക്കാൻ കേരളത്തിന് കഴിഞ്ഞു. ഇക്കാര്യത്തിൽ ജനകീയാസൂത്രണം എന്ന സവിശേഷ പദ്ധതിയാണ് കേരളത്തിന് സഹായകമായത്.

ജനകീയാസൂത്രണത്തിലൂടെ നാടിന്റെ വികസന പ്രക്രിയയിൽ ജനങ്ങൾ നേരിട്ട് പങ്കാളികളാവാൻ തുടങ്ങി. വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്ടു തന്നെ ശരിയായ ദിശയിലേക്ക് നീങ്ങി. ഒരു പ്രദേശത്തിന് ആവശ്യമായ വികസനപദ്ധതി ആ പ്രദേശത്തെ ജനങ്ങൾ തന്നെ തീരുമാനിക്കുന്ന സ്ഥിതിയുണ്ടായി.

1996-ൽ ജനകീയാസൂത്രണം ആരംഭിക്കുമ്പോൾ, ദീർഘകാലമായി ഇ.എം.എസ്. മുന്നോട്ടുവച്ച ആശയം യാഥാർത്ഥ്യമാവുകയായിരുന്നു. കേരളം, മറ്റൊരു ജനകീയയജ്ഞത്തിന് സാക്ഷിയാവുകയുമായിരുന്നു. 1990-ലെ സമ്പൂർണ്ണ സാക്ഷരതായജ്ഞമായിരുന്ന അതിനുമുമ്പ്, ഐക്യകേരളപ്പിറവിക്കുശേഷം കേരളത്തിൽ നടന്ന ഏറ്റവും വലിയ ജനകീയ സംരംഭം. ജനകീയാസൂത്രണത്തിലൂടെ നാടിന്റെ വികസന പ്രക്രിയയിൽ ജനങ്ങൾ നേരിട്ട് പങ്കാളികളാവാൻ തുടങ്ങി. വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്ടു തന്നെ ശരിയായ ദിശയിലേക്ക് നീങ്ങി. ഒരു പ്രദേശത്തിന് ആവശ്യമായ വികസനപദ്ധതി ആ പ്രദേശത്തെ ജനങ്ങൾ തന്നെ തീരുമാനിക്കുന്ന സ്ഥിതിയുണ്ടായി. വികസന പദ്ധതികൾ കേന്ദ്രീകൃതമായി തീരുമാനിച്ച് താഴെത്തലത്തിൽ നടപ്പിലാക്കുന്ന പ്രവണതയ്ക്ക് മാറ്റംവന്നു.

ഈ മാറ്റം സ്ത്രീകളുടെ ജീവിതാവസ്ഥയിലും സാമൂഹ്യ ഇടപെടലിലും മാറ്റങ്ങൾ സൃഷ്ടിച്ചു. വാർഡുസഭ എന്ന ജനകീയ സമിതി സ്ത്രീകൾ കൂടി ഉൾപ്പെടുന്നതാവണമെന്നനിഷ്കർഷ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തി. ഒരു പ്രദേശത്തിന്റെ വികസനത്തിൽ സ്ത്രീകളുടെ അഭിപ്രായങ്ങൾക്കും ഇടമുണ്ടായി. സ്ത്രീകളുടെ ആവശ്യങ്ങളും വാർഡ്സഭകളിൽ ഉയർന്നു കേൾക്കാൻ തുടങ്ങി. അവയും പരിഗണിക്കേണ്ടതുണ്ടെന്ന ആവശ്യകത സമൂഹത്തിന് ഒരു പരിധി വരെയെങ്കിലും ബോധ്യപ്പെടാൻ തുടങ്ങി. പൊതുപദ്ധതികളിലും സ്ത്രീകൾക്ക് മാത്രമായുള്ള പദ്ധതികളിലും സ്ത്രീകളുടെ കൂടി അഭിപ്രായങ്ങൾക്ക് പ്രാമുഖ്യം ലഭിച്ചു. തീരുമാനമെടുക്കലിൽ നിർണ്ണായക ഘടകമായി സ്ത്രീകൾ മാറി.

ഇതോടൊപ്പം വനിതാ സംവരണം കൂടി നിലവിൽവന്നതോടെ, അധികാരപ്രക്രിയയിൽ അൻപതു ശതമാനം സ്ത്രീകൾ നേരിട്ട് ഭാഗമായി. സ്ത്രീപക്ഷ വികസനനയങ്ങൾ നടപ്പിലാക്കാൻ നേതൃപരമായ ഈ പങ്കാളിത്തം വലിയൊരളവോളം സഹായകമായി. തീരുമാനങ്ങൾ അനുസരിക്കാൻ മാത്രം വിധിക്കപ്പെട്ടിരുന്ന സ്ത്രീകൾ തീരുമാനമെടുക്കൽ പ്രക്രിയയിലെ നിർണ്ണായക ശക്തിയായി മാറി. ഇത് സമൂഹത്തിലും കുടുംബത്തിനുള്ളിലും സ്ത്രീയുടെ പദവിയിൽ കാര്യമായ സ്വാധീനം ചെലുത്തി എന്നത് യാഥാർത്ഥ്യമാണ്. □

ലേഖിക സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറാണ്

വികേന്ദ്രീകൃതാസൂത്രണത്തിന്റെ കാൽനൂറ്റാണ്ടും ആരോഗ്യരംഗവും

■ ഡോ. സി.കെ. ജഗദീശൻ

കേരളത്തിലെ ആരോഗ്യരംഗത്തെ വികേന്ദ്രീകൃതാസൂത്രണം ഏറെ സന്തോഷത്തോടെ മാത്രം തിരിഞ്ഞുനോക്കാൻ കഴിയുന്ന ഒന്നാണ്. പുതിയൊരു സംവിധാനത്തിലേയ്ക്ക് മാറുന്നതിന്റെ സ്വാഭാവികമായ ചില ബുദ്ധിമുട്ടുകൾ ആദ്യകാലങ്ങളിൽ ഉണ്ടായത്, മാറ്റിവച്ചാൽ, രണ്ടാം പകുതിയിൽ ആരോഗ്യരംഗത്തെ ഇടപെടലുകളിലും, വികസന പ്രവർത്തനങ്ങളിലും നമുക്ക് അഭിമാനകരമായ രീതിയിൽ മുന്നോട്ട് പോകാനായിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷക്കാലം നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള ആർദ്രംമിഷനും കൂടി ആയതോടെ, വലിയൊരു കുതിച്ചുചാട്ടം തന്നെ ഈ മേഖലയിൽ സംഭവിക്കുകയുണ്ടായി. 2019 ലെ നാഷണൽ സാമ്പിൾ സർവ്വെ കണക്കനുസരിച്ച് 48% ജനങ്ങൾ ചികിത്സയ്ക്ക് പൊതുമേഖല സംവിധാനങ്ങളെ ആശ്രയിക്കുന്നു എന്നത് വലിയൊരു നേട്ടം തന്നെയാണ്.

കൊവിഡ് കാലത്ത് താഴെ തട്ടിൽ ആരോഗ്യവകുപ്പുമായി ചേർന്നുള്ള കൊവിഡ് നിയന്ത്രണത്തിന്റെ ഏകോപനത്തിലും, സർവ്വെയലൻസിയും, കോൺട്രാക്ട് ട്രെയി

നിങ്ങിലും, അവശ്യസേവനങ്ങളും, മരുന്നും മറ്റും കുടുംബങ്ങളിൽ എത്തിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിച്ചുവരുന്ന പങ്ക് ലോകശ്രദ്ധ പിടിച്ചു പറ്റിയ കാര്യമാണ ല്ലോ. ലോകത്തിന് മാതൃകമായ ജനപങ്കാ ളിത്തത്തോടെയുള്ള വികേന്ദ്രീകൃതമായ സാന്ത്വനപരിചരണവും എടുത്തുപറയേണ്ട താണ്. ആരോഗ്യരംഗത്ത് കേരളത്തിന്റെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ നല്ല മാതൃക ഉയർത്തിക്കാട്ടി കേന്ദ്രത്തിന്റെ 15-ാം ധനകാര്യകമ്മീഷൻ വഴിയുള്ള ഹെൽത്ത് ഗ്രാന്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കാൻ തീരുമാനിച്ചതും, കേരളത്തി ന്റെ മാതൃക പിന്തുടരാൻ മറ്റ സംസ്ഥാനങ്ങ ളോട്, ആവശ്യപ്പെടുന്നതും നമുക്ക് സന്തോഷം നൽകുന്ന കാര്യമാണ്.

ആദ്യഘട്ടത്തിൽ 1995-ൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് ആദ്യമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാ റിയത്. ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴോടെ ജില്ലാ ആശുപത്രികള ടക്കമുള്ള ആശുപത്രികളും (ജനറൽ ആശു പത്രികളും, സ്പെഷ്യാലിറ്റി ആശുപത്രികളും, മെഡിക്കൽ കോളേജുകളും ഒഴികെ) ത്രിതല പഞ്ചായത്തിരാജ് സംവിധാനത്തിലേക്ക് മാറ്റപ്പെട്ടു. ആദ്യവർഷങ്ങളിൽ, ആരോഗ്യരം ഗത്ത് പ്രത്യേകിച്ച് അലോപ്പതി മേഖലയിൽ നിന്നുള്ള ഡോക്ടർമാരുടെ പങ്കാളിത്തം കുറവായിരുന്നു എന്ന കാര്യം പലരും ചൂണ്ടി ക്കാട്ടുകയുണ്ടായിട്ടുണ്ട്. പടിപടിയായി മാറ്റം വന്ന ഈ രംഗത്ത് ആരോഗ്യസ്ഥാപനങ്ങ ളുടെ ടീമും തദ്ദേശഭരണ സ്ഥാപന ടീമും ഒത്തുചേർന്ന് സ്ഥാപനങ്ങളുടെ വികസന ത്തിനും, ആരോഗ്യപ്രവർത്തനങ്ങളുടെ നടത്തിപ്പിലും ഗുണകരമായ ഒരുപാട് കാര്യ ങ്ങൾ ചെയ്തുവരുന്നതാണ്, ഇപ്പോൾ പൊതുവിൽ കാണാൻ കഴിയുന്നത്. അനാ കർഷകവും, ഇല്ലായ്മകളുമൊക്കെയായി, വളരെകുറച്ച് പേർക്ക് മാത്രം സേവനം നൽകി വന്നിരുന്ന നമ്മുടെ പ്രാഥമിക

> ആരോഗ്യരംഗത്ത് കേരളത്തിന്റെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ നല്ല മാതൃക ഉയർത്തിക്കാട്ടി കേന്ദ്രത്തിന്റെ 15-ാം ധനകാര്യകമ്മീഷൻ വഴിയുള്ള ഹെൽത്ത് ഗ്രാന്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കാൻ തീരുമാനിച്ചതും, കേരളത്തിന്റെ മാതൃക പിന്തുടരാൻ മറ്റ സംസ്ഥാനങ്ങളോട്, ആവശ്യപ്പെട്ടുന്നതും നമുക്ക് സന്തോഷം നൽകുന്ന കാര്യമാണ്.

ആരോഗ്യ കേന്ദ്രങ്ങൾ പടിപടിയായി വിക സിപ്പിച്ച് , ഇന്നിപ്പോൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഗ്രാമീണ മേഖലയിലെ തലയെടുപ്പുള്ള സ്ഥാപനങ്ങളായി മാറിയി രിക്കുകയാണ്. ആർദ്രം മിഷൻ വഴി നിയമിച്ച ഡോക്ടർമാർക്കും സ്റ്റാഫിനും പുറമേ പഞ്ചായത്തുകൾ വഴി താല്ക്കാലിക മായി നിയമിച്ച ഡോക്ടർമാരുടേയും മറ്റ് സ്റ്റാഫിന്റേയും കൂടി സേവനം ലഭ്യമാകുന്ന തോടെ വൈകിട്ട് 6 മണിവരെ സേവനം നൽകാൻ ഇവയ്ക്ക് കഴിയുന്നു. ആരോഗ്യവകു പ്പിന്റെ ഫണ്ടിനൊപ്പം, പഞ്ചായത്തുകളുടെ ഫണ്ടുകൂടി ചേർത്ത് ലബോറട്ടറി സൗകര്യ ങ്ങളും, വിശാലമായ കാത്തിരിപ്പ് സ്ഥലങ്ങ ളും രോഗീസൗഹൃദമായ ഇരിപ്പിടങ്ങളും, ടോയ് ലറ്റ് കുടിവെള്ള സൗകര്യങ്ങളും, മുല യൂട്ടൽ മുറികളുമൊക്കെച്ചേർത്ത് ആകർഷ കമായി മാറിയിരിക്കുന്നു. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും, താലൂക്ക് ജില്ലാ തല ആശുപത്രികളുമൊക്കെ വലിയൊരു മാറ്റത്തിന്റെ പാതയിലാണ്. ഈ വിഭാഗം ആശുപത്രികൾ രോഗീസൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. കിഫ്ബി, നബാർഡ് സഹായങ്ങളോടെയു ള്ള മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ കൂടി പൂർത്തിയാകുന്ന തോടെ വിദഗ്ധചികിത്സയ്ക്ക് സ്വകാര്യ ആശു പത്രികളെ ആശ്രയിക്കേണ്ടിവരുന്ന അവസ്ഥയിലും നമുക്ക് വലിയ കുറവ് വരു ത്താനാവും.

ഈയൊരു ചെറുകുറിപ്പിൽ കഴിഞ്ഞ 25 വർഷത്തെ മുഴുവൻ കാര്യങ്ങളും സമഗ്രമായി നോക്കിക്കാണുന്നതിന് പരിമിതിയുണ്ട്. ആരംഭകാല വർഷങ്ങളടങ്ങുന്ന ഒന്നാംഘ ട്ടം, പാലിയേറ്റീവ് പരിചരണ പരിപാടികള ടക്കമുള്ള പൊതുജനാരോഗ്യ പ്രവർത്തനങ്ങ ൾക്കുമൊക്കെ ആക്കം കൂട്ടിയ രണ്ടാംഘട്ടം, ആർദ്രം മിഷൻ ഇംപ്ലിമെന്റേഷൻ ആരംഭി ച്ചതു മുതലുള്ള കഴിഞ്ഞ അഞ്ചുവർഷക്കാലം, എന്നിങ്ങനെ കൃത്യമായി വർഷം തിരി യ്ക്കാതെ ഇക്കാര്യങ്ങളൊന്ന് ഓടിച്ചു നോക്കാ നാണ് നാമിവിടെ ശ്രമിക്കുന്നത്.

ആദ്യഘട്ടം

നാം മുമ്പ് സൂചിപ്പിച്ചതുപോലെ ഉന്നത വിദ്യാഭ്യാസം നേടിയ പ്രൊഫഷണലുകൾ എന്ന നിലയ്ക്ക് ഡോക്ടർമാർ സംസ്ഥാന ജില്ലാ സ്ഥാപനതല ഭരണസംവിധാനങ്ങ ൾക്ക് നേതൃത്വം നൽകുന്ന ഈ വകുപ്പിൽ ഒരുപാട് കാലമായി തുടർന്നുവരുന്ന സംവി

ധാനത്തിൽ നിന്നുള്ള മാറ്റം ഡോക്ടർമാർക്കിടയിൽ ഒരു വലിയ വിഭാഗത്തിന് പരിഭ്രാന്തിയുണ്ടാക്കിയിരുന്നു. ആരോഗ്യവകുപ്പിൽ നിന്ന് തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് ഉടമസ്ഥതയല്ല കൈമാറിയത് നടത്തിപ്പ് ചുമതലയാണെന്ന വ്യക്തത വരുത്തൽ പിന്നീട് ഏറെ സഹായകമായി. ചിലയിടങ്ങളിലെങ്കിലുമുണ്ടായ പ്രശ്നങ്ങൾ (അറ്റന്റൻസ് വെരിഫിക്കേഷൻ, അധികാര പ്രയോഗങ്ങളോടെയുള്ള സ്ഥാപനസന്ദർശനങ്ങളുമൊക്കെ) ആദ്യകാലങ്ങളിലെ ഒരു change management കാര്യമായി കാണാനാണ് എനിക്കിഷ്ടം.

ത്രിതല ആരോഗ്യ സംവിധാനത്തിന്റെ ഭാഗമായി ഓരോ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളും എങ്ങനെ വികസിപ്പിക്കണമെന്ന കാര്യത്തിൽ കൃത്യമായ മാർഗ്ഗരേഖകൾ ആ കാലത്ത് നിലവിലുണ്ടായിരുന്നില്ല. ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കി അതിനെ വലിയൊരു കുറവായി ഇന്ന് ചിത്രീകരിക്കുന്നതിലും അർത്ഥമില്ല. എല്ലാ തയ്യാറെടുപ്പുകളുമായി ഇത്തരമൊരു വിപ്ലവകരമായ മാറ്റത്തിന്റെ തുടക്കം കുറിക്കുന്നതിനും പരിമിതിയുണ്ട്. ഇക്കാരണം കൊണ്ട് കൂടിയാവാം, പല ഗ്രാമപഞ്ചായത്ത് തലത്തിലും അനുവദിക്കപ്പെട്ട ഇൻപേഷ്യന്റ് വിഭാഗവും, ആനുപാതികമായ സ്റ്റാഫും അനുബന്ധ സൗകര്യങ്ങളുമൊന്നുമില്ലാതതന്നെ, (തങ്ങളുടെ ആരോഗ്യസ്ഥാപനങ്ങളെക്കുറിച്ച് നടപ്പ് രീതിയിലുള്ള സ്വപ്നങ്ങൾ കണ്ടുകൊണ്ട്) കിടത്തി ചികിത്സയുള്ള കെട്ടിടങ്ങൾ പലയിടങ്ങളിലും നിർമ്മിക്കുകയുണ്ടായി. കുറേക്കാലം ഉപയോഗിക്കാതെ കിടന്നെങ്കിലും, ഇന്നിപ്പോൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഇതെല്ലാം ഫലപ്രദമായി ഉപയോഗപ്പെടുത്താനാവുന്നുണ്ട്.

താല്ക്കാലിക സംവിധാനമായി മാത്രമേ കാണാനാവൂ എങ്കിലും, പഞ്ചായത്തുകളുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ പലയിടങ്ങളിലും സംഘടിപ്പിക്കപ്പെടുകയുണ്ടായി. സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ അക്കാലങ്ങളിൽ മരുന്നിന് പലപ്പോഴും വലിയ ക്ഷാമം അനുഭവപ്പെടാറുണ്ടായിരുന്നു. പഞ്ചായത്തുകൾ വഴിയുള്ള മരുന്ന് വാങ്ങൽ ഇതിനൊരു പരിഹാരമായി പലയിടങ്ങളിലും പ്രോജക്ട് രൂപത്തിൽ ചെയ്യുകയുണ്ടായി. പകർച്ചവ്യാധി നിയന്ത്രണത്തിനും കൊതുകുനിയന്ത്രണത്തിനുമൊക്കെയുള്ള പ്രോജക്ടുകളും പ്രയോജന പ്രദമായിരുന്നു.

2005 മുതൽ രാജ്യത്ത് നടപ്പിലാക്കാനാരംഭിച്ച ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം (NRHM) സാധ്യതകൾ, കേരളത്തിൽ നടപ്പിലാക്കി വന്നിരുന്ന വികേന്ദ്രീകൃത ആസൂത്രണ ചട്ടക്കൂടിൽ സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കാനും നമുക്ക് കഴിയുകയുണ്ടായി. ആശ (Accredited Social Health Activist) ആരോഗ്യവളണ്ടിയർ പ്രോഗ്രാമും, ആരോഗ്യ സ്ഥാപനങ്ങളിലേക്ക് അൺടൈഡ് ഗ്രാന്റും, മെയിന്റനൻസ് ഗ്രാന്റും ലഭ്യമാക്കിയതും, ആശുപത്രി വികസന സമിതിക്ക് ഫണ്ട് ലഭിച്ചതുമൊക്കെ ഒരർത്ഥത്തിൽ താഴെത്തട്ടിലെ പ്രവർത്തനങ്ങൾക്കും ഊർജ്ജം പകരുന്ന ഘടകങ്ങളായിരുന്നു.

ആരോഗ്യവകുപ്പിന്റെ ഫണ്ടിനൊപ്പം, പഞ്ചായത്തുകളുടെ ഫണ്ടുകൂടി ചേർത്ത് ലബോറട്ടറി സൗകര്യങ്ങളും, വിശാലമായ കാത്തിരിപ്പ് സ്ഥലങ്ങളും രോഗീ സൗഹൃദമായ ഇരിപ്പിടങ്ങളും, ടോയ്‌ലറ്റ് കുടിവെള്ള സൗകര്യങ്ങളും, മുലയൂട്ടൽ മുറികളുമൊക്കെച്ചേർത്ത് ആകർഷകമായി മാറിയിരിക്കുന്നു. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും, താലൂക്ക് ജില്ലാതല ആശുപത്രികളുമൊക്കെ വലിയൊരു മാറ്റത്തിന്റെ പാതയിലാണ്.

വാർഡുതല ആരോഗ്യ ശുചിത്വ പോഷണസമിതി

ദേശീയ ആരോഗ്യമിഷന്റെ ഭാഗമായി ആരംഭിച്ചതാണെങ്കിലും, വാർഡ് മെമ്പറുടെയും, കൗൺസിലറുടെയും നേതൃത്വത്തിലുള്ള ഈ വാർഡ്തല സംവിധാനം, വികേന്ദ്രീകൃത ആസൂത്രണത്തിന്റെ വാർഡ്തല ഘടനയായി മാറ്റാൻ ഒരു പരിധിവരെ നമുക്ക് കഴിഞ്ഞു. ആരോഗ്യമിഷന്റെ 10,000 രൂപയോടൊപ്പം, ശുചിത്വമിഷന്റെ 10,000 രൂപയും, പഞ്ചായത്തുകളുടെ തനതു വിഹിതമായ 5,000 രൂപയുമടക്കം 25,000 രൂപ ലഭ്യമാക്കിയതോടെ, മാലിന്യ നിർമ്മാർജ്ജനവും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുമൊക്കെ വാർഡുതലത്തിൽ കുറേയൊക്കെ ഫലപ്രദമായി ഏകോപിപ്പിയ്ക്കാൻ കഴിഞ്ഞു. ആർദ്രം മിഷന്റെ ചട്ടക്കൂടിൽ വാർഡുതല ആരോഗ്യ അവസ്ഥാ റിപ്പോർട്ട് തയ്യാറാക്കലും, അതിനനുസരിച്ചുള്ള പ്രവ

ർത്തന പരിപാടികളും, ഉപകേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഹെൽത്ത് ആന്റ് വെൽനസ്സ് കേന്ദ്രങ്ങളാക്കുന്ന പ്രവർത്തനങ്ങളും കൂടിയാകുമ്പോൾ, ഈ രംഗത്ത് ഇനിയും വലിയ മാറ്റങ്ങൾക്ക് സാധ്യതയാണുള്ളത്.

ലോകത്തിന് മാതൃകയായ സാന്ത്വന ചികിത്സാപരിപാടി

2007-ൽ സംസ്ഥാനത്ത് ആദ്യ പാലിയേറ്റീവ് കെയർ പോളിസി പ്രഖ്യാപിച്ച് സംസ്ഥാന വ്യാപകമായി ചിട്ടയായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുമ്പോൾ സംസ്ഥാനത്താകെ ഗവൺമെന്റ് സ്വകാര്യ സന്നദ്ധ മേഖലകളിലായി 100 പാലിയേറ്റീവ് കെയർ യൂണിറ്റുകളാണ് ഉണ്ടായിരുന്നത്. ആരോഗ്യസ്ഥാപനതലത്തിൽ ആരംഭിച്ച ഈ പ്രോഗ്രാം പടിപടിയായി പഞ്ചായത്തുകളുടെയും മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെയും മുൻകൈയാലും നേതൃത്വത്തിലുമാണ് സംസ്ഥാനവ്യാപക പരിപാടിയായി വികസിച്ചത്. ഓരോ പഞ്ചായത്തിലും ചുരുങ്ങിയത് 80-100 പേർക്ക് ഗൃഹകേന്ദ്രീകൃതമായ സാന്ത്വന സമാശ്വാസ ചികിത്സയും, 250-300 പേരെയെങ്കിലും പേര് രജിസ്റ്റർ ചെയ്ത് മറ്റ് സേവനങ്ങൾ നൽകി വരുന്നതായാണ് കാണാൻ കഴിയുന്നത്. കിടപ്പുരോഗികളുടെ വീട്ടിൽ വച്ച് തന്നെ യൂറിനറി കത്തീറ്റർ മാറ്റുന്നത്, റയൽസ് ട്യൂബ് പരിചരണം, വേദനാസംഹാരികളുടെ ലഭ്യത ഉറപ്പുവരുത്തലും, കൗൺസിലിംഗും, വാട്ടർബെഡ്ഡും, എയർബെഡ്ഡും ലഭ്യമാക്കൽ എന്നിവയും അതോടൊപ്പം കുടുംബത്തിനാവശ്യമായ സാമൂഹിക സേവനങ്ങളും, മാനസികപിന്തുണയും ലഭ്യമാക്കി വരികയാണ്.

മറ്റ് ആരോഗ്യപരിപാടികൾ

ജീവിതശൈലീ രോഗങ്ങളായ രക്തസമ്മർദ്ദവും പ്രമേഹവും സംസ്ഥാനത്ത് വലിയ ആരോഗ്യപ്രശ്നമായി മാറുന്ന സാഹചര്യം കണക്കിലെടുത്ത് , സംസ്ഥാനതലത്തിൽ ആരോഗ്യവകുപ്പ് പ്രവർത്തനങ്ങൾ ആരംഭിയ്ക്കും മുമ്പുതന്നെ പല പഞ്ചായത്തുകളും ഫീൽഡ്തലത്തിൽ പ്രമേഹവും രക്തസമ്മർദ്ദവും പരിശോധന നടത്താനും മുടക്കം കൂടാതെ മരുന്നുകൾ എല്ലാവർക്കും ലഭ്യമാക്കാനുമുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് വഴി ചിലയിടങ്ങളിൽ നടപ്പിലാക്കാനാരംഭിച്ചു. പിന്നീടത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിക്കുകയുണ്ടായി. പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ പ്രോജക്ടുകളായി തന്നെ ഫിസിയോതെറാപ്പി യൂണിറ്റുകളും, മാനസിക രോഗം ഭേദമായവരുടെ പുനരധിവാസത്തിനുവേണ്ടിയുള്ള ഡേ കെയർ സെന്ററുകളുമൊക്കെ ഇതുപോലെ പലയിടങ്ങളിലും ആരംഭിക്കുകയുണ്ടായി.

സർക്കാർ ആശുപത്രികളിലെ പുതിയ തുടക്കങ്ങൾ

നാമിവിടെ പരിശോധിച്ചത് പ്രധാനമായും ഗ്രാമീണ മേഖലയിലുണ്ടായ പ്രവർത്തനങ്ങളാണ്. ഇതുപോലെ തന്നെ മുനിസിപ്പൽ, കോർപ്പറേഷൻ, ജില്ലാപഞ്ചായത്ത് തലങ്ങളിലും, ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, പുതിയ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കാനും ചികിത്സാമേഖലകൾ വിപുലപ്പെടുത്താനുമുള്ള പ്രവർത്തനങ്ങളും നടക്കുകയുണ്ടായി. ആരോഗ്യവകുപ്പിന്റെ നടത്തിപ്പുമായി ബന്ധിപ്പിച്ച് ഒരു ജില്ലാതല ആശുപത്രിയിൽ കാത്ത് ലാബ്, ആഞ്ചിയോപ്ലാസ്റ്റി സൗകര്യങ്ങളൊരുക്കിയതും, ടെലി ഒഫ്ത്താൽമോളജി സേവനങ്ങൾ ആരംഭിച്ചതുമൊക്കെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് പല ആശുപത്രികളിലും ഗാഢമായ സംവിധാനങ്ങളൊരുക്കാനും കഴിഞ്ഞിട്ടുണ്ട്. പ്രാദേശികമായ ആവശ്യകതകൾ കണക്കിലെടുത്ത് ആദിവാസി മേഖലകളിലും

മറ്റുപിന്നോക്ക മേഖലകളിലുമൊക്കെ ആവശ്യകതയ്ക്കനുസരിച്ച പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. (ഏതെങ്കിലും ചില ആശുപത്രികളുടെ മാത്രം പേര് പറയുന്നത് ഉചിതമായിരിക്കില്ല എന്നതുകൊണ്ടാണ്, ഇവിടെ ഞാനതിന് മുതിരാത്തത്)

ആർദ്രം മിഷനും വികേന്ദ്രീകൃതാസൂത്രണവും

വികേന്ദ്രീകൃതാസൂത്രണത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ആർദ്രം മിഷൻ പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്. സമഗ്ര പ്രാഥമിക ആരോഗ്യപരിചരണത്തിന്റെ ഘടകങ്ങളായ ആരോഗ്യവർദ്ധക പ്രവർത്തനങ്ങളും, രോഗപ്രതിരോധം, പ്രാഥമിക ചികിത്സ, പുനരധിവാസം, സാന്ത്വന ചികിത്സ എന്നിവ അടങ്ങുന്ന പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനതലത്തിലാണ് ഏകോപിപ്പിച്ച് നടപ്പിലാക്കുന്നത്. ആരോഗ്യസ്ഥാപനങ്ങളെ രോഗീസൗഹൃദവും, ജനസൗഹാർദവുമാക്കാനും, ആധുനികവത്കരിക്കാനും ചികിത്സാ ചെലവുകൾ കുറയ്ക്കാനുമുള്ള ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. ആരോഗ്യ വകുപ്പിന്റെയും ആരോഗ്യമിഷന്റെയും ഫണ്ടിനൊപ്പം, പഞ്ചായത്തുകളുടെ ഫണ്ടും, വേണ്ടിടത്ത് എം.എൽ.എ. എംപി ഫണ്ടുകളുമൊക്കെ ഒന്നിച്ചുകൊണ്ടു വന്നാണ് ആരോഗ്യകേന്ദ്രങ്ങളുടെ വികസനപ്രവർത്തനങ്ങൾ നടത്തിവരുന്നത്. ജനകീയാസൂത്രണത്തിന്റെ ആദ്യകാലങ്ങളിൽ വിഭാവനം ചെയ്തതുപോലെയുള്ള പ്രാദേശിക വിഭവസമാഹരണവും പലയിടങ്ങളിലും നടന്നുവരുന്നുണ്ട്. ആരോഗ്യസ്ഥാപനങ്ങളുടെ കെട്ടും മട്ടും മാറ്റുന്നതും, ആകർഷകമാക്കുന്നതും താരതമ്യേന എളുപ്പമായ കാര്യമാണ്. എല്ലാവർക്കും ആരോഗ്യം എന്ന ഒരവസ്ഥയിലേക്ക് മാറുന്നതിന് വ്യക്തിതലത്തിലും, കുടുംബതലത്തിലും, ഒരു കൂട്ടം വീടുകൾക്കും, ഓരോ വാർഡിനും, തദ്ദേശഭരണ സ്ഥാപന തലത്തിലുമൊക്കെ, ഒട്ടനവധി കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. പരിസരശുചിത്വം, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, മാനസികാരോഗ്യത്തിനായുള്ള ഒത്തുചേർന്ന പ്രവർത്തനങ്ങൾ, സമയത്തിന് ആരോഗ്യസേവനങ്ങൾ ലഭ്യമാക്കൽ എന്നിങ്ങനെ ഏറെ കാര്യങ്ങൾ ഇനിയും മുന്നോട്ട് പോകാനുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും, എല്ലാവിഭാഗം ജനങ്ങളുടെയും വ്യാപകമായ പങ്കാളിത്തത്തോടെയും മാത്രമേ ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിയൂ.

കുടുംബാരോഗ്യകേന്ദ്രങ്ങളോടൊപ്പം ഗ്രാമീണതലത്തിൽ കാലത്തിനനുസരിച്ച് വളർത്തിക്കൊണ്ടുവരേണ്ടിയിരുന്ന ആരോഗ്യ ഉപകേന്ദ്രങ്ങളുടെ കാര്യത്തിലും നമുക്കിനിയും കാര്യമായൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. പലയിടത്തും ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല. ഉള്ള കെട്ടിടങ്ങൾ പലയിടത്തും അറ്റകുറ്റപ്പണികൾ നടത്താതെ മോശം അവസ്ഥയിലുമാണ്. ആർദ്രം മിഷൻ വിഭാവനം ചെയ്യുന്നത്, ആഴ്ചയിൽ ആറുദിവസവും ഉച്ച കഴിഞ്ഞുള്ള ഉപകേന്ദ്ര ക്ലിനിക്കുകൾ വഴി (ആരോഗ്യ പ്രവർത്തകർ നടത്തുന്നത്) ജീവിതശൈലീരോഗനിയന്ത്രണത്തിലും, വയോജന ആരോഗ്യ പരിചരണത്തിലും, മാതൃശിശു ആരോഗ്യ പരിചരണത്തിലും, പകർച്ചവ്യാധി നിയന്ത്രണത്തിലുമൊക്കെ വലിയ പങ്കുവഹിക്കാൻ കഴിയുമെന്നാണ്. അതനുസരിച്ച് NHM ഫണ്ട് വഴി ആരോഗ്യഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ക്രിയാത്മകമായ ഇടപെടലുകൾ വഴി മാത്രമേ നല്ലരീതിയിലുള്ള പ്രവർത്തന കേന്ദ്രങ്ങളാക്കി ഇവയെ മാറ്റാൻ കഴിയൂ. വികേന്ദ്രീകൃതാസൂത്രണത്തിന്റെ നല്ല പാഠങ്ങൾ ഉൾക്കൊണ്ട്, 15-ാം ധനകാര്യ കമ്മീഷൻ വഴിയുള്ള, ആരോഗ്യത്തിനായി തദ്ദേശഭരണ സ്ഥാപന ങ്ങൾക്കുള്ള ഹെൽത്ത് ഗ്രാന്റ്കൂടി ഫലപ്രദമായി പ്രയോജനപ്പെടുത്തി ഇനിയുമേറെ പ്രവർത്തനങ്ങൾ നമുക്ക് നടപ്പിലാക്കാനുണ്ട്. അതുവഴി സാർവ്വത്രിക ആരോഗ്യ പരിരക്ഷയിലേക്ക് എത്തിച്ചേരാനാവുമെന്ന് പ്രതീക്ഷിക്കാം.

□

ലേഖകൻ ആർദ്രം മിഷൻ സ്റ്റേറ്റ് നോഡൽ ഓഫീസറാണ്



പ്രാദേശിക ഭരണത്തിന്റെ കാൽ നൂറ്റാണ്ട്

കേരള വികസന റിപ്പോർട്ട് - 2021

■ **ഹുസൈൻ എം. മിന്നത്ത്**

കേരളത്തിന്റെ സാമ്പത്തിക വികസനവും സാമ്പത്തിക നയങ്ങളും വിശകലന വിധേയമാക്കുന്ന കേരള വികസന റിപ്പോർട്ട് (Kerala Development Report - 2021) സംസ്ഥാന ആസൂത്രണ ബോർഡ് 2021 ഫെബ്രുവരിയിൽ പുറത്തിറക്കുകയുണ്ടായി. കഴിഞ്ഞ അഞ്ച് വർഷക്കാലം വിവിധ മേഖലകളിൽ സംസ്ഥാനം നടത്തിയിട്ടുള്ള നിർണ്ണായകമായ ചുവട് വയ്പ്പുകൾ, സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ, വികസന പാതയിൽ സംസ്ഥാനത്തിന് അഭിമുഖീകരിക്കേണ്ടിവന്ന പ്രധാന വെല്ലുവിളികൾ എന്നിവയെല്ലാം ഈ റിപ്പോർട്ട് പഠന വിധേയമാക്കുന്നുണ്ട്. ലോകത്തെ മിക്ക രാജ്യങ്ങളും സ്വീകരിച്ചതിൽനിന്നും തികച്ചും വ്യത്യസ്തമായ നമ്മുടെ ജനകീയ വികസന തന്ത്രത്തെയും പ്രാദേശിക ഭരണ സംവിധാനങ്ങളെപ്പറ്റിയും റിപ്പോർട്ടിൽ വിശദമായി പ്രതിപാദിക്കുന്നു. 2021 ആഗസ്റ്റ് 17-ന് ജനകീയാസൂത്രണവും നമ്മുടെ പ്രാദേശികഭരണ സംവിധാനവും കാൽനൂറ്റാണ്ട് പൂർത്തിയാക്കുകയാണ്. ഈ സാഹചര്യത്തിൽ നമ്മുടെ പ്രാദേശികഭരണ രംഗത്ത് നടത്തിയ ചുവട് വയ്പ്പുകളും, നേട്ടങ്ങളും വെല്ലുവിളികളും കേരള വികസനറിപ്പോർട്ടിനെ മുൻനിർത്തി നമുക്കൊന്ന് പരിശോധിക്കാം.

കേരള വികസനറിപ്പോർട്ടിൽ സംസ്ഥാന ഭരണ സംവിധാനത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായി വിലയിരുത്തപ്പെടുന്നത് നാം നടപ്പിലാക്കിയ വികേന്ദ്രീകൃത ഭരണസംവിധാനം തന്നെയാണ്. 941 ഗ്രാമപഞ്ചായത്തുകൾക്കും 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും 87 മുനിസിപ്പാലിറ്റികൾക്കും ആറ് കോർപ്പറേഷനുകൾക്കും 14 ജില്ലാപഞ്ചായത്തുകൾക്കും അങ്ങനെ ആകെ ആയിരത്തി ഇരുന്നൂറോളം വരുന്ന പ്രാദേശികസർക്കാരുകൾക്ക് ധനം, അധികാരം, ചുമതലകൾ സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവ വിട്ടുനൽകി സ്വയംഭരണാധികാരവും നൽകിക്കൊണ്ട് നടപ്പിലാക്കിയ ജനപങ്കാളിത്ത വികസനമാതൃക ജനങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഉണ്ടാക്കിയ മാറ്റങ്ങൾ വളരെ വലുതാണ്. സംസ്ഥാനം സാമ്പത്തിക, സാമൂഹ്യ ആരോഗ്യ, വിദ്യാഭ്യാസ, ഉൽപാദന, വ്യാവസായിക, സേവന, മാനവ വികസനമടക്കമുള്ള ഏതൊരു മേഖലയിലും കൈവരിച്ചിട്ടുള്ള നേട്ടത്തിന്റെ പിന്നിലെ ചാലകശക്തി ഈ

പ്രാദേശികഭരണ സംവിധാനം തന്നെയാണ്. 2020-21-ൽ സംസ്ഥാന പദ്ധതിവിഹിതത്തിന്റെ ഏകദേശം 25% വും (7158 കോടി രൂപ) കൂടാതെ സംസ്ഥാന നികുതി വരുമാനത്തിന്റെ 3.5% ജനറൽപർപ്പസ് ഫണ്ടായും (1717 കോടി രൂപ) 6% തുക മെയിന്റനൻസ് ഫണ്ടായും (2943 കോടി രൂപ) സംസ്ഥാന ബജറ്റിൽ പ്രാദേശിക സർക്കാരുകൾക്ക് വകയിരുത്തിയിരുന്നു. ഇതിനു പുറമേ ഓരോ പ്രാദേശിക സർക്കാരുകളും അവരുടെ സ്വന്തം ഫണ്ടിൽ (own fund) ദൈനംദിന ചെലവ് കഴിച്ച് മിച്ചം വരുന്ന തുകയും കൂടി ഉപയോഗിച്ച് പ്രാദേശിക വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുമ്പോൾ നമ്മുടെ പ്രാദേശികഭരണ സംവിധാനം വഴി സാധ്യമാവുന്ന വികസനത്തിന്റെ ആകെ തുക എന്നത് സംസ്ഥാനവികസനം തന്നെയാണ് എന്ന് വികസനറിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

ജനകീയ പദ്ധതിയുടെ രണ്ടാംഘട്ടം

1996-ൽ ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ തുടക്കം കുറിച്ച 'ജനകീയാസൂത്രണം' ഇന്ന് കാൽ നൂറ്റാണ്ടിന്റെ അനുഭവസമ്പത്തുമായി മുന്നേറുകയാണ്. ഇക്കാലയളവിൽ പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയ വിവിധപദ്ധതികളുടെ ഫലപ്രാപ്തിയിലും ഭൗതിക നേട്ടങ്ങളിലും ആർക്കും തന്നെ വലിയതർക്കങ്ങൾ കാണില്ല. പോരായ്മകൾ കണ്ടെത്താമെങ്കിലും പ്രാദേശികഭരണ സംവിധാനം ഏറെ ചർച്ചയ്ക്കും പഠനത്തിനും വിധേയമായിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, വനിതാ ശാക്തീകരണം, പട്ടികജാതി-വർഗ്ഗ വികസനം, വയോജന, യുവജന, ശിശുക്ഷേമം, കുടിവെള്ളം, പാർപ്പിടം, ശുചിത്വം, അടിസ്ഥാന വികസനം, ഉത്പാദന, വ്യവസായ, സേവന മേഖല വികസനം തുടങ്ങി എല്ലാ മേഖലകളിലും വലിയ മുന്നേറ്റങ്ങൾ നടത്തുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുമുണ്ട്. സംസ്ഥാനം അടുത്തിടെ അഭിമുഖീകരിച്ച ദുരന്തങ്ങളെ നേരിടുന്നതിലും പ്രാദേശികസർക്കാർ വഹിച്ച പങ്ക് വളരെ വലുതാണ്. അതിനാൽ പുതിയ കാലത്തിന്റേതായ വെല്ലുവിളികളെ നേരിടാൻ പ്രാദേശികസർക്കാരുകളെ സുസജ്ജവും പര്യാപ്തവുമാക്കുന്നതോടൊപ്പം കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതലസ്പർശിയായും പദ്ധതി രൂപീകരണവും നിർവ്വഹണവും സാധ്യമാക്കുന്ന തരത്തിലുള്ള ചില ചുവടുവയ്പുകളും കഴിഞ്ഞ കാല ന്യൂനതകൾ പരിഹരിച്ച് കൊണ്ടുള്ള ഒരു മുന്നേറ്റമാണ് വരുംനാളുകളിൽ നാം ലക്ഷ്യംവയ്ക്കുന്നത്. ഇതിനായി ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടത്തിന് 2017-ൽ സർക്കാർ തുടക്കമിട്ടത് വലിയൊരു ചുവടുവയ്പ് തന്നെയാണ്.

13-ാം പദ്ധതിയിൽ വരുത്തിയ നയപരമായ മാറ്റങ്ങളും പുതിയ ചുവടുവയ്പുകളും

1. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ വരുത്തിയ മാറ്റം

മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ 13-ാം പദ്ധതിയുടെ (2017- 22) ആദ്യ വർഷം തന്നെ പദ്ധതി ആസൂത്രണ പ്രകിയയിൽ വരുത്തിയ നയപരമായ മാറ്റങ്ങളും ഉദ്യമങ്ങളും വികേന്ദ്രീകൃത ജനാധിപത്യ ഭരണ വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലെയും നിർവ്വഹണത്തിലെയും കാലതാമസം ഒഴിവാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ വരുത്തിയ പരിഷ്കരണങ്ങളും, കൂടുതൽ നിർവ്വഹണ ഉദ്യോഗസ്ഥരെയും പരിശോധനാ ഉദ്യോഗസ്ഥരെയും നൽകിക്കൊണ്ട് പ്രാദേശിക സർക്കാരുകളുടെ പദ്ധതി അംഗീകാര നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വേഗത്തിലാക്കുകയും ചെയ്യുകയുണ്ടായി. നയപരമായി വരുത്തിയ ഈ മാറ്റങ്ങൾ ആസൂത്രണപ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുവാനും പദ്ധതികളുടെ ഗുണവും സാങ്കേതിക മേന്മയും വർദ്ധിപ്പിക്കുവാനും സഹായിച്ചു. പദ്ധതിവിഹിത അടങ്കലിലെ വർദ്ധനവും, ഉൽപാദന മേഖലയിൽ പ്രാദേശികസർക്കാരുകൾ വകയിരുത്തേണ്ട വിഹിതത്തിൽ വരുത്തിയ നിർബന്ധിത വർദ്ധനവും, സബ്സിഡിയുടെ വ്യാപ്തി വിശാലമാക്കിയതും, പരിശോധനാ ഉദ്യോഗസ്ഥർ നിരസിക്കുന്ന പദ്ധതികൾ പരിഗണിക്കുന്നതിനുള്ള അപ്പീൽ കമ്മിറ്റിക്ക് ജനകീയ മുഖം നൽകിയതും, പാർശ്വവൽക്കരിക്കപ്പെട്ടവർ, വനിതകൾ, കുട്ടികൾ, വൃദ്ധർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്ക് പ്രാദേശിക പദ്ധതികളിൽ കൂടുതൽ ശ്രദ്ധയും വിഹിതവും വകയിരുത്തിയതും, നാഗരിക പ്രശ്നങ്ങൾ പരിഹരിക്കാനായി മുന്നോട്ടുവച്ച ഉറച്ച കാൽവയ്പുകളും, ജില്ലകളുടെ വികസനത്തിന് ജില്ലാ പദ്ധതികളിൽ (District Plan) സ്വീകരിച്ച സമഗ്ര സംയോജിത സമീപനവും, നൂതന പദ്ധതികൾക്കായി ആരംഭിച്ച പ്രത്യേക ജാലകവും, ടെണ്ടർ സേവിംഗ് തുക വികസന പദ്ധതികൾക്കായി ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചതും 13-ാം പദ്ധതിയിൽ വരുത്തിയ നയപരമായ മാറ്റങ്ങൾക്ക് കാരണമാവുകയുണ്ടായി. ഇതെല്ലാം പ്രാദേശിക ആസൂത്രണ പ്രക്രിയക്ക് പുതിയ ദിശാബോധം തന്നെ നൽകിയതായി വികസന റിപ്പോർട്ട് അടിവരയിട്ട് പറയുന്നു.

2. നാഗരിക വിഷയങ്ങളിലെ പ്രത്യേക ശ്രദ്ധ

കണക്കുകൾ പരിശോധിച്ചാൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന നഗരവൽക്കരണ വളർച്ച രേഖപ്പെടുത്തിയിട്ടുള്ള സംസ്ഥാനമാണ് കേരളം. 2040 ആകുമ്പോൾ സംസ്ഥാന ജനസംഖ്യയുടെ 80% വും നഗരവാസികൾ ആയിരിക്കും. എന്നാൽ നഗരവികസനം ഉയർത്തുന്ന വെല്ലുവിളികൾ സംസ്ഥാന വികസനത്തെ വലിയ തോതിൽ തന്നെ ബാധിക്കുന്നുമുണ്ട്. ഈ തിരിച്ചറിവാണ് 2017 മുതൽ നഗര - തദ്ദേശസ്ഥാപനങ്ങൾക്ക് മാത്രമായി പ്രത്യേക പദ്ധതി രൂപീകരണ മാർഗ്ഗരേഖ പുറപ്പെടുവിക്കാൻ സംസ്ഥാന സർക്കാരിനെ നിർബന്ധിതമാക്കിയത്. നഗര - തദ്ദേശസ്ഥാപന കേന്ദ്രീകൃതമായ നഗരവൽക്കരണത്തിനും അപ്പുറത്തേക്ക് സംസ്ഥാനത്ത് നാഗരികത ഉയർത്തുന്ന പ്രശ്നങ്ങളെ വിശാലമായ കാഴ്ചപ്പാടിൽ നോക്കിക്കാണാനും പദ്ധതികൾ ആസൂത്രണം ചെയ്യുവാനും പ്രാദേശിക സർക്കാരുകളെ സജ്ജമാക്കാൻ ഇത് സഹായിച്ചിട്ടുണ്ട്.

3. ജില്ലാ പദ്ധതികളുടെ രൂപീകരണം

ജില്ലയിലെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകുന്നതും പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതും ഭരണഘടനാ സമിതി കൂടിയായ ജില്ലാ പ്ലാനിംഗ് കമ്മിറ്റികളാണ് (District Planning Committe). DPC കളുടെ നേതൃത്വത്തിൽ ജില്ലകളുടെ സമഗ്രവികസനത്തിന് ഒരു സംയോജിത സമീപനം കൈകൊള്ളുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും 2018 ൽ രാജ്യത്തിന് തന്നെ മാതൃകയായി ജില്ലാ പദ്ധതികൾക്ക് രൂപം നൽകുകയുണ്ടായി. പ്രാദേശികവും, ധനപരവും, വകുപ്പുതലത്തിലുമുള്ള വികസനസാധ്യതകളും ബഹുതല ആസൂത്രണ സാധ്യതകളും സമന്വയിപ്പിച്ചു കൊണ്ടുള്ള സമഗ്രമായ ഒരു വികസന കാഴ്ചപ്പാടാണ് ജില്ലാ പദ്ധതികൾ മുന്നോട്ട് വയ്ക്കുന്നത്. വിവിധ തലത്തിലുള്ള പ്രാദേശിക

സർക്കാരുകളുടെയും വകുപ്പുകളുടെയും വിവിധ പദ്ധതികളുടെയും സംയോജനം പ്രോത്സാഹിപ്പിക്കുവാനും പുതിയ വികസന സാധ്യതകൾ നിർവ്വഹണ യോഗ്യമാക്കുന്നതിനും ജില്ലാ പദ്ധതികൾ ലക്ഷ്യംവയ്ക്കുന്നു. മാറി മാറി വരുന്ന സാഹചര്യത്തിനനുസരിച്ച് പണ്ട് മുതലേ പിൻതുടരുന്ന പദ്ധതി രൂപീകരണ നിർവ്വഹണ രീതിയിൽ നിന്നും മാറി ചിന്തിക്കേണ്ടതിന്റെ സാധ്യതകളും ജില്ലാ പദ്ധതികൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. ദീർഘകാല സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക ആവശ്യങ്ങൾക്ക് ശ്രദ്ധ നൽകുന്ന പദ്ധതികളും ജില്ലയ്ക്കോ സംസ്ഥാനത്തിനോ മുഴുവൻ ഗുണം ലഭിക്കുന്ന സംയോജിത സാധ്യതകളുള്ള വലിയ പദ്ധതികൾ കണ്ടെത്താൻ പ്രാദേശികസർക്കാരു കൾക്ക് സാധിച്ചാൽ അത് വികസനത്തിൽ വലിയൊരു മാറ്റത്തിന്റെ തുടക്കമായിരിക്കും. ഇത്തരം സാധ്യതകളും ദീർഘകാല ദർശനത്തിൽ അധിഷ്ഠിതമായ പദ്ധതികളും (Perspective Plan) പരിപാടികളും കണ്ടെത്തി നടപ്പിലാക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം അടക്കമുള്ള പിന്തുണയും സംസ്ഥാന സർക്കാർ ഉറപ്പാക്കുന്നുമുണ്ട്. സംയോജിത, ബൃഹദ് പദ്ധതികളുടെ രൂപീകരണത്തിനും പഠനത്തിനും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (DPR) തയ്യാറാക്കുന്നതിനും ആവശ്യമായ പിന്തുണ സംവിധാനം ജില്ലാ ആസൂത്രണ സമിതികൾക്കും പ്രാദേശിക സർക്കാരുകൾക്കും നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ റിസോഴ്സ് സെന്ററുകൾ (District Resources centre) 2019 - ൽ സ്ഥാപിതമായിട്ടുണ്ട്. സംസ്ഥാനം നടത്തിയ ചരിത്രപരമായ കാൽവയ്പ്പ് തന്നെയാണ് ഇത്.

4. കാര്യക്ഷമമായ പദ്ധതി നിർവ്വഹണവും പദ്ധതി അംഗീകാര നടപടിക്രമങ്ങളിൽ വരുത്തിയ മാറ്റങ്ങളും

പ്രാദേശിക സർക്കാരുകളുടെ വാർഷികപദ്ധതി രൂപീകരണം, അംഗീകാരം എന്നിവയിൽ ഉണ്ടാകുന്ന കാലതാമസം സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിലും മറ്റും സൃഷ്ടിക്കുന്ന സങ്കീർണ്ണതകൾ ഒട്ടും ചെറുതല്ലതാനും. പല തലങ്ങളിൽ നിന്നും ഈ പ്രശ്നം ചൂണ്ടിക്കാണിച്ചിട്ടുള്ളതുമാണ്. ഇത് ഒഴിവാക്കുന്നതിനായി പദ്ധതി അംഗീകാര നടപടിക്രമങ്ങളിൽ സർക്കാർ കാതലായ ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. പദ്ധതികൾ വെറ്റിംഗ് ഉദ്യോഗസ്ഥർ പരിശോധിച്ചതിന് ശേഷം ആസൂത്രണസമിതി അംഗീകാരം നേടുന്നതിന് പകരം ആസൂത്രണസമിതി അംഗീ കാരം ലഭ്യമായതിന് ശേഷം മാത്രം വെറ്റിംഗ് ഓഫീസറുടെ പരിശോധന മതിയാവും എന്ന് തീരുമാനിച്ചതും പ്രാദേശികസർക്കാരുകളുടെ പദ്ധതി വെറ്റിംഗിനായി കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചതും പ്രാദേശിക പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുകയും പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്. വെറ്റിംഗ് ഉദ്യോഗസ്ഥർ നിരസിക്കുന്ന പദ്ധതികൾ പരിഗണിക്കുന്ന ജില്ലാതല അപ്പീൽ കമ്മിറ്റികൾ ആസൂത്രണ സമിതി അധ്യക്ഷന്റെ നേതൃത്വത്തിൽ പുനഃസംഘടിപ്പിച്ചതും, പ്രദേശത്തിന്റെ പ്രത്യേകമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കാൻ സാധിക്കാത്ത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ക്രമീകരിച്ച പ്രത്യേക ജാലകവും, സബ്സിഡിയുടെ വ്യാപ്തി വിശാലമാക്കിയതും പ്രാദേശിക പദ്ധതി നിർവ്വഹണത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വളരെ വലുതായിരുന്നു. 13-ാം പദ്ധതിക്കാലയളവിൽ സംസ്ഥാനത്തെ ഓരോ തദ്ദേശസ്ഥാപനങ്ങളും പ്രാദേശികസർക്കാർ എന്ന തലത്തിലേക്ക് മാറുന്നത് കാണാൻ സാധിക്കുകയുണ്ടായി.

5. ഉൽപാദന മേഖലകൾക്കും പ്രത്യേക വിഭാഗങ്ങളുടെ വികസനത്തിലും നൽകുന്ന ശ്രദ്ധ

ഉപഭോക്തൃ സംസ്ഥാനത്തിൽ നിന്നും ഉൽപാദനാധിഷ്ഠിത സമ്പദ് വ്യവസ്ഥയാക്കി സംസ്ഥാനത്തെ മാറ്റുന്നതിന്റെ ഭാഗമായി പ്രാദേശികസർക്കാരുകളുടെ വാർഷിക പദ്ധതിയിൽ ബോധപൂർവ്വം നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. പതിമൂന്നാം പദ്ധതിയുടെ ആദ്യവർഷം മുതൽ ഗ്രാമീണ തലത്തിലുള്ള പ്രാദേശികസർക്കാരുകൾ അവരുടെ പൊതുമേഖലാ വിഹിതത്തിന്റെ 30% വും നഗര പ്രാദേശിക സർക്കാരുകൾ 10% വും നിർബന്ധമായും ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ ഏറ്റെടുക്കാൻ വിനിയോഗിക്കണമെന്ന് സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിന് പ്രത്യേക ഫണ്ടുകൾ നൽകുകയും ചെയ്തുവരുന്നു. പ്രത്യേക വിഭാഗക്കാരുടെ വികസനത്തിന് കേരളം നൽകുന്ന പരിഗണന വികേന്ദ്രീകൃതാസൂത്രണത്തിന്റെ എടുത്തു പറയേണ്ട ഒരു പ്രത്യേകത തന്നെയാണ്. ഓരോ പ്രാദേശികസർക്കാരുകളും അവർക്ക് ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ 10% തുക വനിതാ വികസന പദ്ധതികൾക്കും 5% തുക ശിശുക്കൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റർ എന്നിവർക്കുള്ള പദ്ധതികൾക്കും 5% തുക വൃദ്ധർ, പാലിയേറ്റീവ് കെയർ തുടങ്ങി ദുർബല വിഭാഗക്കാരുടെ ഉന്നമനത്തിനുമായുള്ള പദ്ധതികൾക്ക് നിർബന്ധമായും വകയിരുത്തണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. കേരളം എന്തുകൊണ്ട് മാനവിക വികസനത്തിൽ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്തി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എങ്ങനെ വ്യത്യസ്തമാകുന്നു എന്നതിനുള്ള ഉത്തരം കൂടിയാണിത്.

6. ദുരന്തനിവാരണ പദ്ധതികൾ

മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയും അടിക്കടിയുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ, വെള്ളപ്പൊക്കം, വരൾച്ച, മണ്ണിടിച്ചിൽ തുടങ്ങിയവ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഗുരുതരമായ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇത്തരം ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കാനും, ദുരന്ത തയ്യാറെടുപ്പ് നടത്താനും പ്രാദേശികസർക്കാരുകൾക്ക് കാര്യക്ഷമമായി ചില ഇടപെടലുകൾ നടത്താനും സാധിക്കും എന്ന കണ്ടെത്തലാണ് എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ദുരന്ത നിവാരണ പദ്ധതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ചിന്തിപ്പിച്ചത്. തദ്ദേശ സ്ഥാപന പ്രദേശങ്ങളുടെ നിലവിലെ സ്ഥിതി, അപകട സാധ്യതകൾ, ദുരന്തം വേഗത്തിൽ ബാധിക്കാൻ സാധ്യതയുള്ളവരുടെ വിവരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ വിഭവശേഷി, ദുരന്ത പ്രതികരണരേഖ, ദുരന്തലഘൂകരണം അതിജീവന തയ്യാറെടുപ്പുകൾ എന്നിവ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളും ദുരന്തനിവാരണ പദ്ധതികൾക്ക് 2019-20 ൽ തന്നെ രൂപം നൽകുകയുണ്ടായി. സംസ്ഥാനം നടത്തിയ ചരിത്രപരമായ കാൽവയ്പ്പ് തന്നെയാണിത്. പ്രാദേശിക തലത്തിൽ ദുരന്തനിവാരണ പദ്ധതികളുള്ള ലോകത്തിലെ തന്നെ ഏക സംസ്ഥാനവും കേരളമായിരിക്കും.

7. വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ

സംസ്ഥാനത്ത് ജനകീയാസൂത്രണം ആരംഭിച്ച് കാൽ നൂറ്റാണ്ട് പിന്നിട്ടെങ്കിലും നാളിതുവരെ പ്രാദേശികസർക്കാരുകൾ നടപ്പാക്കിയ പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതിക നേട്ടങ്ങളെയും കുറിച്ചുള്ള സ്ഥിതിവിവരകണക്കുകൾ ലഭിക്കുന്നതിന് കൃത്യമായ ഒരു സംവിധാനം നിലവിലില്ല.

ഈ വിവരങ്ങൾ പ്രാദേശിക സർക്കാരുകളെ സംബന്ധിച്ചിടത്തോളം തുടർപദ്ധതി രൂപീകരണത്തിനുള്ള അടിസ്ഥാന വിവരങ്ങൾ തന്നെയാണ്. ഓരോ അഞ്ചു വർഷം കഴിയുമ്പോഴും പുതിയ ഭരണസമിതികൾ അധികാരത്തിൽ എത്തുമ്പോൾ കഴിഞ്ഞകാല ഭരണസമിതികൾ ഏറ്റെടുത്ത് നടത്തിയ പ്രാദേശിക പദ്ധതികൾ സംബന്ധിച്ചും അവയുടെ ഫലപ്രാപ്തിയും ഭൗതിക നേട്ടങ്ങളും സംബന്ധിച്ചും സ്ഥിതിവിവരകണക്കുകൾ ലഭ്യമല്ലാത്തത് തുടർ വികസന പ്രവർത്തനങ്ങളും കർമ്മപദ്ധതികളും ആസൂത്രണം ചെയ്യുന്നതിൽ പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുമുണ്ട്. ഇതിനൊരു പരിഹാരമായിട്ടായിരുന്നു 'വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേക്ക് (Decentralization Round Survey), 2020 നവംബറോടെ ആരംഭം കുറിച്ചത്. സർവ്വേയുടെ ആദ്യ റൗണ്ടിൽ കഴിഞ്ഞ പ്രാദേശികസർക്കാരുകളുടെ അഞ്ചു വർഷക്കാലം (2015 - 2020) നടപ്പിലാക്കിയ പദ്ധതികളുടെ ഫലപ്രാപ്തിയെക്കുറിച്ചും ഭൗതിക നേട്ടങ്ങളെക്കുറിച്ചുമുള്ള വിവരശേഖരണം നടത്തി റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്ന നടപടികൾ പൂർത്തീകരിച്ച് വരുന്നു. ഈ സർവ്വേ റിപ്പോർട്ടുകൾ തീർച്ചയായും പ്രാദേശികസർക്കാരുകൾക്ക് ആസൂത്രണത്തിന് വലിയൊരു മുതൽക്കൂട്ടായിരിക്കും.

8. തദ്ദേശസ്വയംഭരണ വകുപ്പിന് പൊതു സർവ്വീസ്

തദ്ദേശവകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, ടൗൺ പ്ലാനിംഗ്, എഞ്ചിനിയറിംഗ് എന്നീ അഞ്ചു വകുപ്പുകളെ ഏകീകരിച്ച് സംയോജിത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കു കയുണ്ടായി. സംസ്ഥാനത്തെ ഏറ്റവും വലിയ വകുപ്പുകളിൽ ഒന്നായി തദ്ദേശസ്വയംഭരണ വകുപ്പ് ഇതോടെ മാറി. പ്രാദേശിക വികസന പ്രക്രിയയിൽ ഏകോപനം സാധ്യമാക്കുവാൻ ഇത് വഴി സാധിക്കും എന്നതിനാൽ തന്നെ പ്രാദേശിക ഭരണ രംഗത്തെ വലിയൊരു നാഴികക്കല്ല് തന്നെയാണ് ഇത്.

9. സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സംവിധാനം (ILGMS)

പൗരൻമാർക്ക് പ്രാദേശിക സർക്കാർ വഴി നൽകുന്ന സേവനങ്ങൾ സമയബന്ധിതമായി ഓൺലൈനിൽ ലഭ്യമാക്കുന്നതിനായി IKM വികസിപ്പിച്ച ILGMS സോഫ്റ്റ്‌വെയർ ആദ്യഘട്ടത്തിൽ 2020 ഒക്ടോബറിൽ സംസ്ഥാനത്തെ 150 ഗ്രാമ പഞ്ചായത്തുകളിൽ വിന്യസിക്കുകയുണ്ടായി. പ്രാദേശികസർക്കാരുകൾ വഴി ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളിലെ സുതാര്യത, കൃത്യത എന്നിവ ഉറപ്പാക്കുന്നു.

10. തദ്ദേശ സ്ഥാപനങ്ങൾക്ക് ISO സ്റ്റാൻഡേർഡ്

ഗുണനിലവാരമുള്ള സേവനങ്ങൾ ജനങ്ങൾക്ക് നൽകുന്ന ജനസൗഹൃദ സ്ഥാപനങ്ങൾ എന്ന നിലയിൽ ഗുണനിലവാര മാനേജ്മെന്റിന്റെ അന്താരാഷ്ട്ര സർട്ടിഫിക്കേഷനായ ISO 9001:2015 സംസ്ഥാനത്തെ 939 ഗ്രാമപഞ്ചായത്തുകൾക്കും 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും കൊല്ലം, കൊച്ചി കോർപ്പറേഷനുകൾക്കും അഞ്ച് നഗരസഭകൾക്കും ലഭിക്കുകയുണ്ടായി.

11. ഓഡിറ്റ് അക്കൗണ്ടുകളുടെ കൃത്യത

ധനകാര്യ കമ്മീഷൻ വിഹിതം ലഭിക്കുന്നതിനുള്ള നിർബന്ധിത വ്യവസ്ഥയെന്ന നിലയിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളും അവരുടെ ഓഡിറ്റ് അക്കൗണ്ടുകൾ കൃത്യവും കാലികവുമാക്കണമെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഇതിനായി പ്രാദേശിക സർക്കാർ തലത്തിൽ ഓഡിറ്റ് വകുപ്പ് പ്രത്യേക ഡ്രൈവുകൾ സംഘടിപ്പിക്കുകയും തദ്ദേശ സ്ഥാപനങ്ങൾ ഓഡിറ്റ് അക്കൗണ്ടുകളുടെ കൃത്യത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

12. പ്രളയവും പ്രാദേശികസർക്കാരുകളും

2018, 201-ലെ വെള്ളപ്പൊക്കത്തെ തുടർന്ന് പുനരധിവാസം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ എന്നിവയിൽ പ്രാദേശികസർക്കാരുകൾ വഹിച്ച പങ്ക് വളരെ വലുതായിരുന്നു. അതിജീവനത്തിന്റെ ഭാഗമായി ഫണ്ടുകൾ അനുയോജ്യമായ രീതിയിൽ ഉപയോഗിക്കാനുള്ള അനുവാദവും സർക്കാർ പ്രാദേശികസർക്കാരുകൾക്ക്

നൽകുകയുണ്ടായി. 2018-ലെ പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച തദ്ദേശസ്ഥാപനങ്ങൾക്കായി 250 കോടി രൂപ 2019-20-ൽ പ്രത്യേക ധനസഹായമായി നല്കുകയുണ്ടായി. ഇത്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെകണ്ടെത്തുന്നതിനായി സർക്കാർ ഒരു കമ്മിറ്റി നിയമിക്കുകയും കമ്മിറ്റി ശിപാർശയനുസരിച്ച് 37.5 കോടി രൂപ മണ്ണിടിച്ചിൽ മൂലം നാശനഷ്ടം സംഭവിച്ച തദ്ദേശസ്ഥാപനങ്ങൾക്കും 212.50 കോടിരൂപ പ്രളയബാധിത തദ്ദേശ സ്ഥാപനങ്ങൾക്കും നല്കുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനത്തെ 240 ഗ്രാമപഞ്ചായത്തുകൾക്കും 33 മുനിസിപ്പാലിറ്റികൾക്കും മൂന്ന് കോർപ്പറേഷനും യഥാക്രമം 169.04 കോടി, 35.85 കോടി, 7.61 കോടി രൂപ വീതം നല്കുകയും പ്രസ്തുത തുക വിനിയോഗിക്കുമ്പോൾ ജീവനോപാധി സൃഷ്ടിക്കുന്നതിനും പൊതു ആസ്തികളുടെ പുനഃസ്ഥാപനത്തിനും മുൻഗണന നല്കാൻ നിർദ്ദേശം നല്കുകയുമുണ്ടായി. ഇതിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങളാണ് തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയത്.

13. കൊവിഡും പ്രാദേശികസർക്കാരുകളും

കൊവിഡിനെ പ്രതിരോധിക്കുന്നതിൽ പ്രാദേശിക സർക്കാർ വഹിച്ച പങ്ക് വളരെ വലുതാണ്. കമ്മ്യൂണിറ്റി കിച്ചണുകളുടെ സ്ഥാപനം, ശുചീകരണ അണുനശീകരണ പ്രവർത്തനങ്ങൾ, ബ്രേക്ക് ദ ചെയിൻ ക്യാമ്പയിൻ, അതിഥി തൊഴിലാളികളുടെ പരിരക്ഷ, ഗാർഹിക ക്വാറന്റൈൻ ഉറപ്പാക്കൽ, പ്രവാസികളുടെ ക്വാറന്റൈൻ ഉറപ്പാക്കൽ, CFLTC രൂപീകരണവും മേൽനോട്ടവും, ആശുപത്രികളിൽ ആരോഗ്യ പ്രവർത്തകരുടെയും മരുന്നുകളുടെയും, ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കൽ, സുഭിക്ഷകേരളം, വിദ്യാർത്ഥികൾക്ക് ഓൺ ലൈൻ പഠനം ഉറപ്പാക്കുക എന്നിങ്ങനെ കൊവിഡ് പ്രതിരോധത്തിന്റെ ഭാഗമായി പ്രാദേശികസർക്കാരുകൾ ഏറ്റെടുത്ത പ്രവർത്തനങ്ങൾ നിരവധിയാണ്.

14. പ്രാദേശികസർക്കാരുകൾക്ക് 15-ാം ധനകാര്യ കമ്മീഷൻ ധന സഹായം:

പതിനാലാം ധനകാര്യ കമ്മീഷനിൽ നിന്നും വ്യത്യസ്തമായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2020- 21-ൽ രാജ്യത്തെ 28 സംസ്ഥാനങ്ങൾക്കുമായി 90,000 കോടി രൂപ നൽകുകയുണ്ടായി. ഇതിൽ നമ്മുടെ സംസ്ഥാനത്തെ ഗ്രാമ - നഗര -തദ്ദേശ സ്ഥാപനങ്ങൾക്ക് 2412 കോടി രൂപ ഗ്രാന്റായി (2.68%) ലഭിക്കുകയുണ്ടായി. ഇതിൽ 1628 കോടി രൂപ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും 445 കോടി രൂപ മുനിസിപ്പാലിറ്റികൾക്കും 339 കോടി രൂപ പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള ഏഴ് നഗര സഞ്ചയ തദ്ദേശ സ്ഥാപനങ്ങൾക്കുമാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുവദിച്ച ഗ്രാന്റിന്റെ 50 % വും കൂടാതെ ഏഴ് നഗരസഞ്ചയങ്ങൾക്ക് അനുവദിച്ചിട്ടുള്ള മുഴുവൻ തുകയും a) കുടിവെള്ള ജലസംരക്ഷണം b) ശുചിത്വ ഖരമാലിന്യം എന്നീ രണ്ട് മേഖലകളിൽ പ്രത്യേക ഉദ്ദേശ ഗ്രാൻറായി (Tied Grant) മാത്രമേ വിനിയോഗിക്കാവൂ എന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ പ്രത്യേകം നിർദ്ദേശിക്കുകയുണ്ടായി. മാത്രവുമല്ല ഓരോ തദ്ദേശസ്ഥാപനവും ധനകാര്യകമ്മീഷൻ വിഹിത വിനിയോഗം സംബന്ധിച്ച് മേൽ പ്രതിപാദിച്ച രണ്ട് മേഖലകൾ ഉൾക്കൊള്ളിച്ച് ഉപപദ്ധതി തയ്യാറാക്കാനും ഈ പദ്ധതികൾ വാർഷിക പദ്ധതികളുടെ ഭാഗമാക്കാനും പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. ഇതിനും പുറമേ നഗര തദ്ദേശ സ്ഥാപനങ്ങൾ എല്ലാം തന്നെ കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന സ്റ്റാർ റേറ്റിംഗ് പദവി നിശ്ചയിക്കാനുള്ള സർവ്വീസ് ലെവൽ ബഞ്ച് മാർക്ക് കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ പ്രത്യേകമായി ആവിഷ്കരിക്കേണ്ടതുമാണ്. സംസ്ഥാനം പിൻതുടരുന്ന വികേന്ദ്രീകൃത പ്രക്രിയയിലുള്ള ഈ കേന്ദ്ര സർക്കാർ കൈകടത്തലുകൾ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ ബാധിക്കുമെന്ന് കേരള വികസന റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

പ്രാദേശികഭരണത്തിന്റെ മുന്നോട്ടുള്ള വഴി

കാൽ നൂറ്റാണ്ട് പിന്നിടുന്ന കേരളത്തിന്റെ ജനകീയ വികസന മാതൃക, ഒരു പക്ഷേ പൊതു ഭരണരംഗത്ത് നാം നടത്തിയ ഏറ്റവും വലിയ സ്ഥാപനപരമായ ഇടപെടലായിട്ടാണ് പലരും അടയാളപ്പെടുത്തുന്നത്. പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലയളവിൽ സംസ്ഥാന സർക്കാർ നടത്തിയ നയപരമായ ഇടപെടലുകളും പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങളും പരിശോധിച്ചാൽ മുൻപ് ഒരിക്കലും കാണാൻ സാധിക്കാത്ത വിധം പ്രാദേശിക ഭരണസംവിധാനം ജനജീവിതത്തോട് അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നതായും പ്രാദേശിക സർക്കാർ എന്ന നിലയിൽ അവ വളർന്നതായും കാണാനാകും. ഭരണ സംവിധാനത്തിന്റെ മാതൃകകളായി ഓരോ പ്രാദേശിക സർക്കാരുകളും രൂപാന്തരം പ്രാപിക്കുമ്പോൾ അനുദിനം മാറുന്ന സാഹചര്യങ്ങൾക്കും കാലഘട്ടത്തിനും അനുസരിച്ച് ഉയർന്ന് വരുന്ന പുതിയ പുതിയ വെല്ലുവിളികൾ പരിഹരിക്കാൻ ആവശ്യമായ തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട തലത്തിലേക്ക് നമ്മുടെ തദ്ദേശ സർക്കാരുകളെ മാറ്റേണ്ടതായിട്ടുണ്ട്. പ്രാദേശിക അസമത്വം, പാർശ്വവൽകൃത വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുക, സംസ്ഥാനത്തെ വർദ്ധിത തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുക, കൃഷി അനുബന്ധമേഖലകൾ, വ്യവസായം, ചെറുകിട, കുടിൽ സംരഭങ്ങൾ തുടങ്ങിയ മേഖലകളിലെല്ലാം ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക, സംസ്ഥാനം അഭിമുഖീകരിക്കുന്ന നഗരവൽക്കരണ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക തുടങ്ങി ഒട്ടനവധി മേഖലകളിൽ കുറേക്കൂടി കാര്യമായ രീതിയിൽ പ്രാദേശികസർക്കാരുകളുടെ ശ്രദ്ധ ചെന്നെത്തേണ്ടതായിട്ടുണ്ട്. പൊതുജനങ്ങൾക്ക് നൽകുന്ന സേവനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതോടൊപ്പം വനിതകൾ, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റർ എന്നിവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അതിനായി ഓരോ പ്രാദേശികസർക്കാരുകളും പ്രത്യേകമായി വികസന കാഴ്ചപ്പാടുകൾക്ക് രൂപം നൽകേണ്ടതായിട്ടുണ്ട്. പ്രാദേശിക ഭരണ സംവിധാനത്തിലെ നെടുംതൂണും ഭരണഘടനാ സ്ഥാപനങ്ങളുമായ ജില്ലാ ആസൂത്രണ സമിതികളെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതും പ്രാദേശിക ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതുമായിട്ടുണ്ട്. അതോടൊപ്പം തന്നെ പദ്ധതി ആസൂത്രണത്തിന് സഹായകമാകുന്ന അതിശക്തമായ ഒരു പ്രാദേശിക സ്ഥിതിവിവര കണക്ക് സംവിധാനവും രൂപപ്പെടേണ്ടതായിട്ടുണ്ട്. ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ ജില്ലാ പദ്ധതികളുടെ സംയോജന സാധ്യതകൾ കണ്ടെത്തേണ്ടതും സമയാ സമയങ്ങളിൽ ആവശ്യമായ പരിഷ്കരണങ്ങൾ നടത്തി ജില്ലാ പദ്ധതികൾ ശക്തിപ്പെടുത്തേണ്ടതും മുന്നോട്ടുള്ള വഴിയിൽ പ്രാദേശിക ഭരണസംവിധാനത്തിന് അനിവാര്യമാണെന്ന് കേരള വികസനറിപ്പോർട്ട് അടിവരയിട്ട് പറയുന്നു. □

ലേഖകൻ സംസ്ഥാന ആസൂത്രണ ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്

ജനകീയാസൂത്രണം ഒരു അനുഭവസാക്ഷ്യം

ആർ. ശിവരാജൻ

അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും നടപ്പായതോടെ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക ജനകീയ സ്ഥാപനങ്ങളായി മാറുകയായിരുന്നു. 73,74 ഭരണഘടനാ ഭേദഗതികൾ നടപ്പിലാക്കുന്നതിന് മുൻപ് ഭരണ നിർവ്വഹണ രംഗത്ത് രണ്ടുതലങ്ങളായിരുന്നു ഉണ്ടായിരുന്നത്. ജനപ്രതിനിധി തലവും ഉദ്യോഗസ്ഥതലവും എന്നാൽ ജനകീയാസൂത്രണം ആരംഭിച്ചതോടെ ഭരണ നിർവ്വഹണരംഗത്ത് ജനകീയതലമെന്ന മൂന്നാമത് ഒരു തലംകൂടി ചേർക്കപ്പെട്ടു. തുടർന്ന് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലോകത്തിന് തന്നെ മാതൃകയാവുകയായിരുന്നു.

പശ്ചാത്തല കാർഷിക വികസന രംഗത്തും, വിദ്യാഭ്യാസ-ആരോഗ്യ-സേവന രംഗങ്ങളിലെല്ലാം വലിയ പുരോഗതി കൈവരിക്കുവാൻ നമുക്കായിട്ടുണ്ട്. എന്നാൽ ഭരണ നിർവ്വഹണ രംഗത്തെ ജനകീയമാക്കുകയെന്നത് ഏറെ പ്രയാസകരമായിരുന്നു. അതിന് വേണ്ടി നിരവധി ഇടപെടലുകൾ കേരളത്തിൽ നടന്നിട്ടുണ്ട്. ഈ കാലയളവിൽ ഒരു പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ നടത്തിയ പ്രവർത്തനാനുഭവങ്ങളിൽ ചിലത് പങ്കുവയ്ക്കുന്നു.

ജനങ്ങളുടെ നിരവധി ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുള്ള കേന്ദ്രങ്ങളാണ് പഞ്ചായത്താഫീസും, ഘടക സ്ഥാപനങ്ങളും. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും, കാര്യക്ഷമവും, ഫലപ്രദവുമാക്കുന്നതിനും, സ്ഥാപനവുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ആസൂത്രണ മികവ് വർദ്ധിപ്പിക്കേണ്ടതും അനിവാര്യമാണ്. ഇതിന് ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും, വൈദശ്ധ്യവും ലഭ്യമാക്കുക, സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യത്തിൽ വേണ്ട മെച്ചപ്പെടുത്തലുകൾ ആവശ്യാനുസരണം വരുത്തുക എന്നതിനൊപ്പം ഓരോ സ്ഥാപനത്തിലും ആന്തരികവും, ബാഹ്യവുമായ നിരന്തര വിലയിരുത്തലും അതിന്റെ അടിസ്ഥാനത്തിൽ വരുത്തുന്ന മാറ്റവും വളരെ പ്രധാനമാണ്.

പഞ്ചായത്ത് തലം

ഒരു മാസത്തിൽ എത്ര തവണ പഞ്ചായത്ത് സമിതി ചേർന്നാലും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിലയിരുത്തൽ ഫലപ്രദമായി നടത്താൻ സാധാരണ ഗതിയിൽ കഴിഞ്ഞിരുന്നില്ല. അതിന് വേണ്ടി മാത്രം എല്ലാ മൂന്നാം ശനിയാഴ്ചയും സ്ഥാപനതല പ്രവർത്തനം വിലയിരുത്തലിന് മാത്രമായി പ്രത്യേക യോഗം ചേരാനാരംഭിച്ചു. ഈ യോഗത്തിൽ ജനപ്രതിനിധികൾക്ക് പുറമെ സ്ഥാപനതല മേധാവികളും പങ്കെടുക്കും. അദ്ധ്യക്ഷൻ ആമുഖമായി കാര്യങ്ങൾ അവതരിപ്പിച്ചതിന് ശേഷം സ്ഥാപന മേധാവികൾ കഴിഞ്ഞ ഒരു മാസക്കാലം നടന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് എഴുതി തയ്യാറാക്കിയ റിപ്പോർട്ട് അവതരിപ്പിക്കും. എല്ലാ സ്ഥാപനതല റിപ്പോർട്ടും അവതരിപ്പിച്ചതിന് ശേഷം പൊതുചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കും. തുടർന്ന് ഈ യോഗത്തിൽ ഓരോ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും അടുത്ത ഒരു മാസം നടപ്പിലാക്കേണ്ട ആക്ഷൻപ്ലാൻ അതാത് സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ അവതരിപ്പിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും ചെയ്തിരുന്നു.

സ്ഥാപനതല വിലയിരുത്തൽ യോഗം

ഓരോ സ്ഥാപനത്തിലും ഒരു മാസത്തിൽ രണ്ടു തവണ യോഗം ചേരും. ഒന്ന് പഞ്ചായത്ത് തലത്തിൽ നടക്കുന്ന വിലയി

രുത്തൽ യോഗത്തിന് മുൻപ് എല്ലാ സ്ഥാപനങ്ങളിലും ജീവനക്കാരുടെ യോഗം ചേർന്ന് കഴിഞ്ഞ ഒരു മാസം നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കും. ഈ റിപ്പോർട്ടാണ് സ്ഥാപനതല മേധാവികൾ പഞ്ചായത്തുതല യോഗത്തിൽ അവതരിപ്പിക്കുന്നത്.

രണ്ട്: - പഞ്ചായത്തുതല വിലയിരുത്തൽ യോഗത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി ഓരോ സ്ഥാപനത്തിലേയും ജീവനക്കാരുടെ യോഗം ചേരും. ഈ യോഗത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷനും അംഗങ്ങളും നിർബന്ധമായും പങ്കെടുക്കും.

സ്ഥാപനതല മാനേജ്മെന്റ് കമ്മിറ്റി

സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് വേണ്ടി എല്ലാഘടക സ്ഥാപനങ്ങളിലും പഞ്ചായത്ത് ഓഫീസിലും രൂപീകരിച്ചിട്ടുള്ള സ്ഥാപനതല മാനേജ്മെന്റ് കമ്മിറ്റി (ജനകീയ കമ്മിറ്റികൾ) ഓരോ മാസവസാനവും യോഗം ചേർന്ന് സ്ഥാപനതല പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തി തീരുമാനമെടുക്കും. താഴെ തലത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനത്തിൽ പുതിയ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അവ പഞ്ചായത്ത് സമിതിയുടെ അറിവിലേക്കായും തുടർ നടപടികൾക്കുമായി അയയ്ക്കും.

ഇവിടെ ഒരു കാര്യം എടുത്ത് പറയേണ്ടതുണ്ട് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ അവരുടെ തീരുമാനങ്ങൾ ഉത്തരവുകളായി താഴെത്തലത്തിലേക്ക് നൽകുകയാണ് ചെയ്യുന്നത്, എന്നാൽ ഇവിടെ പഞ്ചായത്തിന്റെ തീരുമാനങ്ങൾ താഴേക്കും താഴത്തെ നിർദ്ദേശങ്ങൾ മുകളിലേക്കും ഒരു സർക്കിൾ പ്രോസസ് വഴി കൈമാറുന്നു എന്നതാണ് മറ്റൊരു പ്രത്യേകത.

ലോക്കൽ സെൽഫ് ഗവൺമെന്റ് ഓർഡർ (LSGO)

പഞ്ചായത്ത് സമിതി കൈക്കൊള്ളുന്ന എല്ലാ തരത്തിലുമുള്ള തീരുമാനങ്ങളും പഞ്ചായത്തിന്റെ ഉത്തരവുകളായി എല്ലാ ഘടക സ്ഥാപനങ്ങൾക്കും എത്തിക്കുന്നു. ഓരോ ഘടക സ്ഥാപനങ്ങളും നടപ്പിലാക്കേണ്ട തീരുമാനങ്ങൾ എല്ലാ ജീവനക്കാരുടേയും അറിവിലേക്കായി ഈ ഉത്തരവുകൾ പ്രയോജനപ്പെടുന്നു. കൂടാതെ തീരുമാനങ്ങൾ വളരെ കൃത്യമായി ലഭിക്കുന്നതിനാൽ തുടർ പ്രവർത്തനങ്ങൾക്ക് വ്യക്തതയും, ആത്മധൈര്യവും ജീവനക്കാർക്ക് ലഭിക്കുന്നു എന്ന വലിയ പ്രത്യേകതയും ഇതിനുണ്ട്. കൂടാതെ കൃത്യമായ വിലയിരുത്തലിനും കഴിയുന്നു.

പരാതി- നിർദ്ദേശ പെട്ടികൾ

പഞ്ചായത്തിനേയും, ഘടകസ്ഥാപനങ്ങളേയും സംബന്ധിച്ച പൊതുജനങ്ങൾക്ക് പരാതികളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ അവ എല്ലാ ഘടകസ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരാതി-നിർദ്ദേശ പെട്ടികളിൽ നിക്ഷേപിക്കാവുന്നതാണ്. എല്ലാ വെള്ളിയാഴ്ചയും, പെട്ടി തുറന്ന് അതാത് സ്ഥാപനത്തിൽ പരിഹരിക്കേണ്ടവ അവിടെ പരിഹരിച്ചും അല്ലാതുള്ളവ അന്ന് തന്നെ പഞ്ചായത്തിലേക്കും കൈമാറി വേഗത്തിൽ പരിഹാരം കാണും.

സ്റ്റിയറിംഗ് കമ്മിറ്റി

എല്ലാ ശനിയാഴ്ചയും രാവിലെ തന്നെ പഞ്ചായത്തിന്റെ സ്റ്റിയറിംഗ് കമ്മിറ്റി കൂടിയിരുന്നു. പൊതുവായ പ്രവർത്തനത്തിന്റെ ഏകോപനവും, മോണിറ്ററിംഗും നടത്തുക എന്നതിനപ്പുറം സ്ഥാപനതലങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിരുന്നു.

> പഞ്ചായത്ത് സമിതി കൈക്കൊള്ളുന്ന എല്ലാ തരത്തിലുമുള്ള തീരുമാനങ്ങളും പഞ്ചായത്തിന്റെ ഉത്തരവുകളായി എല്ലാ ഘടക സ്ഥാപനങ്ങൾക്കും എത്തിക്കുന്നു. ഓരോ ഘടക സ്ഥാപനങ്ങളും നടപ്പിലാക്കേണ്ട തീരുമാനങ്ങൾ എല്ലാ ജീവനക്കാരുടേയും അറിവിലേക്കായി ഈ ഉത്തരവുകൾ പ്രയോജനപ്പെടുന്നു. കൂടാതെ തീരുമാനങ്ങൾ വളരെ കൃത്യമായി ലഭിക്കുന്നതിനാൽ തുടർ പ്രവർത്തനങ്ങൾക്ക് വ്യക്തതയും, ആത്മധൈര്യവും ജീവനക്കാർക്ക് ലഭിക്കുന്നു .

ഹാജർബോർഡ്

ഓരോ ആഫീസിലും ഹാജരാകുന്ന ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ (ജീവനക്കാരന്റെ പേര്, ഉദ്യോഗപ്പേര്, ഹാജർ, യാത്രയെ സംബന്ധിച്ച വിവരങ്ങൾ) പൊതുജനങ്ങളുടെ അറിവിലേക്കായി അതാത് ആഫീസുകളിൽ പ്രദർശിപ്പിക്കുന്നു. പിൽക്കാലത്ത് ഇത് എല്ലാ പഞ്ചായത്തുകളിലും സർക്കാർ നിർദ്ദേശപ്രകാരം നിലവിൽ വന്നു.

സാമൂഹ്യ വിലയിരുത്തൽ സംവിധാനം

പഞ്ചായത്തിന്റെയും ഘടകസ്ഥാപനങ്ങളുടേയും അതിലെ ജീവനക്കാരുടേയും പ്രവർത്തനങ്ങളെ സംബന്ധിച്ചും അവിടങ്ങളിൽ നിന്ന് നൽകുന്ന സേവനങ്ങളെ സംബന്ധിച്ചും പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളും പ്രത്യേകമായി വിളിച്ച് ചേർക്കുന്ന ഗ്രാമസഭകളിൽ റിപ്പോർട്ട് അവതരിപ്പിച്ചിരുന്നു. വിശദമായ ചർച്ചകൾക്ക് ശേഷം ഉരുത്തിരിഞ്ഞ് വരുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് സമിതികളുടെ പരിഗണനയ്ക്കായി അയയ്ക്കുന്നു.

കേവലമായ ആനുകൂല്യ വിതരണ തീരുമാനങ്ങൾ എന്നതിനപ്പുറം ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും വിലയിരുത്തലിന്റെയും ശക്തമായ ജനകീയതലം എന്ന നിലയിലേക്ക് ഗ്രാമസഭകൾ മാറുന്നു. പങ്കെടുക്കുന്നവരുടെ എണ്ണത്തേക്കാൾ ഗുണാത്മകമായി മെച്ചപ്പെട്ട തലമായി മാറുകയായിരുന്നു ഗ്രാമസഭകൾ.

മരാമത്ത് പണികളിൽ ജനകീയ ഇടപെടലുകൾ

ഈ രംഗത്ത് ചപ്പാരപ്പടവ് അടക്കം നിരവധി മാതൃകകൾ നമ്മുടെ മുന്നിലുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീക്കി വയ്ക്കുന്ന ഫണ്ടിന് പുറമേ ആ പ്രദേശത്തെ ജനങ്ങളുടെ സംഭാവനയായി ലഭിക്കുന്ന പണവും സന്നദ്ധ സേവനവും സാധന സാമഗ്രികളും കൂടിചേരുമ്പോൾ വികസന രംഗത്ത് വലിയൊരു മാറ്റം കൈവരിക്കുവാൻ കഴിയും. എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ താഴ്ന്ന പണി പൂർത്തീകരിക്കുകയും ബാക്കി തുക പഞ്ചായത്തിന് തിരിച്ച് നൽകുകയും ചെയ്ത എത്രയോ ഉദാഹരണങ്ങൾ നമ്മുടെ മുൻപിലുണ്ട്. കൈക്കൂലി ആവശ്യപ്പെട്ട ഉദ്യോഗസ്ഥന് പണം

നൽകുകയും അത് പദ്ധതിയെ സംബന്ധിച്ച വിവരം രേഖപ്പെടുത്തുന്ന വാർത്താബോർഡിൽ പ്രദർശിപ്പിക്കുന്നതറിഞ്ഞ ജീവനക്കാരൻ, കൺവീനർക്ക് പണം തിരിച്ച് നൽകിയ അനുഭവവും ഉണ്ടായിട്ടുണ്ട്.

കുട്ടികളുടെ പഞ്ചായത്തും ഗ്രാമസഭകളും

സാധാരണഗതിയിൽ ഗ്രാമസഭകളിൽ പങ്കെടുക്കുന്നത് മുതിർന്നവരാണ്. അവിടെ നാടിന്റെ പൊതുവായ വികസന ക്ഷേമപ്രവർത്തനങ്ങൾ ചർച്ച ചെയ്യപ്പെടും. എന്നാൽ ഭാവി തലമുറയുടെ നിർണ്ണായക ഘടകം എന്ന നിലയിൽ സാമൂഹ്യ വികസന പ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം വളരെ പ്രധാനപ്പെട്ടതാണ്. മാത്രമല്ല അവരുടെ പ്രശ്നങ്ങൾ അവരിൽ നിന്നു തന്നെ പഠിക്കുവാനും അവരെ ഭാവിവാഗ്ദാനങ്ങളാക്കി മാറ്റുവാനും നമുക്കാവണം. അതിനായി കുട്ടികളുടെ മാത്രം ഗ്രാമസഭകൾ ചേരുന്നു. വളരെ വിലപ്പെട്ട നിർദ്ദേശങ്ങൾ, പ്രശ്നങ്ങൾ തുടങ്ങിയവ ഇത്തരം ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നത് ഭാവി പ്രവർത്തനങ്ങൾക്ക് കൂടുതൽ സഹായകമായിട്ടുണ്ട്.

ഓരോ ഗ്രാമസഭയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് പ്രതിനിധികൾ വീതം അടങ്ങുന്നതാണ് പഞ്ചായത്തുതല സമിതി ഇവരിൽ നിന്നും ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു. ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ ഈ സമിതിയുടെ യോഗം ചേരുന്നു. ഈ യോഗത്തിൽ പഞ്ചായത്തിലെ ജനപ്രതിനിധികളും പങ്കെടുക്കുന്നു. ഇവിടെ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ ജനപ്രതിനിധികൾ പഞ്ചായത്ത് സമിതിയിൽ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുന്നു.

കലാപരിശീലനത്തിനായി കലാഗ്രാമം, കായിക പരിശീലനം, നീന്തൽ പരിശീലനം തുടങ്ങിയവയും പഞ്ചായത്ത്‌രാജ് നിയമം കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിന് തയ്യാറാക്കിയ കൈപ്പുസ്തകവും കുട്ടികളിൽ നിന്നും ഉയർന്ന നിർദ്ദേശങ്ങളിൽ ചിലതാണ്. മാത്രമല്ല കുട്ടികളേയും സ്ത്രീകളേയും സംഘടിപ്പിച്ച് ക്വയർ ഗ്രൂപ്പിനും നാടക സമിതിക്കും രൂപം നൽകിയതും മാതൃകാപരമായിരുന്നു.

പഠനകേന്ദ്രവും കലാഗ്രാമവും

പഞ്ചായത്തുകൾ പ്രാദേശിക സർക്കാരുകളെന്ന നിലയിൽ ഒരു പഠന ഗവേഷണ കേന്ദ്രം അനിവാര്യമാണ് എന്നത് പ്രവർത്തനത്തിന്റെ പുരോഗതിയുടെ അടിസ്ഥാനത്തിലുള്ള തിരിച്ചറിവായിരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനായാണ് പഠനകേന്ദ്രം ആരംഭിച്ചത്. ഇന്ന് പഠനകേന്ദ്രം പഞ്ചായത്തുകളുടെ ജിയോ മാപ്പിംഗിന്റെ സമഗ്രപദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രധാനകേന്ദ്രമായി മാറിയിട്ടുണ്ട്. പഠനകേന്ദ്രത്തിന്റെ കീഴിൽ കുട്ടികൾക്ക് കലാപരിശീലനം നൽകുക, സാംസ്കാരിക വേദികൾ ഒരുക്കുക എന്നീ ലക്ഷ്യങ്ങളോടെ കലാഗ്രാമത്തിനും രൂപംനൽകി. ഇതിന് ഓപ്പൺ തിയേറ്ററും പരിശീലനം നൽകാനുള്ള കേന്ദ്രവുമുണ്ട്. ഇന്നും ഇത് കേരളത്തിന്റെ ഒരു സാംസ്കാരിക കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു.

പ്രവർത്തന മാർഗ്ഗരേഖ

തദ്ദേശസ്വയംഭരണ പ്രക്രിയ വ്യവസ്ഥാപിതമാക്കുവാനും, പഞ്ചായത്തുകൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും, സ്ഥാപന - സേവന ഗുണ നിലവാരം വർദ്ധിപ്പിക്കാനും ജനഹിതം അനുസരിച്ചും ജനകീയ ഇടപെടൽ ഉൾക്കൊണ്ടും സ്ഥാപനമാനേജ്മെന്റും ഭരണനിർവ്വഹണവും സഫലമാക്കാനുമുള്ള നൂതനമായ അന്വേഷണവും പ്രവർത്തനവുമാണ് പ്രവർത്തന മാർഗ്ഗരേഖയായി രൂപപ്പെട്ടത്. ഭരണ വിദഗ്ധർ, നിയമവിദഗ്ധർ, സന്നദ്ധപ്രവർത്തകർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണ് ഈ മാർഗ്ഗരേഖകൾ.

> ഭാവി തലമുറയുടെ നിർണ്ണായക ഘടകം എന്ന നിലയിൽ സാമൂഹ്യ വികസന പ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം വളരെ പ്രധാനപ്പെട്ടതാണ്. മാത്രമല്ല അവരുടെ പ്രശ്നങ്ങൾ അവരിൽ നിന്നു തന്നെ പഠിക്കുവാനും അവരെ ഭാവിവാഗ്ദാനങ്ങളാക്കി മാറ്റുവാനും നമുക്കാവണം. അതിനായി കുട്ടികളുടെ മാത്രം ഗ്രാമസഭകൾ ചേരുന്നു. വളരെ വിലപ്പെട്ട നിർദ്ദേശങ്ങൾ, പ്രശ്നങ്ങൾ തുടങ്ങിയവ ഇത്തരം ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നത് ഭാവി പ്രവർത്തനങ്ങൾക്ക് കൂടുതൽ സഹായകമായിട്ടുണ്ട്.

പതിമൂന്ന് ഘടകസ്ഥാപനങ്ങളിൽ ഇത്തരം മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ സർക്കാർ ഇറക്കിയിട്ടുള്ള മാർഗ്ഗരേഖകൾ, ഉത്തരവുകൾ, പ്രവർത്തന നിർദ്ദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെ പ്രവർത്തനവും കാര്യക്ഷമവും ഫലപ്രദവും സുതാര്യവുമാക്കാൻ കഴിയുന്ന തരത്തിലാണ് ഈ മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുള്ളത്. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനങ്ങളെ സംബന്ധിച്ച് വളരെ വിശദമായി ഈ രേഖ പ്രതിപാദിക്കുന്നുണ്ട്. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഇത് വളരെ സഹായകരമായിരുന്നു.

ജനകീയാസൂത്രണത്തിന്റെ ആരംഭഘട്ടത്തിൽ ഒട്ടേറെ ആക്ഷേപങ്ങളും, ആശങ്കകളും ഉയർന്നുവന്നിട്ടുണ്ട്. ഇതിനെ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിച്ചുകൊണ്ട് ചെറുത്ത് തോല്പിച്ചു. ജനകീയാസൂത്രണ അനുഭവത്തിന്റെ വെളിച്ചത്തിൽ തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജിൽ വച്ച് നടന്ന അന്താരാഷ്ട്രസെമിനാർ ഇതിനൊരു ഉദാഹരണമാണ്.

ജനകീയാസൂത്രണം ആരംഭിച്ച ഒൻപതാം പദ്ധതിയിലും തുടർന്ന് പത്താം പദ്ധതിയിലും നടത്തിയ പ്രവർത്തനങ്ങൾ ഉണ്ടാക്കിയ മാറ്റം അത്ഭുതകരമായിരുന്നു. ഒരു പ്രാദേശിക സർക്കാർ എന്ന നിലയിൽ ഒട്ടനവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിഞ്ഞു. തുടർന്ന് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായകമായി ഒട്ടനവധി മാറ്റങ്ങൾ കൊണ്ടു വരുന്നതിന് ഇവിടെ നടത്തിയ പ്രവർത്തനങ്ങൾ പ്രചോദനമായിട്ടുണ്ട്.

ഇത്തരത്തിൽ കഴിഞ്ഞ 25 വർഷക്കാലം ചെറുതും വലുതുമായ ഒട്ടനവധി മാതൃകകൾ സൃഷ്ടിക്കാൻ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഈ അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ ചരിത്രം സൃഷ്ടിക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു. □

ലേഖകൻ കരകുളം ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ മുൻ ജനറൽ സെക്രട്ടറിയുമാണ്.

വാർത്തകൾ വിശേഷങ്ങൾ

മുൻകാല ജനന രജിസ്ട്രേഷനുകളിൽ പേര് ചേർക്കാം

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും രജിസ്ട്രേഷൻ നടത്തി പതിനഞ്ചുവർഷം കഴിഞ്ഞ എല്ലാ ജനന രജിസ്ട്രേഷനുകളിലും ജനിച്ചയാളുടെ പേര് ചേർത്തിട്ടില്ലെങ്കിൽ അത് ഉൾപ്പെടുത്തുന്നതിനുള്ള സമയപരിധി അഞ്ചുവർഷം കൂടി ദീർഘിപ്പിച്ച് ചട്ടങ്ങൾ ഭേദഗതിചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചു. ഈ ഭേദഗതിവഴി മുൻകാല ജനന രജിസ്ട്രേഷനുകളിൽ 2026 ജൂലൈ 14 വരെ പേരു ചേർക്കാൻ കഴിയും.

അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ

സംസ്ഥാനത്ത് അതിവദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനും സംസ്ഥാന വ്യാപകമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടത്തേണ്ട സർവേയ്ക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സ.ഉ.(കൈ) നം. 145/2021/ത.സ്വ.ഭ.വ. തീയതി: 16.07.2021.

സാമൂഹ്യ സുരക്ഷാ പെൻഷൻ - സ്പഷ്ടീകരണം

അനാഥ/അഗതി/വൃദ്ധമന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികളുടെ സാമൂഹ്യസുരക്ഷാപെൻഷൻ അർഹത സംബന്ധിച്ച് സ്പഷ്ടീകരണം പുറപ്പെടുവിച്ചു.

ജി.ഒ.(ആർ.ടി.) നം. 5171/2021/FIN തീയതി: 28.07.2021.

നവകേരളം കർമ്മപദ്ധതി-II രൂപീകരിച്ചു

സംസ്ഥാനത്തെ സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ മുൻസർക്കാരിന്റെ കാലത്ത് പ്രവർത്തിച്ച നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായിരുന്ന ലൈഫ്മിഷൻ, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം മിഷൻ എന്നിവയും കേരള പുനർനിർമ്മാണ പദ്ധതിയും ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി-II എന്ന പേരിൽ ഒരു ഏകീകൃത മിഷൻ രൂപീകരിച്ചു.

ജി.ഒ.(പി.) നം.10/2021/പി & ഇ.എ. തീയതി: 01.08.2021.

ജില്ലാ ആസൂത്രണസമിതികൾ രൂപീകരിച്ചു

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലും ആസൂത്രണസമിതികൾ രൂപീകരിച്ച് ഉത്തരവായി.

സ.ഉ.(അച്ചടി) നം.33/2021/ത.സ്വ.ഭ.വ. തീയതി: 05.08.2021

നിലാവ് പദ്ധതി-നിലവിലെ പാക്കേജ് ഘടന പരിഷ്കരിച്ചു

നിലാവ് പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള പാക്കേജുകളോടൊപ്പം കെ.എസ്.ഇ.ബി. ശിപാർശ പ്രകാരമുള്ള ഘടനയിൽ 100 എണ്ണം എൽ.ഇ.ഡി. ബൾബുകൾ വീതമുള്ള പാക്കേജുകൾ കൂടി ഉൾപ്പെടുത്തിയും നിലവിലെ പരമ്പരാഗത ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനോടൊപ്പം നിലാവ് പദ്ധതിയുടെ ഭാഗമായി പുതുതായി എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും അനുമതി നൽകി ഉത്തരവായി.

സ.ഉ.(കൈ) നം.169/2021/ത.സ്വ.ഭ.വ. തീയതി: 06.08.2021

CMLRRP കരാറുകാർക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം

മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിപ്രവൃത്തികളുടെ ബിൽ മാറി കരാറുകാർക്ക് തുക അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിങ് വിഭാഗത്തിലെ ജില്ലാപഞ്ചായത്ത് തലത്തിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം നൽകി ഉത്തരവായി.

ജി.ഒ.(എം.എസ്.) നം.171/2021/എൽ.എസ്.ജി.ഡി. തീയതി: 09.08.2021

ഗ്രാമപഞ്ചായത്തുകൾ ഒ.ഡി.എഫ്. പ്ലസ് ആക്കി മാറ്റുന്നതിനുള്ള നടപടിക്രമം

സ്വച്ഛ്ഭാരത് മിഷൻ രണ്ടാംഘട്ടം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫേസ് II മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 500 വില്ലേജുകൾ ഉൾപ്പെട്ട 300 ഗ്രാമപഞ്ചായത്തുകൾ ഒ.ഡി.എഫ്. പ്ലസ് ആക്കിമാറ്റുന്നതിനുള്ള നടപടിക്രമം അംഗീകരിച്ച് ഉത്തരവായി.

ജി.ഒ.(ആർ.ടി.) നം.1492/2021/എൽ.എസ്.ജി.ഡി. തീയതി: 09.08.2021

ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ വേതനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിചെയ്തുവരുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ വേതനം നൽകുന്നതിലേക്കായി 2020-21, 2021-22 വർഷം തനതുഫണ്ടോ വികസനഫണ്ടോ വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവായി.

ജി.ഒ.(ആർ.ടി.) നം.1518/2021/എൽ.എസ്.ജി.ഡി. തീയതി: 10.08.2021

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

മഹാമാരിക്കാലത്തെ ഓണം

■ **തുളസി കേരളശ്ശേരി**

ഒരുമയുടെ, ഒത്തുചേരലിന്റെ ഓണം ഇത്തവണയും അകലത്തിരുന്ന് ആഘോഷിക്കാനൊരുങ്ങുകയാണ് മലയാളികൾ
ഒഴിഞ്ഞുപോകാതെ ഈ മഹാമാരി നമ്മുടെ ജീവിതത്തിന്റെ നിറം കെടുത്തിയിരിക്കുന്നു.
എങ്കിലും
ആധുനീകസാങ്കേതിക വിദ്യയിലൂടെ മനസ്സുകൊണ്ടു ചേർന്നിരിക്കാൻ ശ്രമിക്കയാണല്ലോ നാമോരുത്തരും.

ഗൂഗിൾമീറ്റിലൂടെ ഒത്തുകൂടാനും അങ്ങനെ ഓണമാഘോഷിക്കാനും
പദ്ധതിയിടുന്ന ഒരു സുഹൃത്തിന്റെ വാക്കുകളാണ് ഇത്തവണത്തെ ഓണചിന്തയിൽ ആദ്യം കടന്നുവരുന്നത്,
അത്തം തൊട്ട് പൂക്കളം തറവാടു ഗ്രൂപ്പിൽ എല്ലാരും ഇടും .
തിരുവോണത്തിന് ഗൂഗിൾമീറ്റും
എന്നതാണ് പദ്ധതി.
ഓണവിഭവങ്ങൾ തയ്യാറാക്കാൻ പഠിപ്പിക്കലും ഗ്രൂപ്പിൽ നടക്കും

ബർഗറും പിസ്സയും മറ്റു ആധുനീക രുചിക്കൂട്ടുകളും വല്ലാതെ മാറ്റിയ
ഇന്നത്തെ യുവതയുടെ സ്വാദുമുകുളങ്ങൾക്ക്, കാളനും
ഓലനുമൊക്കെ നിർഗുണപരബ്രഹ്മമായി തോന്നിയേക്കാം
എന്തായാലും ആ വിഭവങ്ങളെക്കുറിച്ചും
ഓണത്തിന്റെ ചരിത്രത്തെക്കുറിച്ചും പറയാൻ അമ്മുമ്മയ്ക്കും
ഒരവസരം ഗൂഗിൾമീറ്റിൽ കൊടുത്തിട്ടുണ്ട് എന്നു സുഹൃത്തു
പറഞ്ഞതോർത്ത് സന്തോഷിക്കുന്നു.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്ക്,
മലമുതൽ ആളം (ആഴി) വരെ നീണ്ടു നിവർന്നുകിടക്കുന്ന
മലയാളനാടിന്റെ
തനതു ആഘോഷമാണല്ലോ ഓണം.
കൃഷിയും കാലാവസ്ഥയും ജീവിതഗതി തീരുമാനിച്ചിരുന്ന ഈ
നാട്ടിൽ ആഘോഷങ്ങളും ഉത്സവങ്ങളും കൃഷിയുമായി
ബന്ധമുള്ളതുതന്നെയായിരുന്നു
വിശ്വാസവും ആചാരവും കാർഷികവൃത്തിയും ആഘോഷങ്ങളും
ഇഴചേർന്ന ജീവിതം.

തൃക്കാക്കരപ്പനെ പ്രത്യേകമായി പൂജിച്ച് പത്തു ദിനം പൂവിട്ട്
എല്ലാ ജനങ്ങളേയും ഒരുപോലെ കണ്ട മഹാബലി
തമ്പുരാനെന്ന മനോഹര സങ്കൽപ്പം നെഞ്ചേറ്റി
അന്ന് മലയാളി കൊണ്ടാടിയ ഓണം, ഒരു
സമൃദ്ധി തന്നെ ആയിരുന്നു.
കാരണം,
വ്യത്യസ്ത വിഭവങ്ങളൊക്കെ കൂട്ടി നിറഞ്ഞൊരൂണ് അന്ന്
എല്ലാവർക്കും എപ്പോഴും കിട്ടുന്നതല്ലായിരുന്നു.

ക്ഷാമത്തിന്റേയും പട്ടിണിയുടേയും ഇരുണ്ട കാലഘട്ടത്തിൽ
പ്രത്യേകിച്ച് കൂട്ടുകുടുംബ വ്യവസ്ഥയിൽ,
കാണം വിറ്റായാലും ഒരു ദിവസമെങ്കിലും ഒന്നിച്ചിരുന്ന് വയറു
നിറച്ച് ഓണമുണ്ണുക എന്നതുതന്നെ
വലിയ ആഘോഷമായിരുന്നു.
പട്ടിണിയുടെ ദൈന്യതയിൽ വയറു നിറച്ച് ഉണ്ണുന്നതിലും
വലുതായൊരു സുന്ദരസ്വപ്നം ഉണ്ടാകാനിടയില്ലാലോ!
കാർഷികവൃത്തിയിലൂന്നിയ ഒരു സമൂഹത്തിൽ
ഓണത്തെക്കുറിച്ചൊന്നും പറയേണ്ടതില്ല
മലയാളിയുടെ ജീവിതത്തിലെ ഒരേടുതന്നായിരുന്നല്ലോ
അത്.

പരിപൂർണ്ണമായി ഉപഭോഗസംസ്കാരത്തിലേക്കു മാറിയ പുതിയ
മലയാളിക്ക് ഇനി നിറപുത്തരിയെന്തെന്നോ ഓണമെന്തെന്നോ
ഒരു ചരിത്രം പോലെ
വിസ്തരിച്ച് പറഞ്ഞു കൊടുക്കേണ്ടതായ അവസ്ഥയാണ്.
പറഞ്ഞാലും മനസ്സിലാവണമെന്നുമില്ല

ഇല്ലായ്മകൾ നിറഞ്ഞ പഴയ കാലത്ത് ഈശ്വരചിന്തയും ഭക്തിയും
കൂടുതലായിരുന്നു.
അതോടൊപ്പം തന്നെ,
കേട്ടു കേട്ടു പകർന്ന ഓണക്കഥകളും ഓണപ്പാട്ടുകളും പ്രചരിച്ചു.

മാനുഷരെ എല്ലാം ഒന്നായി കണ്ട, മഹാനായ മഹാബലിയുടെ
ഭരണത്തിലും ഭക്തിയിലും
യജ്ഞത്തിലും തൃപ്തനായ ഭഗവാൻ വിഷ്ണു,
മഹാനായ ആ രാജാവിനായി സുതലം എന്ന ലോകത്തേയും
അടുത്ത മന്വന്തരത്തിലെ ഇന്ദ്രപദവിയും നൽകി അനുഗ്രഹിച്ച
കഥയാണ് ഭാഗവത കുതുകികൾ പറഞ്ഞു കേട്ടിട്ടുള്ളത്.

എന്നാൽ കൂടുതൽ ആളുകളിലേക്കെത്തിയ കഥ,
വാമനന്റേയും പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തിയ
മഹാബലിയുടേയും ആണ്ടിലൊരിക്കൽ
നാടുകാണാനെഴുന്നള്ളുന്ന ആ തമ്പുരാന്റേയും ആയിരുന്നു.
എന്തായാലും കഥയിൽ ചോദ്യമില്ല എന്നല്ലേ പറയുക
കഥയെന്തുതന്നെയായാലും
ഒരുമയോടെ എല്ലാ ജാതിമതസ്ഥരുംകൂടി ഒരുമിച്ചിരുന്ന്
ഊണുകഴിക്കയും പൂവിടുകയും
പാട്ടുപാടി ആഘോഷിക്കുകയും ചെയ്യുന്ന
ഐക്യത്തിന്റെ ഈ ഉൽസവം മലയാളി കൈവിടാതിരിക്കട്ടെ..
അവനിൽ ഒരു തുമ്പപ്പൂവോളം പരിശുദ്ധമായ നാട്ടുനന്മയായി
ഓണം പരിലസിക്കട്ടെ.

കൊവിഡാനന്തര കാലഘട്ടത്തിലെ ഓണാഘോഷത്തിനും
വലിയമാറ്റം ഉണ്ടാകുമെന്നത് നിശ്ചയം.
മഹാമാരിയുടെ മൂർദ്ധന്യാവസ്ഥയിൽ,
അകലവും വ്യക്തിശുചിത്വവും പാലിക്കേണ്ടതായ ഈ സമയത്ത്
പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചാണെങ്കിലും
കുടുംബവും കൂട്ടുകാരും ഒത്തുചേർന്ന്   ഗൃഹാതുരത്വം തുളുമ്പുന്ന
ഓണഓർമ്മകളും സ്നേഹവും പങ്കിടാം.

ഏവർക്കും സ്നേഹവും ശാന്തിയും നിറഞ്ഞ ഓണക്കാലം
ഉണ്ടാകുമെന്ന് നമുക്കാശിക്കാം.

മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്

സംസ്ഥാന പുനഃസംഘടനയും ജനാധിപത്യവും

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ

ഭാരതീയ ഭാഷകളുടെയും അവ സംസാരിക്കുന്ന ജനങ്ങളുടെ സംസ്കാരങ്ങളും സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിന് സംസ്ഥാന പുനഃസംഘടന ലക്ഷ്യമിട്ടിരുന്നു. ഭാഷയുടെ പേരിൽ ജനങ്ങൾ തമ്മിൽത്തല്ലരുതെന്നും കമ്മീഷൻ ആഗ്രഹിച്ചു. ഓരോ സംസ്ഥാനത്തും അവിടത്തെ ജനങ്ങളുടെ ഭാഷ ഭരണനിർവ്വഹണത്തിന്റെ എല്ലാ തലങ്ങളിലും ഉപയോഗിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. ഭാഷയുടെ അടിസ്ഥാനത്തിൽ യോജിച്ച ജനങ്ങളുടെ ഐക്യത്തിലൂടെ ഭാരതത്തിന്റെ അഖണ്ഡത–അതും കമ്മീഷന്റെ പ്രതീക്ഷയായിരുന്നു. വിദ്യാഭ്യാസം വിശേഷിച്ചും പ്രാഥമിക വിദ്യാഭ്യാസം പ്രാദേശിക ഭാഷയിൽ തന്നെയാവണമെന്ന് ഗാന്ധിജിക്കും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനും ഒപ്പം കമ്മീഷനും സ്വപ്നം കണ്ടിരുന്നു. സ്വാതന്ത്ര്യം ലഭിച്ച് മുക്കാൽ നൂറ്റാണ്ടാകുന്ന ഇപ്പോൾ സംതൃപ്തി ലഭിക്കുന്നുണ്ടോ? ഇല്ല എന്നുതന്നെ ഉത്തരം.

ജനാധിപത്യ സംവിധാനത്തിന് മുൻപുള്ള എല്ലാ ഭരണക്രമങ്ങളിലും ഭരിക്കുന്നവരുടെ ഭാഷയായിരുന്നു ഭരണഭാഷ. ജനാധിപത്യ സംവിധാനത്തിലാകട്ടെ, ഭരണീയ ജനങ്ങളുടെ ഭാഷയാണ് ഭരണഭാഷ. ഭരണത്തിന്റെ എല്ലാ രംഗങ്ങളിലും ജനങ്ങളുടെ ഭാഷ ഉപയോഗിക്കുമ്പോൾ മാത്രമേ ഭരണം ജനങ്ങൾക്കു മനസ്സിലാകുന്നുള്ളൂ. ഭരണത്തിൽ ജനങ്ങൾക്കു പങ്കാളിത്തം ലഭിക്കുന്നുള്ളൂ. അപ്പോൾ മാത്രമേ ജനാധിപത്യം സാർത്ഥമാകുന്നുള്ളൂ. ആശയവിനിമയമാണ് ഭാഷയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യമെങ്കിൽ ജനാധിപത്യം സാർത്ഥകമാക്കുക എന്നതാണ് ഭരണഭാഷാമാറ്റത്തിന്റെ ലക്ഷ്യം.

ഭാഷയുടെ വികാസവും ഭരണഭാഷയുടെ വ്യാപനവും ഒരുമിച്ചു നടക്കേണ്ട കാര്യങ്ങളാണ്, ഇവ ജനങ്ങളുടെ മാതൃഭാഷാഭിമുഖ്യത്തെ ആശ്രയിച്ചിരിക്കുന്നു. വ്യക്തിത്വ വിക

നെഹ്റുവും ഗാന്ധിജിയും

ബാലഗംഗാധരതിലകൻ



സർദാർ വല്ലഭായ് പട്ടേൽ

സനത്തിനെന്ന പോലെ രാജ്യപുരോഗതിക്കും ഭാഷാവികാസം അനിവാര്യമായിരിക്കുന്നു.

ഈ വക കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഗാന്ധിജി ഭാഷാപ്രശ്നം ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമാക്കി വളർത്തിയത്. ഗാന്ധിജിയോടൊപ്പം ലോകമാന്യ ബാലഗംഗാധരതിലകനും സർദാർ വല്ലഭായ് പട്ടേലും ജവഹർലാൽ നെഹ്റുവും തുടങ്ങിയ നേതാക്കൻമാരെല്ലാം അണിനിരന്നു. അവർ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടനയ്ക്കു വേണ്ടി വാദിച്ചു. മുൻപു പറഞ്ഞ ഇന്ത്യൻ സ്റ്റാറ്റ്യൂട്ടറി കമ്മീഷനും (1927) ഭാഷാ പ്രവിശ്യാ കമ്മീഷനും (1948) ഭാഷകൾക്കുള്ള ഭരണനിർവ്വഹണശക്തി എടുത്തുപറയുകയുണ്ടായി. 1948-ൽ ഗാന്ധിജി ഭൗതികമായി ഈ ലോകം വിട്ടുപോയെങ്കിലും അദ്ദേഹത്തിന്റെ ആശയാദർശങ്ങൾ കൂടുതൽ കരുത്താർജ്ജിച്ചു വളർന്നു. 1952-ൽ ഉണ്ടായ പ്രക്ഷോഭങ്ങളെപ്പറ്റി നേരത്തേ വിവരിക്കുകയുണ്ടായി. ഢാക്കാ സർവ്വകലാശാലയിലെ വെടിവയ്പും വിദ്യാർത്ഥികളുടെ മരണവും പോറ്റി ശ്രീരാമുലുവിന്റെ ജീവത്യാഗവും ഭാഷാസംസ്ഥാന പുനഃസംഘടന അനിവാര്യമാക്കി. 1953-ൽ തന്നെ ആന്ധ്രയ്ക്ക് സംസ്ഥാനപദവി നൽകേണ്ടിവന്നു.

സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ 1953 ഡിസംബർ 23-ന് നിലവിൽവന്നു. ഒരു ഭാഷ, അത് സംസാരിക്കുന്ന ജനങ്ങളെ യോജിപ്പിച്ചു നിർത്തുന്നു എന്നതാണ്, സംസ്ഥാന പുനഃസംഘടനയുടെ അടിസ്ഥാനതത്ത്വം.

ഒറീസാ ഗവർണറായിരുന്ന ഫാസൽ അലി ചെയർമാനും രാജ്യസഭാംഗമായിരുന്ന എച്ച്.എൽ.കുൺഡറും ഈജിപ്റ്റിലെ ഇൻഡ്യൻ സ്ഥാനപതിയായിരുന്ന സർദാർ കെ.എം.പണിക്കരും അംഗങ്ങളുമായും നിലവിൽവന്ന സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ ഭാരതത്തിലെ ബഹുഭാഷാപ്രശ്നം വിശദമായി പഠിച്ചു തയ്യാറാക്കിട്ടുള്ള റിപ്പോർട്ടിൽ ജനാധിപത്യം സാർത്ഥകമാക്കുന്നതിന് ജനങ്ങൾക്കു ഭരണത്തിലുണ്ടാകേണ്ട പങ്കാളിത്തത്തെക്കുറിച്ചും, അതിന് പ്രാദേശികഭാഷകൾ ഭരണഭാഷ ആകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്നുണ്ട്. 179 ഭാഷകളും 544 ദേശമൊഴികളും ഉള്ള ഒരു രാജ്യത്തെ ഭാഷാപ്രശ്നം സങ്കീർണ്ണമായില്ലെങ്കിലേ അത്ഭുതമുള്ളൂ.



കെ.എം. പണിക്കർ

ഭാരതീയ ഭാഷകളെയെല്ലാം വെല്ലുവിളിച്ചുകൊണ്ട് നിയമത്തിന്റെ പിൻബലത്തിൽത്തന്നെ വിദേശഭാഷയായ ഇംഗ്ലീഷ് അധികാരത്തിൽ തുടരുന്നു. ഭരണഘടനയിലെ ഔദ്യോഗിക ഭാഷാവ്യവസ്ഥകൾ, ത്രിഭാഷാ പദ്ധതി, ഗാന്ധിജിയുടെ ആശയാദർശനിർദേശങ്ങൾ ഒക്കെയും കണക്കിലെടുത്താണ് സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാനങ്ങൾ ഭാഷയുടെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുമ്പോൾ ഓരോ സംസ്ഥാനത്തെയും ഔദ്യോഗികഭാഷ, ന്യൂനപക്ഷഭാഷകളുടെ സംരക്ഷണം തുടങ്ങിയവയെല്ലാം റിപ്പോർട്ടിൽ വിശദമായി ചർച്ച ചെയ്യുന്നു. കമ്മീഷൻ ശിപാർശ ചെയ്ത പതിനാറു സംസ്ഥാനങ്ങൾ 1956 നവംബർ 1-നു നിലവിൽ വന്നു. അങ്ങനെ അന്ന് ഐക്യകേരളം പിറന്നു. 1949 ജൂലായ് 1-ന് തിരുവിതാംകൂർ-കൊച്ചി സംയോ ജനം നടന്നിരുന്നു. പഴയ തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന തോവാള, കൽക്കുളം, അഗസ്തീശ്വരം, വിളവംകോട് താലൂക്കുകളും ചെങ്കോട്ടയുടെ ഏതാനും ഭാഗങ്ങളും മദ്രാസ് സംസ്ഥാനത്തിനു വിട്ടുകൊടുക്കേണ്ടിവന്നു. മദ്രാസിന്റെ ഭാഗമായിരുന്ന മലബാറും തെക്കൻ കർണ്ണാടക ജില്ലയിലെ കാസർകോട് താലൂക്കും തിരു-കൊച്ചിയോടു ചേർത്തു കേരള സംസ്ഥാനത്തിനു രൂപം നൽകി. കന്യാകുമാരി മുതൽ ഗോകർണ്ണം വരെ നീണ്ടുകിടക്കുന്ന കേരളം എന്ന ചൊല്ല് പഴഞ്ചൊല്ലായി.

(തുടരും)

കാട്ടാക്കട

■ ഡോ. വിളക്കുടി രാജേന്ദ്രൻ

തിരുവനന്തപുരം ജില്ലയിലെ ഒരു താലൂക്കും അതിന്റെ ആസ്ഥാനമായ ചെറുപട്ടണവും. നെടുമങ്ങാടിനും നെയ്യാറ്റിൻകരയ്ക്കും മധ്യേയുള്ള വാണിജ്യവ്യാപാരകേന്ദ്രം. തിരുവനന്തപുരത്തുനിന്ന് 19 കി.മീ. തെക്കുകിഴക്കാണ് ആസ്ഥാനം.

സ്ഥലനാമോൽപത്തി

വനത്തിൽ വളരുന്ന കാട്ടാലിന്റെ (wild Banyan) പേരിൽ നിന്നാണ് ഈ നാട്ടുപേരുണ്ടായത്. കാട്ടാൽ+കട. കട=അതിർത്തി. കാട്ടാൽ അതിർത്തിയായുള്ള വനപ്രദേശം എന്നർത്ഥം. കാട്ടാൽ എന്നതിലെ 'ൽ' സന്ധിയിൽ ലോപിച്ച് കാട്ടാക്കടയായി. വനാതിർത്തിയായിരുന്ന ഇവിടെ വളർന്ന പന്തലിച്ച ഒരു കാട്ടാൽ ഉണ്ടായിരുന്നുവെന്ന് പഴമക്കാർ ഓർമ്മിക്കുന്നു. വനം വെട്ടിത്തെളിച്ച് ജനാധിവാസം വ്യാപിച്ചപ്പോൾ കാട്ടാലിന്റെ ചുറ്റിലുമായി കടകമ്പോളങ്ങൾ സ്ഥാപിതമായി. ഇതാണ് കാട്ടാക്കട എന്ന പേരിനു കാരണമെന്ന് ചിലർ പറയുന്നു.

കാട്+കട കാട്ടാക്കടയായി എന്നാണ് സ്ഥലനാമഗവേഷകനായ ഡോ.എൻ.ആർ. ഗോപിനാഥപിള്ളയുടെ അഭിപ്രായം. ‘ആ’സന്ധായകമായി മധ്യത്തിൽ വന്നതാണ്. വനാതിർത്തി എന്നർത്ഥം. നെയ്യാർ ഡാമും (കള്ളിക്കാട് പഞ്ചായത്ത്) കോട്ടൂർ ആനത്താവളവും (കുറ്റിച്ചൽ പഞ്ചായത്ത്) കേരളത്തിലെ ആദ്യത്തെ തുറന്ന ജയിലായ നെട്ടുകാൽത്തേരിയും (കള്ളിക്കാട് പഞ്ചായത്ത്) ഈ താലൂക്കിലാണ്.

കാട്ടാക്കട ജംഗ്ഷനടുത്ത് ‘കാട്ടാൽ ശാസ്താക്ഷേത്രം’ സ്ഥിതി ചെയ്യുന്നു. നാട്ടുപേര് ‘കാട്ടാലി’നെ വിഴുങ്ങിയെങ്കിലും ക്ഷേത്രനാമം അതിനെ സംരക്ഷിച്ചിരിക്കുന്നു. □

ചിങ്ങമാസ ചിന്തകളിലൂടെ മനസ്സുകൊണ്ടൊരു സഞ്ചാരം

■ **മുരളീധരൻ തഴക്കര**

ചിങ്ങംപിറന്നാൽ മാവേലിത്തമ്പുരാന്റെ ഓണത്തേര് വരുന്നതിനായി മലയാളി കാത്തിരിക്കുകയാണ്, ഓണത്തിന്റെ വിളംബരവുമായി. ചിങ്ങമെത്തിയാൽ ആദ്യം അണിഞ്ഞൊരുങ്ങുന്നത് പ്രകൃതിയാണ്. മാഞ്ഞുപോയ കാർമേഘമാലകൾ ചൂട്ടുകൊണ്ട് നമ്മെ അസ്വസ്ഥരാക്കാത്ത പൊൻവെയിൽ. എങ്ങു നിന്നൊക്കെയോ പാറിവരുന്ന ഓണത്തുമ്പികൾ, കുപ്പയിലും മാണിക്യമുണ്ടാകാം എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്നു. എവിടെയും വിരിയുന്ന നാട്ടുപൂക്കൾ... ഇതൊരു തയ്യാറെടുപ്പാണ്! ഇതാ ഓണം വരവായി എന്ന ഒരു ഓർമ്മപ്പെടുത്തൽ.

ചിങ്ങം ഒരു മാസം പിറക്കലല്ല മനസ്സിൽ വസന്തത്തിന്റെ തിരനോട്ടമാണ്. മണ്ണ് തിരിച്ചറിയും മുമ്പേ മനസ്സ് ഓണത്തെ മാടിവിളിക്കുന്ന മാസം. അകത്തെവിടെയോ അദൃശ്യഘടികാരത്തിൽ ഓണത്തിന്റെ വരവറിയിക്കുന്ന മണിമുഴങ്ങും. ആഴങ്ങളിൽ നിന്നും അപൂർവ്വ രത്നങ്ങൾ മുകളിലെത്തി തിളങ്ങും പോലെ പല നിറത്തിൽ പലതരത്തിൽ പൂക്കൾ വിടരും. വെയിൽ തിളങ്ങും. ഏതോ വിദൂരസ്വപ്നഭൂമിയിൽനിന്നും തുമ്പികൾ പാറിവരും. ചക്രവാളസീമയിൽ നിന്ന് ആകാശത്തിന്റെ നീലക്കുടചൂടി സമത്വത്തിന്റെ തമ്പുരാൻ വരുന്നതിന്റെ ഒരുക്കം!

ചുണ്ടു പഴുത്തുതുടങ്ങിയ, വിളഞ്ഞു കൊയ്ത്തിന് പാകമെത്തിയ നെല്ല് കാറ്റിൽ ആടിയുലഞ്ഞു കുമ്പിട്ടുനിൽക്കുന്ന വയലുകൾ കമനീയമായൊരു ചിങ്ങമാസകാഴ്ചയാണ്. കൊങ്ങിണിയും കലമ്പോട്ടിയും മഞ്ഞക്കോളാമ്പിയും ചെമ്പരത്തിയും അരിപ്പൂവും എണ്ണക്കാടനും തുടങ്ങിയുള്ള നാനാജാതി നാട്ടുപൂക്കൾ വിടർന്നു വിലസി പൊന്നിൻ ചിങ്ങത്തെ പൂചൂടിക്കും. ഓണത്തിന് കിളച്ചെടുക്കാൻ പാകത്തിൽ തണ്ടു പട്ടു തുടങ്ങിയ ചേമ്പും ചേനയും മരച്ചീനിയും മുറിച്ചെടുക്കാൻ പാകത്തിൽ നന്നായി വിളഞ്ഞ പൊതിഞ്ഞു കെട്ടിനിർത്തിയിരിക്കുന്ന നേന്ത്രക്കുലയുമെല്ലാം കാർഷിക സമ്പൽസമൃദ്ധിയേകുന്ന വിളവെടുപ്പുകാലമാണ് ചിങ്ങമാസം.

വിരിപ്പ് നെല്ല് കൊയ്ത്ത് വീടിന്റെ തിരുമുറ്റത്ത് തന്നെ കളംകയറി നെല്ലും വൈയ്ക്കോലും നിറയുന്ന കാലം. അറയും പറയും പത്തായവും

...എന്ന് വായനക്കാർ

കൊവിഡ് വാക്സിനേഷൻ പ്രധാനം

കൊവിഡിന് കാരണ ഹേതുവായ വൈറസിനെക്കുറിച്ചും അവയുടെ ജനിതക വ്യതിയാനങ്ങളെക്കുറിച്ചും വിജ്ഞാനപ്രദമായ ഒരു ലേഖനമായിരുന്നു പഞ്ചായത്ത് രാജ് മാസികയുടെ മെയ് ലക്കത്തിൽ പ്രസിദ്ധീകരിച്ച ഡോ. ചിന്തയുടെ ലേഖനം. വീട്ടുകളിൽ രോഗീപരിചരണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും വാക്സിനേഷന്റെ ആവശ്യകതയെക്കുറിച്ചും ലേഖനത്തിൽ വിശദമായി പ്രതിപാദിച്ചിരുന്നു. കൊവിഡ് മഹാമാരിയെ പൂർണമായും കീഴ്പ്പെടുത്തുവാത്താൻ കഴിയാത്ത സാഹചര്യത്തിൽ മുഴുവനാളുകളും വാക്സിനേഷൻ സ്വീകരിച്ചെങ്കിൽ മാത്രമേ രോഗത്തെക്കുറിച്ചുള്ള ഭയപ്പാടുകൾ ഇല്ലാതെ നമുക്ക് ജീവിക്കാൻ കഴിയുകയുള്ളൂ. ഒരു തദ്ദേശഭരണ സ്ഥാപന പ്രദേശത്തെ മുഴുവൻ പേരും വാക്സിനേഷൻ സ്വീകരിക്കുന്നുവെന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം ഉറപ്പുവരുത്തണം. അതുപോലെ തന്നെ കഴിയുമെങ്കിൽ വാക്സിനേഷൻ നൽകുന്നതിനായി തദ്ദേശഭരണ സ്ഥാപന തലത്തിൽ സെന്ററുകൾ ഏർപ്പെടുത്താനും മുൻകൈയെടുക്കണം. ക്വാറന്റയിൻ സെന്ററുകളും സി.എഫ്.എൽ.ടി.സി. കളും ഡി.സി.സി. കളും സംഘടിപ്പിച്ചുകൊണ്ട് കൊവിഡിനെ പ്രതിരോധിക്കാൻ മാതൃകാ പ്രവർത്തനം കാഴ്ചവച്ചവരാണ് നമ്മുടെ തദ്ദേശഭരണസ്ഥാപനങ്ങൾ. അത്രയും തന്നെ പ്രാധാന്യമുള്ള വാക്സിനേഷൻ നൽകലും ഉത്തരവാദിത്വമായി ഈ സ്ഥാപനങ്ങൾ ഏറ്റെടുക്കണം. മഹാമാരിയെ പൂർണമായും നിയന്ത്രിക്കുന്നതിനുവേണ്ടി നമുക്ക് കൈകോർക്കാം.

സുരേഷ് കുമാർ, തിരുവനന്തപുരം

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

പുന്നെല്ല് നിറയുന്ന സന്തോഷം. ചിക്കുപായയിൽ മെതിച്ചു കൂട്ടിയിരിക്കുന്ന പൊലി അളന്ന് പതവും തീർപ്പും വാങ്ങി കുട്ടയും വട്ടിയും പുട്ടലും നിറയുമ്പോൾ പണിയാളരുടെ അകംകുളിർക്കുന്ന കാലം, തട്ടിൻപുറത്തും തേങ്ങാക്കൂട്ടിലും കരുതിവച്ചിരിക്കുന്ന ഉണക്കത്തേങ്ങ ആട്ടിയെടുത്ത് ഉപ്പേരി വറക്കാനുള്ള വെളിച്ചെണ്ണ ഭരണിയിൽ അടച്ചുകെട്ടിവയ്ക്കുന്നതും ഈ സമയത്താണ്.

ചിങ്ങമാസത്തിനൊരു തനിമയാർന്ന മണമുണ്ട്. പുന്നെല്ലിന്റെയും മൂടകടഞ്ഞെടുത്ത വൈക്കോലിന്റെയും മണം, മുറ്റത്ത് ഉണക്കാനിട്ടിരിക്കുന്ന കൊപ്രയുടെ മണം, ആട്ടിയെടുത്ത വെളിച്ചെണ്ണയുടെ മണം, പൂത്തുലഞ്ഞു നിൽക്കുന്ന നാട്ടുപൂക്കളുടെ മണം, വെയിലിൽ ഉണങ്ങാനിട്ടിരിക്കുന്ന വിറകിന്റെ മണം. ഇവയെല്ലാം കൂടിച്ചേരുന്ന ജൈവഗന്ധമാണ് ചിങ്ങമാസത്തിന്റെ മണം.

ഉപ്പേരി വറക്കാനും ഓണസദ്യയൊരുക്കാനും വേണ്ട വിറകെല്ലാം കീറി ഉണക്കുന്നത് മഴ ശമിക്കുന്ന ചിങ്ങത്തോർച്ചയിലാണ്. ഓണവിറകെല്ലാം കീറിയോ? ഓണപ്പുഴക്കെല്ലാം കഴിഞ്ഞോ? എന്നാണ് സ്ത്രീകൾ പരസ്പരം കുശലാന്വേഷണം നടത്തുന്നതുതന്നെ.

ചായ്പിലിരിക്കുന്ന ഈയം പൂശിയ വലിയ കുട്ടകം പുറത്തെടുക്കുകയും മുറ്റത്ത് മൂന്ന് കല്ലെടുത്തുവെച്ച് അടുപ്പുകൂട്ടുകയും ചെയ്യുമ്പോൾ അത് കുട്ടികൾക്ക് ഓണത്തിന്റെ സിഗ്നലായിരുന്നു. പത്തായത്തിൽനിന്നും നെല്ലളന്നെടുത്ത് മുറ്റത്ത് കൂട്ടിയ അടുപ്പിൽ വച്ച കുട്ടകത്തിൽ നിറച്ച് ചൂട്ടും കരിയിലയും തണ്ടും വച്ച് നെല്ല് പുഴുങ്ങുന്ന അമ്മയുടെ മുഖം ചിങ്ങമാസമെത്തുമ്പോൾ ഓണനിലാവ് പോലെ മനസ്സിൽത്തെളിയും. പുഴക്കനെല്ല് ചിക്കുപായിൽ നിരത്തി അതിന് കാക്കയാട്ടി കാവലിരുന്ന ബാല്യം എങ്ങനെ മറക്കാൻ കഴിയും. കുനിഞ്ഞുനിന്ന് കൈപ്പത്തി മുകളിലും താഴെയുമായി ചേർത്തുപിടിച്ച് നെല്ല് ചിക്കുന്നതും, നെല്ലിന്റെ ഉണക്ക നോക്കുന്നതും ഒരു കൗതുക കാഴ്ചയായിരുന്നു. നെല്ലുണക്കാനിട്ടിരിക്കുന്ന പായയിൽ കയറി നിന്ന് ഉപ്പൂറ്റി അമർത്തി ഒന്നു കറങ്ങുമ്പോൾ നെല്ലിന്റെ ഉമി മാറിക്കിട്ടും. ഉമി കളഞ്ഞെടുത്ത അരി കൊറിച്ചുനോക്കി പുഴക്കനെല്ലിന്റെ ഉണക്ക് കൃത്യമായി തിട്ടപ്പെടുത്തുന്ന അമ്മ.

യാതൊന്നിനും വിപണിയെ ആശ്രയിക്കാതെ എല്ലാം തൊടിയിൽ നിന്നും വയലിൽ നിന്നും തരപ്പെടുത്തി ഓണമൊരുക്കിയിരുന്ന പഴയകാലത്ത് ഗ്രാമീണതയുടെയും സ്വാശ്രയത്വത്തിന്റെയും നന്മയും സുഖവുമുണ്ടായിരുന്നു ഓണാഘോഷങ്ങൾക്ക്. ഓണത്തിന്റെ മുന്നൊരുക്കങ്ങളുമായി സദാ ചടുലതയോടെ പ്രത്യാശയോടെ പണിയെടുക്കുന്ന അമ്മമാരുടെ നന്മയെ ഓർമ്മിപ്പിക്കുന്ന മാസം കൂടിയാണ് ചിങ്ങം!

ഇതിനെല്ലാം ഒരു അനുബന്ധം കൂടിയുണ്ട്. ഈ പറഞ്ഞ ചിങ്ങമാസ നന്മകളെല്ലാം പണ്ടത്തെ കാര്യമാണ്. വലിയ കുടവയറും വലിയ കൊമ്പൻ മീശയുമുള്ള പേരിനൊരു ഓലക്കുടയും പിടിച്ച് കടന്നുവരുന്ന കച്ചവടക്കാരുടെ 'ബ്രാൻഡ് അംബാസഡറായി' വികൃതമാക്കപ്പെട്ട മഹാബലിചക്രവർത്തി, വലിയ കിഴിവുകളും സമ്മാനങ്ങളും നൽകി എല്ലാം വിറ്റഴിക്കപ്പെടുന്ന വിപണന മേളകൾ - ഈ നിലയിലേക്ക് നമ്മുടെ കാർഷികോത്സവമായ ഓണം പരിവർത്തിക്കപ്പെടുന്നതിന് മുമ്പുള്ള ചിങ്ങമാസ നന്മകളാണ് ഓർമ്മയിൽ നിന്ന് ചികഞ്ഞെടുത്തത്.

പക്ഷേ, ഇതാ ഇക്കുറിയും കഴിഞ്ഞ വർഷവും ഓണം കൊവിഡ് ദുരന്തമുഖത്തായിരുന്നു - ഓണവും അക്ഷരാർത്ഥത്തിൽ ലോക്ക്ഡൗണിലായി! വീട്ടകങ്ങളിൽ ഒരുമിച്ചിരുന്ന് ഓണസദ്യയുണ്ണുവാനും, കുട്ടിക്കൂട്ടങ്ങൾക്ക് ചില്ലാട്ടം പറന്ന് ഒന്ന് ഊഞ്ഞാലാടുവാനും പരസ്പരം അടുത്തിരുന്ന് അത്തപ്പൂക്കളമിടുവാനും എല്ലാ ഓണാഘോഷങ്ങൾക്കും എന്തിനേറെ നിരത്തിലിറങ്ങി ഉച്ചത്തിൽ ഒന്ന് ആർപ്പുവിളിക്കാൻപോലും കഴിയാത്ത 'ഡബിൾ മാസ്കിട്ട്' കടന്നുവന്ന തിരുവോണം. സമത്വത്തിന്റെ തമ്പുരാനായ മാവേലിയും ഇക്കുറിയും വീഡിയോ കോൺഫറൻസിലൂടെ തന്റെ പ്രിയ പ്രജകളെ കണ്ടുമടങ്ങേണ്ട ഗതികേടിലായി. കള്ളവും ചതിയും കള്ളപ്പറയും പൊളിവചനവും ആഡംബരവും അത്യാർത്തിയും നിറഞ്ഞ നമ്മുടെ വർത്തമാനകാല ജീവിതരീതിയും മാനസികാവസ്ഥയും മാറി പഴയ നന്മ നിറഞ്ഞ മാവേലിക്കാലത്തിന്റെ ചിന്തയും പ്രവൃത്തിയും പുനർജ്ജനിക്കാൻ ഈ ദുരന്തമുഖത്തെ ഓണം പ്രേരണയായെങ്കിൽ.

□

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) August 2021
Annual Subscription ₹120, Published on 20 August 2021

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20



Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: H. Dineshan IAS